# എക്സ്പ്രസ് ഹെറാൾഡ്

EXPRESS HERALD
CHRISTIAN CULTURAL ONLINE NEWS PAPER

www.expressherald.com

Christian Cultural newspaper

For Private circulation only | 11 Pages | Vol. XX Issue 65 2025 February


# വൈറ്റ്ഹൗസിലെ വിസ്മയക്കാഴ്ചകൾ

**പിടി ചാക്കോ**





225 വർഷം ലോകത്തിന്റെ ഗതിവിഗതികളെ നിയന്ത്രിക്കുന്ന ശക്തികേന്ദ്രത്തിൽ കാലുകുത്തിയപ്പോൾ നേരിയ വിറയിൽ തോന്നിയെങ്കിലും പിന്നീടെല്ലാം ഊഷ്മളമായിരുന്നു. മൂന്നു തട്ടുള്ള സുരക്ഷാ പരിശോധന കഴിഞ്ഞ് അകത്തു കടന്നപ്പോൾ പ്രത്യക്ഷത്തിൽ വലിയ സുരക്ഷാസംവിധാനമൊന്നും അവിടെ കണ്ടില്ല. ലോകത്തിലേറ്റവും സുരക്ഷാഭീഷണിയുള്ള വൈറ്റ്ഹൗസിലെ വൻ സുരക്ഷാ സന്നാഹങ്ങൾ സാങ്കേതിക വിദ്യയിലധിഷ്ഠിതമായതിനാൽ നഗ്ന നേത്രങ്ങൾക്ക് കാണാനായില്ല. കറുത്ത യൂണിഫോമിലുള്ള അമേരിക്കൻ സീക്രട്ട് സർവീസിനാണ് വൈറ്റ് ഹൗസിന്റെ സുരക്ഷാ ചുമതല. അവർ സന്ദർശകരോട് ഊഷ്മളമായി ഇടപെടുന്നു. കാലോചിതമായ പരിഷ്കാരങ്ങൾ ഉണ്ടായതൊഴിച്ചാൽ വൈറ്റ് ഹൗസിന്റെ പഴമയും പ്രൗഢിയും ലാളിത്യവും നിലനിർത്തിയിട്ടുണ്ട്.

വൈറ്റ്ഹൗസിന് ഈസ്റ്റ് വിംഗ്, വെസ്റ്റ് വിംഗ് എന്നിങ്ങനെ പ്രധാനപ്പെട്ട രണ്ടു ഭാഗമുണ്ട്. സാധാരണഗതിയിൽ ഈസ്റ്റ് വിംഗിലാണ് സന്ദർശനാനുമതി. അപൂർവമായി ഓവൽ ഓഫീസ് ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ഓഫീസുകളുള്ള വെസ്റ്റ് വിംഗിലും സന്ദർശനാനുമതി ലഭിക്കാറുണ്ട്. വാഷിംഗ്ടൺ ഡിസിയിൽ വെറും 18.7 ഏക്കറിൽ സ്ഥിതി ചെയ്യുന്ന ഇരുനില വൈറ്റ്ഹൗസ് കെട്ടിടം 99,800 ചതുരശ്ര അടി വരും. ഏതാണ്ട് തിരുവനന്തപുരം സെക്രട്ടേറിയറ്റിന്റെ അത്ര വലുപ്പം. 1812ൽ ബ്രിട്ടീഷുകാർ തീയിട്ട് നശിപ്പിച്ചതിനെ തുടർന്ന് പുനർനിർമിച്ചപ്പോൾ കറുത്ത പാടുകൾ മറയ്ക്കാൻ വെള്ളപെയിന്റ് അടിച്ചാണ് വൈറ്റ്ഹൗസായത്.

ഒന്നാം നിലയിൽ അമേരിക്കൻ പ്രസിഡന്റിന്റെ ഇരിപ്പിടമായ ഓവൽ ഓഫീസിന് 816 അടി വലിപ്പമേയുള്ളു. മുട്ടയുടെ ആകൃതിയിൽ ദീർഘവൃത്താകൃതി ഉള്ളതിനാലാണ് ഓവൽ ഓഫീസ് എന്ന പേരു വീണത്. സീക്രട്ട് സർവീസിലെ ഒരാൾ മാത്രമാണ് ഓവൽ ഓഫീസിനു കാവൽ നിന്നിരുന്നത്. പ്രസിഡന്റ് മാറിയാലും ഓവൽ ഓഫീസിനു കാര്യമായ മാറ്റങ്ങളില്ല. എന്നാൽ, പ്രസിഡന്റിന്റെ അഭിരുചിക്കനുസരിച്ച് കർട്ടൻ, പരവതാനി, പെയിന്റിംഗ് തുടങ്ങിയവ മാറാറുണ്ട്. ജോ ബൈഡൻ അമേരിക്കൻ പ്രസിഡന്റിന്റെ എംബ്ലം പതിച്ച കടുംനീല ഓവൽ ആകൃതിയുള്ള പരവതാനി ഉപയോഗിക്കുന്നു. കർട്ടനുകൾക്ക് സ്വർണവർണം. ട്രംപിന്റെ മാറ്റങ്ങൾക്ക് ഓവൽ ഓഫീസ് കാത്തിരിക്കുന്നു.

ഓവൽ ഓഫീസിൽ ഏറ്റവും പ്രാധാന്യമുള്ളത് പ്രസിഡന്റിന്റെ മേശയും കസേരയുമാണ്. റസലൂട്ട് ഡസ്ക് എന്നാണിത് അറിയപ്പെടുന്നത്. മുൻ പ്രസിഡന്റ് ട്രംപ് ഉപയോഗിച്ച അതേ ഡസ്കാണ് ബൈഡനും ഉപയോഗിച്ചത്. എച്ച്എംഎസ് റസലൂട്ട് എന്ന കപ്പലിലെ ഓക്ക് തടിയിൽ തീർത്ത് 1880ൽ ബ്രിട്ടനിലെ വിക്ടോറിയ രാജ്ഞി സമ്മാനിച്ച ഡസ്കാണിത്. അമേരിക്കയിൽ ഏറ്റവും ദീർഘകാലം പ്രസിഡന്റായിരിക്കുകയും (1933–1945) മഹാസാമ്പത്തിക മാന്ദ്യത്തേയും രണ്ടാം ലോകമഹായുദ്ധത്തെയും വിജയകരമായി നേരിടുകയും ചെയ്ത ഫ്രാങ്ക്ളിൻ റൂസവെൽറ്റിന്റെ വലിയ പെയിന്റിംഗ് പ്രസിഡന്റിന്റെ നേരേ എതിർവശത്തുണ്ട്. പരസ്പരം അറിയപ്പെട്ടിരുന്ന മുൻ പ്രസിഡന്റ് തോമസ് ജെഫേഴ്സന്റെയും അദ്ദേഹത്തിന്റെ ട്രഷറി സെക്രട്ടറി ഹാമിൽട്ടന്റെയും എതിർവശങ്ങളിലേക്കു നോക്കിയിരിക്കുന്ന പെയിന്റിംഗ് വ്യത്യസ്ത ആശയങ്ങൾക്ക് ജനാധിപത്യത്തിൽ ഇടമുണ്ടെന്ന സന്ദേശം നല്കുന്നു. ഏതാനും പ്രമുഖരുടെ അർധകായ പ്രതിമകളും മുറിയിലുണ്ട്. ചന്ദ്രനിൽനിന്നുകൊണ്ടുവന്ന പാറക്കഷണങ്ങൾ ബുക്ക് ഷെൽഫിൽ വച്ചിരിക്കുന്നു.

വെള്ള മാർബിളിലുള്ള ഫയർ പ്ലേസ്, അമേരിക്കൻ പ്രസിഡന്റിന്റെ സീൽ, മേശയ്ക്കു പിറകിലുള്ള അമേരിക്കൻ പതാക, പ്രസിഡന്റിന്റെ പതാക എന്നിവ മാറാറില്ല. തൊട്ടടുത്തുള്ള കാബിനറ്റ് റൂമിൽ നടക്കുന്ന പ്രതിവാര മന്ത്രിസഭായോഗത്തിൽ 25 പേരാണ് പങ്കെടുക്കുന്നത്. മധ്യത്തിലുള്ള പ്രസിഡന്റിന്റെ കസേരയ്ക്ക് നേരിയ ഉയരക്കൂടുതലുണ്ട്. നേരേ എതിർവശത്ത് വൈസ് പ്രസിഡന്റിന്റെ കസേര. മുൻ പ്രസിഡന്റുമാരുടെ ഛായചിത്രങ്ങൾ ഭിത്തിയിൽ ഇടംപിടിച്ചിരിക്കുന്നു. 1776 ജൂലൈ 4ന് നടന്ന അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനവും ഭിത്തിയിലുണ്ട്.

ഇതിനോടു ചേർന്നാണ് റൂസ് വെൽറ്റ് റൂം. തിയഡോർ റൂസ് വെൽറ്റ് അമേരിക്കൻ പ്രസിന്റായിരുന്നപ്പോൾ 1902ലാണ് വെസ്റ്റ് വിംഗ് തുടങ്ങിയത്. അന്ന് അമേരിക്കൻ പ്രസിഡന്റിന്റെ ഓഫീസായിരുന്ന ഈ മുറി അദ്ദേഹത്തിന്റെ പേരിൽ പിന്നീട് നാമകരണം ചെയ്തു. അദ്ദേഹം ഇതിൽ അക്വേറിയം സൂക്ഷിച്ചിരുന്നതിനാൽ 'ഫിഷ് റൂം' എന്നും അറിയപ്പെടുന്നു. റൂസ് വെൽറ്റാണ് നൊബേൽ സമ്മാനം കിട്ടിയ ആദ്യത്തെ അമേരിക്കനും ആദ്യത്തെ സിറ്റിംഗ് പ്രസിഡന്റും. നൊബേൽ സമ്മാനം ഈ മുറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

താഴത്തെ നിലയിലുള്ള സിറ്റിയുവേഷൻ റൂമിലാണ് നിർണായക സമയങ്ങളിൽ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ യോഗം ചേരുന്നത്. 24 മണിക്കൂറും ലോകമെമ്പാടുമുള്ള സംഭവങ്ങൾ ഇവിടെനിന്ന് വീക്ഷിക്കുന്നു. 1961 ൽ ക്യൂബൽ മിസൈൽ പ്രതിസന്ധി ഉണ്ടായപ്പോൾ അന്നത്തെ പ്രസിഡന്റ് ജോൺ എഫ് കെന്നഡിയാണ് വൈറ്റ് ഹൗസിലേക്ക് നേരിട്ട് വിവരങ്ങൾ ലഭിക്കാൻ ഈ മുറി തുടങ്ങിയത്. വൈസ് പ്രസിഡൻിന്റെ മൂന്നു മുറികളിലൊന്ന്, നേവി മെസ്, ഫോട്ടോ ഓഫീസ് എന്നിവയും താഴത്തെ നിലയിലുണ്ട്.

വൈറ്റ് ഹൗസിലെ റോസ് ഗാർഡനാണ് മറ്റൊരു ആകർഷണം. 1913ൽ ലേഡി എലൻ വിൽസനാണ് ടുലിപ് പൂക്കളും റോസാപ്പൂക്കളും നിറഞ്ഞ പൂന്തോട്ടം തുടങ്ങിയത്. നീന്തൽ കുളം, കിച്ചൺ ഗാർഡൻ, കുട്ടികളുടെ പൂന്തോട്ടം, വിശാലമായ പുൽത്തകിടി തുടങ്ങിയവ ഇവിടെയുണ്ട്. ഈസ്റ്റ് വിംഗിലെ ജാക്വിലിൻ കെന്നഡി ഗാർഡനാണ് ഒന്നുകൂടി ഗംഭീരം. ഡിന്നറുകളും പത്രസമ്മേളനവുമൊക്കെ അപൂർവമായി ഗാർഡനിൽ നടത്താറുണ്ട്. ജോൺ എഫ് കെന്നഡിയുടെ പത്നിയായിരുന്ന ജാക്വിലിൻ കെന്നഡിയാണ് വൈറ്റ്

ശേഷം പേജ് 7 ▶▶

# ഫ്രാൻസിസ് മാർപാപ്പയ്ക്ക് പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം പ്രസിഡന്റ് ബൈഡൻ സമ്മാനിച്ചു

**പി പി ചെറിയാൻ**



വാഷിംഗ്ടൺ : ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് ബൈഡൻ പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം നൽകി ആദരിച്ചു.അദ്ദേഹം ഇതുവരെ നൽകിയിട്ടുള്ള ഒരേയൊരു പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം ആണിത്.

ശനിയാഴ്ച ഒരു ഫോൺ കോളിനിടെ പ്രസിഡന്റ് ജോ ബൈഡൻ ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് മികച്ച പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം നൽകി ആദരിച്ചതായി വൈറ്റ് ഹൗസ് പറയുന്നു

'ഫ്രാൻസിസ് മാർപ്പാപ്പ, നിങ്ങളുടെ എളിമയും കൃപയും വാക്കുകൾക്ക് അതീതമാണ്, എല്ലാവരോടുമുള്ള നിങ്ങളുടെ സ്നേഹം സമാനതകളില്ലാത്തതാണ്,' ബൈഡൻ എക്സിൽ പോസ്റ്റ് ചെയ്തു. 'ജനങ്ങളുടെ പോപ്പ് എന്ന നിലയിൽ, ലോകമെമ്പാടും പ്രകാശിക്കുന്ന വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും ഒരു പ്രകാശമാണ് നിങ്ങൾ.'

ശേഷം പേജ് 4 ▶▶

# മിസോറി സംസ്ഥാന ഹൈവേക്ക് രക്തസാക്ഷികളായ മിഷനറിമാരുടെ പേരിടുന്ന ബിൽ അവതരിപ്പിച്ചു

മിസോറിയിലെ ഹൈവേ 60 ന്റെ ഒരു ഭാഗത്തിന് കഴിഞ്ഞ വർഷം ഹെയ്തിയിൽ കൊല്ലപ്പെട്ട രണ്ട് മിഷനറിമാരുടെ പേരുകൾ പുനർനാമകരണം ചെയ്യുന്ന നിയമം മിസോറി സംസ്ഥാന പ്രതിനിധി ബെൻ ബേക്കർ വ്യാഴാഴ്ച അവതരിപ്പിച്ചു. ബേക്കറിന്റെ മകൾ, 21 കാരിയായ നതാലി ലോയ്ഡും, 23 കാരനായ ഭർത്താവ് ഡേവി ലോയ്ഡും, പോർട്ട്ഔപ്രിൻസിലെ ഒരു മിഷനിൽ സേവനമനുഷ്ഠിക്കുന്ന ഒരു യുവ ദമ്പതികളായിരുന്നു. 2024 മെയ് 23 ന് ഹെയ്തിയൻ സംഘാംഗങ്ങൾ അവരെ വെടിവച്ചു കൊന്നു. മിഷന്റെ ഡയറക്ടറായ ജൂഡ് മോണ്ടിസിനെ (47) അക്രമികൾ കൊലപ്പെടുത്തി.

ബേക്കർ ഹൗസ് ബിൽ 810 അവതരിപ്പിച്ചു. നിയോഷോ നഗരത്തിനടുത്തുള്ള ഹൈവേ 60 ന്റെ ഒരു ഭാഗത്തെ ലോയ്ഡ് മെമ്മോറിയൽ ഹൈവേ എന്ന് പുനർനാമകരണം ചെയ്യുമെന്ന് ബിൽ പറയുന്നു. നിയോഷോ നഗരത്തിന് പുറത്ത്, കൊഡിയാക് റോഡ് മുതൽ സെമിത്തേരി റോഡ് വരെയുള്ള മൂന്ന് മൈൽ ഭാഗത്തെ ബിൽ നിയുക്തമാക്കുന്നു. ഹൈവേയുടെ നിയുക്ത വിഭാഗത്തിനായി അടയാളങ്ങൾ സ്ഥാപിക്കാൻ മിസോറി ഗതാഗത വകുപ്പിനെ ബിൽ അധികാരപ്പെടുത്തും. അടയാളങ്ങൾ സ്വകാര്യ സംഭാവനകളിലൂടെ നൽകും. മുമ്പ് ട്വിറ്റർ എന്നറിയപ്പെട്ടിരുന്ന Xലെ ഒരു സോഷ്യൽ മീഡിയ പോസ്റ്റിൽ പ്രതിനിധി ബേക്കർ ബിൽ പ്രഖ്യാപിച്ചു.

കൊലപാതകങ്ങൾ എങ്ങനെയാണ് നടന്നത്? പോർട്ട്ഔപ്രിൻസിലെ ഒരു പള്ളി പരിപാടിയിൽ നിന്ന് പുറത്തുപോയ ശേഷം ലോയ്ഡ്സും മോണ്ടിസും ഹെയ്തിയൻ സംഘാംഗങ്ങളുടെ വെടിയേറ്റ് മരിച്ചു. ഈ യുവ ദമ്പതികൾ മിഷൻസ് ഇൻ ഹെയ്തി ഇൻകോർപ്പറേറ്റഡിൽ മുഴുവൻ സമയ മിഷനറിമാരായി സേവനമനുഷ്ഠിച്ചിരുന്നു. പോർട്ട്ഔപ്രിൻസിന്റെ വടക്കുവശത്തുള്ള ബോൺ റെപോസ് പരിസരത്തുള്ള ഒരു കോമ്പൗണ്ടിൽ കുട്ടികൾക്കായി ഒരു സ്കൂൾ, പള്ളി, ബേക്കറി, ഷെൽട്ടറുകൾ എന്നിവ സംഘടന നടത്തിയിട്ടുണ്ട്.

# EDITORIAL

## പെന്തെക്കോസ്ത് കൺവൻഷൻ വേദികളിൽ വ്യക്തികളെ ഉയർത്തുന്നതിന് പകരം ദൈവത്തെ ഉയർത്തുക

കേരളത്തിൽ ഇപ്പോൾ പെന്തെക്കോസ്ത് സഭകളുടെ ജനറൽ കൺവൻഷനും പ്രാദേശീക സഭകളുടെ കൺവൻഷനും തുടക്കം കുറിച്ചിരിക്കുകയാണ്. ഉദ്ദേശ ശുദ്ധി നല്ലതാണെങ്കിൽ കൺവൻഷൻ അനുഗ്രഹമായി ഭവിക്കും. കൺവൻഷൻ അനുഗ്രഹകരമായി തീരണമെങ്കിൽ ഒരുക്കം ആവശ്യമാണ്. പ്രാർത്ഥനയാണ് പ്രധാനഘടകം. പ്രാർത്ഥനയിൽ കൂടി ദൈവഹിതം ലഭ്യമായതിനു ശേഷം തീരുമാനങ്ങൾ എടുക്കുക. സുവിശേഷയോഗങ്ങളിൽ നിർമ്മല സുവിശേഷമാണ് പ്രഘോഷിക്കപ്പെടേണ്ടത്. പ്രത്യുത അതിൽ മായം കലർത്താൻ പാടില്ല. വേദപരിജ്ഞാനം സിദ്ധിച്ചവരെ മാത്രം പ്രസംഗകരായി തെരഞ്ഞെടുക്കുക.

മനുഷ്യമനസിന് സാന്ത്വനം പകരുന്ന ആത്മീയ ഗാനങ്ങളാണ് വേദികളിൽ ഉയരേണ്ടത്. പരിശുദ്ധാത്മ നിറവിൽ ഗാനശുശ്രൂഷ നിർവ്വഹിക്കുന്നവരായിരിക്കണം ഗാനങ്ങൾ ആലപിക്കേണ്ടത്. ഇന്നത്തെ കൺവൻഷൻ വേദികളിൽ പുതിയ ഗാനങ്ങൾ രചിച്ച് കൊണ്ടുവന്നു അവതരിപ്പിക്കാറുണ്ട്. ഭൂരിപക്ഷ ഗാനങ്ങളും അന്തരീക്ഷത്തിൽ ലയിച്ച് എങ്ങോപോയ് മറയുകയാണ്. നിലനില്പില്ലെന്ന് സാരം. നൂറ്റാണ്ടുകൾ പിന്നിട്ടാലും ഇന്നും ക്രൈസ്തവ സമൂഹം നേഞ്ചിലേറ്റിയ ഗാനങ്ങൾക്ക് മരണമില്ല. ജീവിതാനുഭവങ്ങളിൽ നിന്ന് ഒരുത്തിരിഞ്ഞ ഗാനങ്ങൾക്ക് ഒരിക്കലും മരണമില്ല.

കൺവൻഷൻ വേദികളിൽ വിശ്വാസികളുടെ സ്ഥാനമെന്താണ്? കൺവൻഷൻ നടത്തുന്നതിന് ലക്ഷക്കണക്കിന് രൂപയാണ് ആവശ്യം. വിശ്വാസികളാണ് പണം ഇതിലേക്ക് സംഭാവന ചെയ്യുന്നത്. ഭൂരിപക്ഷം സഭാ ശുശ്രൂഷകരും കൺവൻഷന്റെ ചെലവിലേക്ക് സംഭാവന ചെയ്യാറില്ലെന്നതാണ് യാഥാർത്ഥ്യം. സാമ്പത്തീക ഭദ്രതയുള്ള കൺവൻഷൻ പ്രസംഗകരും നല്ല തുക ലഭിച്ചില്ലെങ്കിൽ അവിടെ പ്രസംഗിക്കുവാൻ വിമുഖത കാട്ടുന്നവരാണ്. പ്രസംഗകരുടെ കൂട്ടത്തിൽ ജനറൽ കൺവൻഷനിൽ പ്രസംഗിക്കുന്നതിനായി പണം കൊടുത്ത് പ്രസംഗിക്കുന്നവരും ഇന്ന് വർദ്ധിച്ചുവരികയാണ്. പ്രസംഗകർക്ക് എല്ലാവർക്കും അറിവുള്ള കാര്യമാണ്, ഒരു വിഷയം എടുത്ത് പ്രസംഗിക്കണമെങ്കിൽ ഏറ്റവും കുറഞ്ഞ സമയപരിധി 45 മിനിറ്റ് ആക്കുന്നത് ഉചിതമായിരിക്കും. വചനപരിജ്ഞാനം സിദ്ധിച്ചവർ ഒരു മണിക്കൂർ പ്രസംഗിച്ചാൽ ശ്രോതാക്കൾക്ക് അത് വളരെ പ്രയോജനകരമായിരിക്കും. ഒരു മണിക്കൂറിനുള്ളിൽ ഒന്നിൽ കൂടുതൽ പാസ്റ്റർമാർക്ക് പ്രസംഗിക്കുവാൻ അവസരം കൊടുക്കുന്ന പാസ്റ്റർമാരുണ്ട്. ഇതിൽ ഗുണം പാസ്റ്റർക്കും നഷ്ടം വിശ്വാസികൾക്കുമാണ്. ഇത്തരത്തിലുള്ള പ്രവണത ഉപേക്ഷിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

വചനപരിജ്ഞാനം സിദ്ധിച്ച വിശ്വാസികളും പെന്തെക്കോസ്ത് സഭകളിലുണ്ട്. സഭയിലും സമൂഹത്തിലും നല്ല സാക്ഷ്യമുള്ള വിശ്വാസികളും ഇനി പെന്തെക്കോസ്ത് കൺവൻഷൻ വേദികളിൽ പ്രസംഗിക്കട്ടെ. കൺവൻഷൻ നടത്തുന്നതിനായി പന്തലിടുക, നോട്ടീസ് അടിച്ച് വിതരണം ചെയ്യുക, കൺവൻഷനിൽ പങ്കെടുക്കുന്നവർക്ക് സദ്യ ഒരുക്കുക, കൺവൻഷന്റെ ആവശ്യത്തിനായി ധനം വിനിയോഗിക്കുക തുടങ്ങിയ ഘടകങ്ങൾ എല്ലാം വിശ്വാസികൾ നിർവ്വഹിക്കുമ്പോൾ വചനപരിജ്ഞാനം സിദ്ധിച്ച വിശ്വാസികൾക്കും പ്രസംഗിക്കുവാൻ അവസരം കൊടുക്കുന്നത് ഉചിതമായിരിക്കും.

പെന്തെക്കോസ്ത് പ്രവാസി മലയാളികൾക്കും ജനറൽ കൺവൻഷനിൽ പ്രസംഗിക്കുവാൻ അവസരം കൊടുക്കുന്നതും ഉചിതമാണ്, കാരണം അവരാണല്ലോ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾക്കായി സംഭാവന നൽകുന്നവരിൽ ഒരു വിഭാഗം.


## Editorial Board

രാജു തരകൻ
(ചീഫ് എഡിറ്റർ)

തോമസ് മുല്ലയ്ക്കൽ
(എക്സിക്യൂട്ടിവ് എഡിറ്റർ)

ഷാജി മണിയാറ്റ്
(എക്സിക്യൂട്ടിവ് എഡിറ്റർ)

റവ. ഡോ. എ. യു ജോർജ്
(എക്സിക്യൂട്ടിവ് എഡിറ്റർ)

റവ. പി. പി. ചെറിയാൻ
(അസ്സോസിയേറ്റ് എഡിറ്റർ)

റവ പൊടിയൻ തോമസ്
(അസ്സോസിയേറ്റ് എഡിറ്റർ)

വാർത്തകൾ,
പരസ്യങ്ങൾ
മറ്റുരചനകൾ
അയയ്ക്കേണ്ട വിലാസം

news@expressherald.com |
www.expressherald.com

469 274 2926


# ഇവിടെ പറുദീസ വിടരും, പറുദീസ സുരഭില പറുദീസ

**ദീപ ജോസഫ്**





മനോഹരമായ ഒരു വർഷം കൂടി നമ്മെ പിന്നിട്ടിരിക്കുന്നു. നേട്ടങ്ങളും കോട്ടങ്ങളും സന്തോഷവും സല്ലാപവും രോഗവും ദുരിതവും വേദനയും സങ്കടവും അല്ലലും അലച്ചിലും ഒറ്റപ്പെടലും കൂട്ടു കെട്ടുകളും പുതിയ ബന്ധങ്ങളുടെ ആരോഹണവും പഴയ ബന്ധങ്ങളടെ അപ്രത്യക്ഷമാക്കലും പ്രിയപ്പെട്ടവരുടെ മരണം തീർത്ത തടവറകളും അപ്രതീക്ഷിതമായി കടന്നുവന്ന ഭാഗ്യ നിർഭാഗ്യങ്ങളും... അങ്ങനെ ഒട്ടേറെ സംഭവ പരമ്പരകൾക്ക് സാക്ഷ്യം വഹിച്ചു ഒരു വർഷം കൂടി കടന്നു പോയിരിക്കുന്നു..

ജീവിതം മനോഹരമാകുന്നത് പങ്ക് വെക്കുമ്പോൾ ആണെന്ന് നിസംശയം പറയാം.. കാരണം ജീവിതത്തിൽ കാണപ്പെടുന്നവയും പൊലിഞ്ഞു പോകുന്നവയും നേടിയെടുത്തവയും ഒക്കെ പരസ്പരം പങ്ക് വെക്കുമ്പോൾ ... സ്നേഹം, സന്തോഷം, പണം, വിദ്യ, അങ്ങനെ പങ്ക് വെക്കുമ്പോൾ ജീവിതത്തിലെ മനോഹരമായ നിമിഷങ്ങൾ ഇരട്ടിക്കുന്നതായി അനുഭവപ്പെടാറില്ലേ?

ഒരാൾക്ക് മറ്റൊരാളോട് ഉള്ള സ്നേഹം അത് പ്രകടിപ്പിക്കാനും പങ്ക് വെക്കാനും ഉള്ളതാണ്. മാതാപിതാക്കളും, മക്കളും, ഭാര്യയും ഭർത്താവും, പരസ്പരം പ്രണയിക്കുന്നവർ, ഇഷ്ടപ്പെടുന്നവർ എവിടെ തന്റെ സ്നേഹം വെളിപ്പെടുത്താൻ വിമുഖത കാണിക്കുന്നുവോ അവിടെയെല്ലാം ബന്ധങ്ങളിൽ വിള്ളൽ വീഴുന്നു. അതാണ് പല ബന്ധങ്ങളും തടഞ്ഞു വെക്കപ്പെട്ട വെള്ളം സ്വയമേ വഴി തേടി ഒഴുകുന്ന പുഴപോലെ ആയി മാറുന്നത്. എന്നാൽ തുറന്ന സ്നേഹവും സ്നേഹ പ്രകടനവും എന്നും പോസിറ്റീവ് ആയുള്ള ഫലങ്ങൾ വ്യക്തി ജീവിതത്തിൽ ഉണ്ടാകുന്നു. സമൂഹത്തിൽ അതിന്റെ പ്രതിഫലനങ്ങൾ ഉണ്ടാകുന്നു. എത്ര കലുഷിതവും സ്നേഹസ്പർശനത്താൽ

*ശേഷം പേജ് 6* ▸▸

# ഇന്ത്യൻ വിദ്യാർത്ഥികൾക്ക് കൂടുതൽ യുഎസ് വിസകൾ

**ഡോ. മാത്യു ജോയ്സ്, ലാസ് വേഗാസ്**




ഉറപ്പുള്ള സമ്പദ്‌വ്യവസ്ഥ, സമ്പന്നമായ സാംസ്കാരിക വൈവിധ്യം, അതിശയകരമായ പ്രകൃതിദൃശ്യങ്ങൾ എന്നിവ ഉപയോഗിച്ച്, തൊഴിൽ അവസരങ്ങളിലേക്കും വ്യക്തിഗത വളർച്ചയിലേക്കും വാതിലുകൾ തുറക്കാൻ കഴിയുന്ന സവിശേഷവും ആവേശകരവുമായ ഒരു പഠനാനുഭവം യുഎസ് നൽകുന്നു. യുഎസ് ഗവൺമെന്റ് എല്ലാ ഇന്ത്യൻ വിദ്യാർത്ഥികൾക്കും രാജ്യത്ത് പഠിക്കാൻ അവസരം നൽകുന്നു.

എന്നാൽ ഒരു മുൻവ്യവസ്ഥ എന്ന നിലയിൽ, നിങ്ങൾ ആദ്യം ഒരു സ്റ്റുഡന്റ് വിസ നേടേണ്ടതുണ്ട്. തുടർച്ചയായ രണ്ടാം വർഷവും ഇന്ത്യൻ വിദ്യാർത്ഥികൾക്ക് കൂടുതൽ അമേരിക്ക വിസ നൽകി കഴിഞ്ഞു. കുടിയേറ്റേതര വിസകളുടെ എണ്ണം പത്തുലക്ഷം കടന്നിട്ടുണ്ട്. സന്ദർശക വിസകളുടെ എണ്ണത്തിലും ഈ വർഷം വർധനയുണ്ടായി. ഇന്ത്യയിലെ യുഎസ് കോൺസുലേറ്റ് പുറത്തുവിട്ട ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, 2024ൽ യുഎസിലേക്കുള്ള ഏറ്റവും വലിയ അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ ഉറവിടം ഇന്ത്യയായിരുന്നു. ഇന്ത്യയിൽ നിന്ന് 3,31,000ത്തിലധികം വിദ്യാർത്ഥികൾ കഴിഞ്ഞ വർഷം യുഎസിലെത്തി കോഴ്സുകളിൽ ചേർന്നു.

കൂടാതെ, യുഎസിലേക്ക് വരുന്ന വിദേശ ബിരുദ വിദ്യാർത്ഥികളിൽ ഏറ്റവും കൂടുതൽ ഇന്ത്യക്കാരാണ്. രണ്ട് ലക്ഷത്തോളം ബിരുദ വിദ്യാർത്ഥികളാണ് കഴിഞ്ഞ വർഷം ഇന്ത്യയിൽ നിന്ന് യുഎസിലെത്തിയത്. കഴിഞ്ഞ വർഷം ഇന്ത്യ ഒന്നാം സ്ഥാനത്തായിരുന്നുവെങ്കിലും ഈ വർഷം ഏകദേശം 19 ശതമാനത്തിന്റെ വർധനവാണ് ഉണ്ടായിരിക്കുന്നത്. വിദ്യാർത്ഥികൾക്ക് പുറമെ വിനോദസഞ്ചാരം, ബിസിനസ് തുടങ്ങിയ ആവശ്യങ്ങൾക്കായി യുഎസ് വിസയ്ക്ക് അപേക്ഷിക്കുന്ന ഇന്ത്യക്കാരുടെ എണ്ണത്തിൽ വർധനയുണ്ടായതായി അധികൃതർ പറഞ്ഞു. കഴിഞ്ഞ നാല് വർഷത്തിനിടെ ഇന്ത്യയിൽ നിന്ന് അമേരിക്ക സന്ദർശിക്കുന്നവരുടെ എണ്ണം ഏകദേശം അഞ്ചിരട്ടി വർധിച്ചു.

2024ലെ ആദ്യ 11 മാസങ്ങളിൽ 2 ദശലക്ഷത്തിലധികം ഇന്ത്യക്കാർ യുഎസിലേക്ക് യാത്ര ചെയ്തതായി റിപ്പോർട്ട്.

മുൻവർഷത്തെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ ഇത് 26 ശതമാനം വർധനവാണ്. നിങ്ങളുടെ പ്രോഗ്രാം ആരംഭിക്കുന്ന തീയതിക്ക് 365 ദിവസം മുമ്പ് വരാനിരിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് നോൺ ഇമിഗ്രന്റ് വിസയ്ക്ക് അപേക്ഷിക്കാം. നേരത്തെ അപേക്ഷ സമർപ്പിക്കുന്നതാണ് നല്ലത്: നിങ്ങളുടെ സ്വീകാര്യത കത്ത് ലഭിച്ചതിന് ശേഷം അധികനേരം കാത്തിരിക്കരുതെന്ന് ഓർമ്മിക്കുക, കാരണം ഇന്ത്യയിൽ നിന്നുള്ള നിങ്ങളുടെ യുഎസ്എ സ്റ്റുഡന്റ് വിസ പ്രക്രിയ പൂർത്തിയാക്കാൻ കുറച്ച് മാസങ്ങൾ എടുത്തേക്കാം.

# ഭാര്യാ ഭർത്താക്കന്മാരുടെ കടപ്പാടുകൾ



പാസ്റ്റർ കെ. ജോയി

കുടുംബ ജീവിതത്തിന്റെ സ്ഥൈ രതയ്ക്കും ഭദ്രതയ്ക്കും ആവശ്യമായിരിക്കുന്ന പ്രമാണങ്ങൾ തിരുവചനത്തിൽ നന്നായി വെളിപ്പെടുത്തിയിരിക്കുന്നു. അവയെ പാലിക്കുന്നു എങ്കിൽ കുടുംബ ജീവിതം ധന്യമായിത്തീരും. അല്ലാത്ത പക്ഷം ഏതു കുടുംബവും താറുമാറാകും. സാധാരണയായി ഏതെങ്കിലും ഒരു മെഷീൻ കടയിൽ നിന്നും വാങ്ങിച്ചാൽ അതു പ്രവർത്തിപ്പിക്കേണ്ട വിധത്തെപ്പറ്റിയുള്ള ഒരു പത്രിക കൂടി ലഭിക്കാറുണ്ട്. പ്രസ്തുത പത്രികയിലെ നിർദ്ദേശങ്ങളെ തൃണവൽഗണിച്ചു തന്നിഷ്ടപ്രകാരം യന്ത്രം പ്രവർത്തിപ്പിച്ചാൽ അതു കേടായിപ്പോകും. ഇതുപോലെ കുടുംബജീവിതം സ്ഥാപിച്ച ദൈവം തന്നെ ഭാര്യാഭർത്താക്കന്മാർ പരസ്പരം അനുഷ്ഠിക്കേണ്ട കർത്തവ്യങ്ങളെപ്പറ്റി വിശുദ്ധ ഗ്രന്ഥത്തിന്റെ താളുകളിൽ നമുക്കു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂട്ടു+ഇമ്പം =കുടുംബം എന്ന് ആരോ ഒരാൾ നിർവ്വചിച്ചിട്ടുണ്ട്. ലോകമാം ഗംഭീരവാരിധിയിൽ രണ്ടു വ്യത്യസ്ത പടകുകളിൽ യാത്ര ചെയ്തുവരുന്ന രണ്ടു യുവജീവിതങ്ങൾ, ഇരുവരുടെയും സ്വന്തമായുള്ള പടകുകൾ പാടേ പരിത്യജിച്ച് വിവാഹസമയം മുതൽ ഒരു ജീവിത പടകിൽ ഒത്തൊരുമിച്ചു പ്രവേശിക്കുകയാണ്. അന്നു മുതൽ അവർ കൂട്ടുകൂടി ഇമ്പമായി വാഴേണ്ടതാണ്. കുടുംബജീവിതത്തിന്റെ സുഗമമായ നടത്തിപ്പിനു ആവശ്യമായ നിർദ്ദേശങ്ങളാണ് 1 കൊരി. 7:15; എഫെ. 5:22-32; 1 പത്രൊ. 3:17; കൊലൊ. 3:18, 19 എന്നീ ഭാഗങ്ങളിൽ കാണുന്നത്. ഈ നിബന്ധനകൾ അവഗണിക്കുന്ന ഒരു കുടുംബം പോലും ശുഭമാകയില്ല.

**ഭർത്താവിന്റെ കടപ്പാട്**

ക്രിസ്തു സഭയെ സ്നേഹിച്ചതു പോലെയും, സ്വന്ത ശരീരത്തെപ്പോലെയും താന്താന്റെ ഭാര്യയെ സ്നേഹിക്കണം (എഫെ. 5:25,28). പോറ്റിപ്പുലർത്തണം (എഫെ. 5:29). വിവേകത്തോടു കൂടി ഭാര്യയോടു കൂടി വസിച്ച് അവൾക്ക് ബഹുമാനം കൊടുക്കണം (1 പത്രൊ. 3:7). അവളോടു കൈപ്പായിരിക്കരുത് (കൊലൊ. 3:18). ആദാമിന്റെ വാരിയെല്ലുകളിൽ ഒന്നെടുത്താണു ദൈവം സ്ത്രീയെ നിർമ്മിച്ചത്. അമിതമായി പുകഴ്ത്തപ്പെടേണ്ടതിന്നു തലയിൽ നിന്നോ ചവിട്ടി താഴ്ത്തപ്പെടേണ്ടതിന് കാലിൽ നിന്നോ ഒരു എല്ല് എടുത്തിട്ടില്ല. അവളെ സ്നേഹിക്കേണ്ടതിനു ഹൃദയത്തിന്റെ സമീപത്തു നിന്നും, സംരക്ഷിക്കപ്പെടേണ്ടതിന്നു കയ്യുടെ കീഴിൽ പാർശ്വത്തിൽ നിന്നും വാരിയെല്ലെടുത്ത സ്രഷ്ടാവിന്റെ ജ്ഞാനം പ്രശംസനീയം! ഭർത്താവ് ഭാര്യയ്ക്ക് ഒരു വിശ്രാമ സ്ഥലമാണ് (രൂത്ത് 3:1). സ്ത്രീയുടെ സൗന്ദര്യത്തെയോ, അവൾ കൊണ്ടുവരുന്ന സ്ത്രീധനത്തെയോ അല്ല സ്നേഹിക്കേണ്ടത്. പിന്നെയോ അവളുടെ വ്യക്തിത്വത്തെയാണ്. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. ആരും തന്റെ ജഡത്തെ ഒരുനാളും പകച്ചിട്ടില്ലല്ലോ. ഗദരദേശത്തെ ഭൂതഗ്രസ്തനാണ് സ്വന്തം ജഡത്തെ പകച്ചതായി കാണുന്നത്. സുബോധമുള്ളവർ ആരും ഭാര്യയെ ഉപദ്രവിക്കയില്ല.

**ഭാര്യയുടെ കടപ്പാട്**

ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കണം എന്നു എഫെ. 5:24ലും കർത്താവിൽ ഉചിതമാകും വണ്ണം കീഴടങ്ങുവിൻ എന്ന് കൊലൊ. 3:18ലും കാണുന്നു. സാറാ അബ്രഹാമിനെ യജമാനൻ എന്നു വിളിച്ച് അനുസരിച്ചിരുന്നു (1 പത്രൊ. 3:6). ഇതുപോലെ ബഹുമാന സൂചകമായ പദങ്ങൾ ഉപയോഗിച്ചാണ് ഭാര്യ ഭർത്താവിനെ സംബോധന ചെയ്യേണ്ടത്. ഏതു സ്ത്രീയുടെയും തല പുരുഷൻ എന്നെഴുതിയിരിക്കുന്നു (1 കൊരി. 11:3). ഭാര്യ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു (എഫെ. 5:32). അവൾക്ക് തുണയാണ് (ഉല്പ. 2:18). ധർമ്മപത്നിയും കൂട്ടാളിയുമാണ് (മലാ. 2:14). കിരീടമാണ് (സദൃ. 12:4). ഫലപ്രദമായ മുന്തിരിവള്ളിയാകുന്നു (സങ്കീ. 128:3). വീട്ടുകാര്യം നോക്കണം (തീത്തൊ. 2:5; 1 തിമൊ. 5:14; സദൃ. 31:15; സദൃ. 14:1). ഭർത്താവിനു നന്മ മാത്രമേ ചെയ്യാവൂ (സദൃ. 31:12; 12:4; 18:22). ഭവനം പണിയുക (രൂത്ത് 4:11; സദൃ. 14:1). ഭർതൃപ്രിയയും പുത്രപ്രിയയും ആയിരിക്കുക (തീത്തോ. 2:5).

**ഒരുമിച്ചുള്ള കടപ്പാടുകൾ**

പരസ്പരം ഉഭയസമ്മതം ചെയ്തു ഭാര്യാഭർത്താക്കന്മാരായി തീർന്നവർ മരണപര്യന്തം വിശ്വസ്തത പാലിക്കണം. അവരുടെ കുടുംബ പ്രാർത്ഥനയ്ക്കു മുടക്കം വരരുത് (1 പത്രൊ. 3:7). പ്രാർത്ഥനയ്ക്ക് അവസരം ഉണ്ടാകുവാൻ പരസ്പര സമ്മതത്തോടെയല്ലാതെ വേർപെട്ടിരിക്കരുത് (1 കൊരി. 7:5). മുപ്പിരിച്ചരടു വേഗത്തിൽ അറ്റുപോകയില്ല (സഭാ. 4:12). കർത്താവായ യേശു ക്രിസ്തു എന്ന മൂന്നാമത്തെ ചരടു കൂട്ടിച്ചേർത്താണു കുടുംബ ജീവിതം പണിയേണ്ടത് (സങ്കീ. 127:1; യോഹ. 15:5). അവർ ഒരുമിച്ചു അതിഥികളെ സൽക്കരിക്കണം (ഉല്പ. 18:19; എബ്രാ. 13:1,2). ദൈവം അവർക്ക് നൽകുന്ന മക്കളെ അവർ ദൈവവഴിയിൽ നടത്തണം (ആവ. 6:6,7). യഹോവയെ ഭയപ്പെട്ട് അവന്റെ വഴിയിൽ നടക്കുന്നവരുടെ ധന്യമായ കുടുംബജീവിതത്തെപ്പറ്റി 128-ാം സങ്കീർത്തനത്തിൽ നാം വായിക്കുന്നു. പരസ്പര സ്നേഹം, പരസ്പര വിശ്വാസം, വിശ്വസ്തത, എന്നിവ കുടുംബജീവിതത്തിന്റെ ഉയർച്ചയ്ക്കും ഭദ്രതയ്ക്കും അത്യന്താപേക്ഷിതമാകുന്നു. അപരാധങ്ങൾ അന്യോന്യം ക്ഷമിക്കേണ്ടതാണ്. ഇരുവരും തങ്ങളുടെ കുടുംബ ശ്രേഷ്ഠതകളെപ്പറ്റി സംസാരിച്ച് പുകഴ്ത്തരുത്. സൗന്ദര്യം, ശമ്പളം, കുടുംബ ഓഹരി ഇത്യാദി വിഷയങ്ങളെപ്പറ്റി സംസാരിച്ച് വാഗ്വാദം നടത്തുകയും പരസ്പരം ഭിന്നിക്കയുമരുത്. വധുവരന്മാർ വിവാഹത്തിന് മുമ്പുള്ള പൂർവ്വകാല ചരിത്രങ്ങൾ യാതൊന്നും പരസ്പരം പറഞ്ഞു പ്രശ്നങ്ങൾ സൃഷ്ടിക്കരുത്. കുടുംബത്തിലെ കർതൃത്വവും അധികാരവും ഭർത്താവിനു തന്നെ ആയിരിക്കട്ടെ. ഭർത്താവ് ക്രിസ്തുവിന് കീഴ്പ്പെട്ടിരിക്കയും ഭാര്യയെ ആത്മാർത്ഥമായി ചെയ്യട്ടെ. നിബന്ധനകൾ പാലിക്കുമെങ്കിൽ കുടുംബജീവിതത്തിൽ സ്വർഗ്ഗീയ സന്തോഷം അനുഭവപ്പെടും.

പങ്കാളി ആയിരിപ്പാൻ ദൈവം കൂട്ടിച്ചേർത്താണ് തക്ക തുണ. ശാരീരികമായും മാനസികമായും ആശയപരമായും വൈകാരികമായും ഒന്നായി ചേരുവാൻ കഴിയുന്നതു തനിക്ക് തുണയ്ക്കു മാത്രം ആയിരിക്കും. കുടുംബശ്രേഷ്ഠത, സൗന്ദര്യം, സാമ്പത്തികം, വിദ്യാഭ്യാസം എന്നിവ മാത്രം നോക്കിയല്ല തുണയെ തിരഞ്ഞെടുക്കേണ്ടത്. ആത്മീയ നിലവാരത്തിനു മുൻതൂക്കം കൊടുക്കണം. ഈ വിഷയത്തെ സംബന്ധിച്ചുള്ള ദൈവഹിതം ആരായണം. ഇന്റെ വശത്തെ സംബന്ധിച്ചുള്ള വിശദമായ പഠനത്തിനു ഈ എഴുത്തുകാരന്റെ 'വിശുദ്ധ വിവാഹജീവിതം' എന്ന ഗ്രന്ഥം കാണുക). രക്ഷിക്കപ്പെട്ട യുവാവിന് രക്ഷിക്കപ്പെട്ട യുവതി തന്നെയാണ് തക്ക തുണ. അതുപോലെ തിരിച്ചും. കഷ്ടങ്ങളിലും വിഷമസന്ധികളിലും ആശ്വസിപ്പിക്കുന്ന ജീവിത പങ്കാളിത തക്ക തുണ. അപ്രകാരം ലഭിക്കുന്ന തക്കതായ തുണ അനുഗ്രഹപ്രദമാണ്, ആശ്വാസപ്രദമാണ്, ആനന്ദപ്രദമാണ്, അഭിവൃദ്ധി ഹേതുവാണ്, സ്നേഹസന്ദായകമാണ്, പ്രത്യാശാനിർഭരമാണ്.

**2. വിശുദ്ധ ജീവിതത്തിന്റെ സഹായത്തിന്**

'എങ്കിലും ദുർന്നടപ്പു നിമിത്തം ഓരോരുത്തനു സ്വന്ത ഭാര്യയും ഓരോ രുത്തിക്കു സ്വന്ത ഭർത്താവും ഉണ്ടായിരിക്കട്ടെ' (1 കൊരി. 7:2). 'ദുർന്നടപ്പു കാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും' (എബ്രായർ 13:4). അശുദ്ധിയുടെയും അസാന്മാർഗ്ഗികതയുടെയും കേടുപാടുകൾ ഉണ്ടാകാതെ വിശ്വാസികൾ തങ്ങളുടെ ജീവിതം സൂക്ഷിക്കാനാണു ദൈവം വിവാഹജീവിതം സ്ഥാപിച്ചത്. സ്വന്ത ഭാര്യയോടു അവിശ്വസ്തത കാണിച്ചു പരസ്ത്രീയുടെ പുറകെ പോകുന്നവർക്കുള്ള ശിക്ഷയെപ്പറ്റി സദൃ. 5:3 മുതൽ 21 വരെയുള്ള വാക്യങ്ങളിൽ നന്നായി വിവരിച്ചിരിക്കുന്നു. സദൃ. 6:2435 വരെയുള്ള വാക്യങ്ങൾ കൂടി കാണുക.

**3. വംശവർദ്ധനവിന്**

'ദൈവം അവരെ അനുഗ്രഹിച്ചു, നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവീൻ എന്ന് അരുളിച്ചെയ്തു' (ഉല്പ. 1:26,27).

ജല പ്രളയ ശേഷം ഇതേ വചനങ്ങൾ ദൈവം നോഹയോടും അരുളിച്ചെയ്തതായി ഉല്പ. 9:1 ൽ കാണുന്നു. ഭൂതലത്തിൽ എങ്ങും കുടിയിരിപ്പാനത്രേ ദൈവം മ നുഷ്യനെ സൃഷ്ടിച്ചത് (പ്രവൃ. 17:26; 1 തിമൊ. 5:14; തീത്തൊ. 2:4,5). ഈ ഉദ്ദേശ്യം സാധ്യമാകണമെങ്കിൽ വിവാഹവും കുടുംബജീവിതവും ആവശ്യമാണ്.

# ഫിയർ ഓഫ് ഷെയിം



മാളിയേക്കൽ സണ്ണി

ഭാഗം 1: 2003 ഏപ്രിൽ പതിനാലാം തീയതിയാണ് ഏഷ്യാനെറ്റിന്റെ സാറ്റലൈറ്റ് സിഗ്നൽ അമേരിക്കയിൽ കിട്ടിത്തുടങ്ങിയത്. അമേരിക്കൻ മലയാളികൾ രണ്ടു കൈയും നീട്ടിയാണ് ഏഷ്യാനെറ്റിനെ സ്വീകരിച്ചത്. ഗ്ലോബ് കാസ്റ്റിന്റെ സാറ്റലൈറ്റ് ഡിഷിലൂടെ ആയിരുന്നു സിഗ്നൽ കിട്ടിയിരുന്നത്.

ആയിടക്കാണ് എനിക്ക് ഏൽപ്പാസോയിൽ നിന്നും ഒരു ഫോൺ കോൾ. ആരാണ് എന്താണ് എന്ന് ചോദിക്കുന്നതിനു മുൻപ്, 'അങ്കിളേ എന്റെ പേര് മേഴ്സി പോളച്ചഎൻ എന്നാണ്, എന്റെ വീട് അങ്കമാലിക്ക് അടുത്ത് മാളയിലാണ്. ഇപ്പോൾ ഹോസേ ലൂയിസ്നെ കല്യാണം കഴിച്ച ഏൽപ്പാസോയിൽ ആണ്. അങ്കിളേ എനിക്ക് ഏഷ്യാനെറ്റ് വേണം. ഇവിടെ മലയാളം സംസാരിക്കാനോ, ഒരു പ്രോഗ്രാം കാണാനോ ഒരു മാർഗ്ഗവുമില്ല'. സ്വന്തം അങ്കിളിനോട് സംസാരിക്കുന്ന രീതിയിൽ, നിഷ്കളങ്കമായ സംസാരം. കൂടുതൽ വിവരങ്ങൾ ചോദിച്ചറിഞ്ഞു.

ഫിഫ്ത് പ്രിഫറൻസിൽ അമ്മയോടൊപ്പം അമേരിക്കയിൽ വന്നിട്ട് മൂന്നു വർഷമേ ആയുള്ളൂ. ഇവിടെ എത്തിയപ്പോൾ 18 വയസ്സായിരുന്നു. ഹോസ്പിറ്റലിലെ സാനിറ്റേഷൻ ഡിവിഷനിൽ ജോലി കിട്ടിയ മേഴ്സി, അവിടെയുള്ള സൂപ്പർവൈസർ ഹൊസെ ലൂയിസുമായി പ്രണയത്തിലായി. വീട്ടിൽ അറിഞ്ഞു, എതിർത്തു പ്രശ്നമായി.

ഹോസേ, മേഴ്സിയുമായി ഏൽപ്പാസോയിലക്കു താമസം മാറി. ഡാലാസിൽ നിന്നും, ഏതാണ്ട് 600 മൈൽ ദൂരമുണ്ട് ഏൽപ്പാസോയിലക്. ഇൻസ്റ്റാൾ ചെയ്യുന്ന ആളെ അത്രയും ദൂരം അയക്കുവാൻ സാധിക്കില്ല. അതിനാൽ ഡിഷ് അയച്ചു കൊടുത്തു. ഹോസലൂയിസ് ഇൻസ്റ്റാൾ ചെയ്തു. നല്ല സ്നേഹവും മര്യാദയും ഉള്ള ചെറുപ്പക്കാരൻ. അവർ വളരെ സന്തോഷത്തിലാണ് കഴിയുന്നത് എന്ന് എനിക്ക് മനസ്സിലാക്കുവാൻ സാധിച്ചു. മേഴ്സിയുടെ വീട്ടുകാരുമായി സ്നേഹത്തിൽ പോകാൻ ഒരുപാട് ശ്രമിച്ചു എന്നും, അവർക്ക് സംസാരിക്കാനോ കാണുവാനോ ഒരു താല്പര്യമില്ലെന്നും മനസ്സിലാക്കുവാൻ സാധിച്ചു. ഭാഗം ഒന്ന് ഇവിടെ അവസാനിക്കുന്നു.

ഭാഗം 2.

2016, ആപ്പിൾബീസിൽ ജോലി ചെയ്യുന്ന കാലം. കാലിഫോണിയയിലെ ഗിൽറോയിലുള്ള, ആപ്പിൾബീ ലൊക്കേഷൻ റീമോഡലുമായി ഞാൻ അവിടെയായിരുന്നു. സിലിക്കോൺ വാലിയുടെ ഗേറ്റ്വേ, ധാരാളം ഗാർലിക് ഫാംസ് ഉള്ള സ്ഥലം. റീ മോഡൽ കോൺട്രാക്ടർ ഒരു റെഡ് ഇന്ത്യൻ വംശജനായിരുന്നു, നവജോ.

ഒരു ദിവസം നവാജോ എന്നോട് പറഞ്ഞു, അടുത്ത രണ്ടാഴ്ചത്തേക്ക് ഞാൻ ഉണ്ടാകയില്ല എന്റെ അസിസ്റ്റന്റ് കാര്യങ്ങൾ നോക്കിക്കൊള്ളും, എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഫോണിൽ ബന്ധപ്പെടാം എന്നും പറഞ്ഞു. ചുരുങ്ങിയ സമയം കൊണ്ട് വളരെയധികം അടുത്ത പെരുമാറിയത് കൊണ്ടും, ചില ദിവസങ്ങളിൽ അവന്റെ വെജിറ്റബിൾ ഫാമിൽ പോകുവാൻ സാധിച്ചതിനാൽ അവനുമായി ഒരു അടുപ്പം ഉണ്ടായിരുന്നു. എന്തിനാണ് ഈ രണ്ടാഴ്ച, ഇത്ര പെട്ടെന്ന് പ്രോജക്ടിൽ നിന്നും മാറി നിൽക്കുന്നത് എന്ന് ചോദിച്ചപ്പോൾ അവൻ പറഞ്ഞു, എന്റെ സ്റ്റെപ് സൺ, അതായത് എന്റെ ഭാര്യ എന്നെ കല്യാണം കഴിക്കുന്നതിനു മുമ്പ് ഉണ്ടായ മകൻ, അവന്റെ ടീനേജിൽ ഒരു കേസിൽ പെട്ടു എന്നും, 15 വർഷം കഴിഞ്ഞ്, ശിക്ഷ ഇളവ് കിട്ടി അടുത്തയാഴ്ച പുറത്തിറങ്ങും. എനിക്കും എന്റെ ഭാര്യക്കും കൂടി അവനെ പോയി പിക്കപ്പ് ചെയ്ത, ഒരാഴ്ച വെക്കേഷനും, പിന്നീട് വീട്ടിലേക്ക് കൊണ്ടുവരണമെന്നും വളരെ ആവേശത്തോടെ എന്നോട് പറഞ്ഞു. അവന്റെ മുഖത്തെ സന്തോഷവും എനർജിയും ഇന്നെന്ന പോലെ ഓർക്കുന്നു.

ഭാഗം: 3, ഫിയർ ഓഫ് ഷെയിം ഇവിടെ അവസാനിക്കുന്നു.

# പാസ്റ്റർ ഷിബു തോമസ് ഒക്കലഹോമയ്ക്ക് ഡോക്ടറേറ്റ്



**ഒക്കലഹോമ:** ഒക്കലഹോമയിലെ ഐപിസി ഹെബ്രോൺ സഭയുടെ സീനിയർ പാസ്റ്ററും പ്രമുഖ പ്രസംഗകനും ഐപിസി മിഡ് വെസ്റ്റ് റീജിയൻ പ്രസിഡണ്ടുമായ റവ. ഷിബു തോമസിന് ഡോക്ടറേറ്റ് ലഭിച്ചു. അമേരിക്കയിലെ നോർത്ത് വെസ്റ്റേൺ തിയോളജിക്കൽ സെമിനാരിയിൽ നിന്നാണ് ഡോക്ടർ ഓഫ് മിനിസ്ട്രി (D.Min) ലഭിച്ചത്. ഏ.ജിയിലെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ടി സി തോമസ് അന്നമ്മ ദമ്പതികളുടെ മകനായി ജനിച്ച പാസ്റ്റർ ഷിബു തോമസ് തന്റെ എൻജിനീയറിങ് വിദ്യാഭ്യാസ അനന്തരം സുവിശേഷ വേലയ്ക്കായി സമർപ്പിക്കുകയായിരുന്നു. ദീർഘ വർഷങ്ങളായി അമേരിക്കയിലെ വിവിധ സഭകളിൽ സഭാ ശുശ്രൂഷകനായും ലോകമെങ്ങുമുള്ള മലയാളി പെന്തെകോസ്ത് സമൂഹത്തിൽ പ്രഭാഷകനായും ശുശ്രൂഷ ചെയ്തു വരുന്നു

ഭാര്യ: രേഷ്മ, മക്കൾ: ജോഷ്വാ, ജെസിൻ, ജോയൽ.

# നൈജീരിയയിൽ രണ്ട് വർഷത്തിനുള്ളിൽ പതിനായിരം ക്രിസ്ത്യാനികൾ കൊല്ലപ്പെട്ടു

സുവിശേഷ വിരോധികളാൽ നൈജീരിയയിൽ രണ്ട് വർഷത്തിനുള്ളിൽ ഏകദേശം പതിനായിരം ക്രിസ്ത്യാനികളാണ് കൊല്ലപ്പെട്ടത്. വംശീയമായും മതപരമായും കാരണത്താലാണ് ആക്രമങ്ങൾക്ക് തുടക്കം കുറിക്കുന്നത്. ഗ്ലോബൽ ക്രിസ്ത്യൻ റിലീഫ് റെഡ് ലിസ്റ്റ് പ്രസിദ്ധീകരിച്ച കണക്ക് അനുസരിച്ച് മരണ സംഖ്യ ഇതിലും കൂടുതലായിരിക്കുമെന്നാണ് കണക്കാക്കുന്നത്.

ക്രൈസ്തവ വിശ്വാസികൾ നൈജീരിയയിലെ ക്രിസ്ത്യാനികൾക്ക് വേണ്ടി പ്രാർത്ഥിക്കണം. വംശീയ ആക്രമം, ഇസ്ലാമിക തീവ്രവാദം, സമൂഹത്തിൽ നടക്കുന്ന കുറ്റകൃത്യങ്ങളുടെ ശമനം, തുടങ്ങിയ വിഷയങ്ങൾക്ക് വേണ്ടിയാണ് പ്രാർത്ഥിക്കേണ്ടത്. മതതീവ്രവാദത്തിൽ നിന്ന് വിശ്വാസികളെ സംരക്ഷിക്കുന്ന നിയമങ്ങളും നയങ്ങളുമാണ് അവിടെ പ്രായോഗികമാക്കേണ്ടത്. ക്രിസ്തീയ മാർഗ്ഗം സ്വീകരിച്ചതുമൂലം പീഢനങ്ങൾ സഹിക്കുന്ന 25 രാജ്യങ്ങളുടെ പട്ടിക എടുത്താൽ നൈജീരിയ ഒന്നാംസ്ഥാനത്താണ്. തീവ്രവാദികളെ പരാജയപ്പെടുത്തുമെന്ന് സർക്കാർ ജനങ്ങൾക്ക് ഉറപ്പ് നൽകുന്നുണ്ടെങ്കിലും ആക്രമങ്ങൾക്ക് കുറവ് സംഭവിക്കുന്നില്ല.

മതതീവ്രവാദികൾ വിശ്വാസികളെ തട്ടിക്കൊണ്ട് പോയി ക്രൂരപീഢനത്തിന് ഇരയാക്കി വിശ്വാസം ത്യജിക്കുവാനും ആവശ്യപ്പെടാറുണ്ട്. തട്ടിക്കൊണ്ടു പോകുന്നവരെ തിരികെ ലഭിക്കുവാൻ വലിയ തുകയാണ് ഭീകരവാദികൾ ആവശ്യപ്പെടുന്നത്. സഭയുടെ പാസ്റ്റർമാരും ഇതിനായി കഠിന പരിശ്രമം ചെയ്ത്, അവർ ആവശ്യപ്പെട്ട മോചനദ്രവ്യം കൊടുത്ത് തങ്ങളുടെ വിശ്വാസികളെ വീണ്ടെടുക്കാറുണ്ട്.

ന്യൂ ഇയർ സ്പെഷ്യൽ

# പുതിയവർഷം പല പ്രതീക്ഷകൾ...



തോമസ് മുല്ലയ്ക്കൽ



രണ്ടായിരത്തി ഇരുപത്തിനാല് ചരിത്രമായിക്കഴിഞ്ഞു. ആശകളും സ്വപ്നങ്ങളും വിതച്ച് സന്തോഷത്തിന്റെ നൂറുമേനി കൊയ്തവരും ദുഃഖത്തിന്റെ കയ്പുനീർ കുടിച്ചവരുമുണ്ട്. വിരുന്നുവന്ന സന്തോഷം നീണ്ടു നിൽക്കുവാനും കൂട്ടിനെത്തിയ കഷ്ടതയെ പടിക്ക് പുറത്താക്കുവാനും പുതുവർഷത്തിന്റെ ആദ്യ പ്രഭാതകിരണങ്ങൾ ഭൂമിയിൽ പതിക്കുന്നതും കണ്ണും നട്ട് അനവധി പേർ കാത്തിരിക്കുന്നുണ്ട്. നിറഞ്ഞുനിൽക്കുന്ന ആനന്ദം ആഘോഷിക്കുവാനോ നഷ്ടസ്വപ്നങ്ങളുടെ കണക്കെടുക്കുവാനോ ഉള്ള സമയമല്ലിത്. പ്രതീക്ഷയുടെ പുതുവർഷത്തെ രണ്ടു കൈയ്യും നീട്ടി അതിന്റെ എല്ലാ നന്മയോടും തിന്മയോടും കൂടി സ്വീകരിക്കുവാനുള്ള മനസ്സാന്നിദ്ധ്യമാണ് ഇന്നാവശ്യം.

സ്വപ്നങ്ങൾ ജീവിതത്തിന് നിറച്ചാർത്ത് നൽകുമ്പോൾ പ്രതീക്ഷകളാണ് ജീവൻ നിലനിർത്തുന്നത്. സ്വപ്നങ്ങൾ നെയ്തെടുക്കുവാൻ മുതൽ മുടക്കില്ല. തെരുവിൽ അന്തിയുറങ്ങുന്ന യാചകനും രാജകൊട്ടാരം സ്വപ്നം കാണാം. കിനാവുകളിൽ നിർഭയനായി പള്ളിമെത്തയിൽ സുഖശയനം നടത്താം. എന്നാൽ പ്രതീക്ഷയ്ക്ക് പിന്നിൽ ചെറിതാണെങ്കിലും മുതൽ മുടക്കുണ്ട്. നാളത്തെ നറുക്കെടുപ്പിൽ കൂടി കോടീശ്വരനായി എന്നു സ്വപ്നം കാണാൻ പ്രയാസമില്ല, എന്നാൽ നറുക്കെടുപ്പിന്റെ ടിക്കറ്റെടുത്തയാൾക്കു മാത്രമേ സമ്മാനം പ്രതീക്ഷിക്കാനാവൂ. സ്വപ്നജീവി എന്നും സങ്കൽപസ്വർഗ്ഗത്തിൽ ജീവിക്കുമ്പോൾ, ഉദ്ദിഷ്ടകാര്യത്തിനായി പണി തുടങ്ങിയവർക്ക് വിജയം പ്രതീക്ഷിക്കുകയെങ്കിലും ചെയ്യാം.

എന്തെല്ലാം പ്രതീക്ഷകളുമായിട്ടാണ് ലോകം പുതുവർഷത്തെ വരവേൽക്കുന്നത്. ഓരോരുത്തരുടെയും പ്രതീക്ഷകൾ മറ്റുള്ളവരിൽ നിന്നും തികച്ചും വിഭിന്നമായിരിക്കും. പഠനം, വിവാഹം, ജോലി, ഭവനം, കുടുംബം, കുഞ്ഞുങ്ങൾ ബിസിനസ്, മാനസികസമാധാനം, ശാരീരികസൗഖ്യം, ആത്മീയ താൽപര്യങ്ങൾ തുടങ്ങി നൂറുകണക്കിന് സംഗതികൾ മുൻഗണനാ പട്ടികയിൽ ഉണ്ടാകും. മേൽപ്പറഞ്ഞിരിക്കുന്ന ഏത് പരിശോധിച്ചാലും പ്രതീക്ഷിക്കുന്ന വ്യക്തി ഏതെങ്കിലും നിലയിൽ അതിനായി ശ്രമം ആരംഭിച്ചിട്ടുണ്ടാകും. പരീക്ഷയിൽ വിജയം കാത്തിരിക്കുന്നവർ കുറഞ്ഞപക്ഷം പഠനം ആരംഭിച്ചിട്ടെങ്കിലുമുണ്ടാകും. ജോലി കിട്ടാൻ കാത്തിരിക്കുന്നയാൾ ഏതെങ്കിലും സ്ഥാപനത്തിൽ അപേക്ഷിക്കുകയോ മറ്റൊരാളെ അതിനായി ചുമതലപ്പെടുത്തുകയോ ചെയ്തിട്ടുണ്ടാകും. ചുരുക്കത്തിൽ പ്രതീക്ഷകൾ സഫലമാകണമെങ്കിൽ പിന്നിൽ പ്രവർത്തനം അനിവാര്യമാണ്. എത്രത്തോളം പ്രവർത്തനം ഒരു ലക്ഷ്യത്തിനു പിന്നിലുണ്ടോ അത്രത്തോളം വിജയസാധ്യതയ്ക്കും അതിന് കൂടുതലായിരിക്കും.

മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളെപ്പറ്റി പല പ്രതീക്ഷകളുമുണ്ട്. ജനനസമയം മുതൽ കുഞ്ഞുങ്ങൾക്കുവേണ്ടി ഓരോ നിസ്സാര കാര്യങ്ങൾ ചെയ്യുമ്പോൾ പോലും അവർ വളവും വെള്ളവും ഒഴിച്ച് നട്ട് വളർത്തുന്ന കുറെ പ്രതീക്ഷകളുണ്ട്. തങ്ങൾക്ക് സാധിക്കാതെ പോയതോ മറ്റു പലരിലും ശ്രേഷ്ഠമായി തോന്നിയതോ ആയ സംഗതികൾ മക്കളിലൂടെ കരസ്ഥമാക്കണമെന്ന് ആഗ്രഹിക്കാത്ത മാതാപിതാക്കൾ ഉണ്ടോ എന്നത് സംശയമാണ്. ഒരു കുഞ്ഞു ജനിക്കുന്നതിന് മുൻപുതന്നെ മാതാപിതാക്കൾ വരച്ചിട്ട പ്രതീക്ഷയുടെ ഒരു രേഖയുണ്ട്. മക്കൾ രേഖയിൽ നിന്ന് ഇടത്തേക്കോ വലത്തേക്കോ ചായുമ്പോൾ തകരുന്നത് മാതാപിതാക്കളുടെ ശുഭ പ്രതീക്ഷകളാണ്. ചില മക്കൾ പ്രതീക്ഷിക്കുന്നതിനുമപ്പുറത്തേക്ക് വളരുമ്പോൾ ലോകത്തിൽ ഏറ്റവുമധികം സന്തോഷിക്കുന്നതും അതിന് പിന്നിൽ മുതൽ മുടക്കിയ മാതാപിതാക്കളായിരിക്കും.

പുതുവർഷത്തെ വളരെ ആനന്ദത്തോടെ വരവേറ്റിരിക്കുന്ന നമ്മുടെ പ്രതീക്ഷകൾ എന്തൊക്കെയാണ്. ചോദ്യം ആത്മീയർ എന്നഭിമാനിക്കുന്ന ക്രിസ്ത്യാനികളോടാണ്. നാളുകളായി കാത്തിരിക്കുന്ന വിസയോ, പണിതീരാൻ പോകുന്ന വീടോ, ലാഭത്തിലാകുന്ന ബിസിനസോ, അതോ മാറിക്കിട്ടാൻ പോകുന്ന കടഭാരങ്ങളോ, അല്ലെങ്കിൽ മംഗളമായി നടക്കാൻ പോകുന്ന വിവാഹമോ, കാലങ്ങൾ കാത്തിരുന്നു കിട്ടാൻ പോകുന്ന കൺമണിയോ, പരീക്ഷയിലെ വിജയമോ, ശാരീരിക സൗഖ്യങ്ങളോ, ലഭ്യമാകാൻ പോകുന്ന സ്ഥാനമാനങ്ങളോ അങ്ങനെ എന്തെല്ലാം. ഇതിന്റെയെല്ലാം പിന്നിൽ പ്രതീക്ഷയോടെ മുതൽ മുടക്കി കാത്തിരിക്കുകയാണ് നാം. അനുകൂലമായൊരു വിധിക്കായി. കൂടുതൽ കരുതലോടെ ഓരോ ചുവടും മന്ദം മന്ദം വയ്ക്കുകയാണ് നമ്മൾ. പക്ഷേ പ്രതീക്ഷകൾ പലപ്പോഴും പൂവണിയാറില്ല എന്നതാണ് സത്യം. മന്ദമായി ഊതുന്ന തെക്കൻകാറ്റ് ഈശാനമൂലൻ എന്ന കൊടുങ്കാറ്റായി മാറാൻ അധിക സമയമൊന്നും വേണ്ടിവരില്ല. പ്രതീക്ഷകൾക്കും പരിശ്രമങ്ങൾക്കുമൊക്കെ അപ്പുറത്ത് കാര്യങ്ങളെ നിയന്ത്രിക്കുന്ന സർവ്വശക്തനായ ദൈവത്തിന്റെ സാന്നിധ്യം തിരിച്ചറിയുന്ന സന്ദർഭങ്ങളാണവയൊക്കെ.

വാത്സല്യനിധിയായ ദൈവപിതാവിന്റെ പ്രതീക്ഷകളെ പൂർത്തീകരിക്കാൻ മനം തിരിയുന്ന മക്കളെ തിരയുകയാണപ്പോൾ. വെറുതെ പ്രതീക്ഷിക്കുകയല്ല, മറിച്ച് വലിയ മുതൽ മുടക്കി കാത്തിരിക്കുകയാണ് ദൈവം. സ്വന്തം ഏകജാതനായ പുത്രനാണതിന് ബലിയായിത്തീർന്നത്. മക്കൾ ഉയരണമെന്നും അവർ വലിയവരായിത്തീരണമെന്നും മാതാപിതാക്കൾ ആഗ്രഹിക്കുന്നതുപോലെത്തന്നെ തന്റെ രാജ്യത്തിലെ ശ്രേഷ്ഠന്മാരായി മാറുന്ന മക്കളെ കാത്ത് വാരിച്ചൊരിയുന്ന സ്നേഹവുമായി പ്രതീക്ഷയോടെ കാത്തിരിക്കുകയാണ് ദൈവം.

എന്താണ് ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. അനേകരുടെ ദൃഷ്ടി പതിക്കാൻ വേണ്ടി ചെയ്യുന്ന പുണ്യങ്ങളോ? അതോ സമ്പത്തിന്റെ സമൃദ്ധിയുടെ ഇടയിൽ നിന്നു അരിച്ചെടുത്ത് അർപ്പിക്കുന്ന കാണിക്കയോ? അതുമല്ലെങ്കിൽ മനുഷ്യ പ്രസാദത്തിനായി ചെയ്തുകൂട്ടുന്ന കാപട്യത്തിന്റെ മുഖാവരണമിട്ട ആരാധനാ കോലാഹലങ്ങളോ? തീർച്ചയായും അല്ല.

ദൈവത്തിന് ഓരോ മനുഷ്യനെപ്പറ്റിയും വ്യക്തമായ പദ്ധതികളുണ്ട്. എത്ര സമർത്ഥനായ എഞ്ചിനീയർക്കും ഒരു സുന്ദരമായ നിർമാണ പ്രക്രിയ പൂർത്തിയാക്കണമെങ്കിൽ താൻ പറയുന്നതുപോലെ കേൾക്കാൻ തയ്യാറുള്ള ഒരു കൂട്ടം ജോലിക്കാരെ ആവശ്യമുണ്ട്. എഞ്ചിനീയർ പറയുന്നത് ശ്രദ്ധിക്കാനും അണുവിട തെറ്റാതെ ചെയ്യാനുമൊക്കെ ആജ്ഞാനുവർത്തികൾ തയ്യാറായാൽ പണി കാലതാമസം കൂടാതെ തീരുമെന്നതിന് സംശയമില്ല.

അതുപോലെ ദൈവത്തിന് നമ്മിൽ അർപ്പിച്ചിരിക്കുന്ന പ്രതീക്ഷ പൂർത്തിയാക്കണമെങ്കിൽ ആദ്യമായി ദൈവശബ്ദത്തിന് കാതോർക്കുക. ദൈവം നേരിട്ട് പ്രത്യക്ഷപ്പെട്ട് ഓരോന്നും പറഞ്ഞുതരുമെന്ന് വ്യാമോഹിക്കരുത്. എന്നാൽ സംഭവിച്ചുകൂടായ്കയുമില്ല. ദൈവവചനം വായിക്കുന്നതിലൂടെയും കേൾക്കുന്നതിലൂടെയും പഠിക്കുന്നതിലൂടെയും ഒപ്പം സഹജീവികളെ ശ്രദ്ധിക്കുകയും ചെയ്യുമ്പോൾ ദൈവശബ്ദം കേൾക്കാൻ സാധിക്കും.

അടുത്തതായി ദൈവശബ്ദം അനുസരിക്കുക. ഇവിടെ നമ്മുടെ മാനുഷികമായ യുക്തിക്ക് സ്ഥാനമില്ല. ചോദ്യമില്ലാത്ത അനുസരണമാണ് വേണ്ടത്. ചെങ്കടലിന് നേരെ വടിയുർത്തിയാൽ അത് പിളർന്നു മാറില്ലെന്ന് മോശെയ്ക്ക അറിയാം, പക്ഷേ കൽപ്പിക്കുന്നത് ദൈവമാണെങ്കിൽ സാധ്യമാകുമെന്ന് താൻ വിശ്വസിച്ചപ്പോൾ സംഭവിച്ചത് ലോകചരിത്രമാണ്. പച്ചവെള്ളം വീഞ്ഞാക്കുന്നതിന്റെ രഹസ്യമല്ല നമ്മോട് ചോദിക്കുന്നത്, മറിച്ച് കൽപാത്രങ്ങളിൽ വെള്ളം നിറയ്ക്കാൻ മാത്രമാണ് കർത്താവ് ആവശ്യപ്പെട്ടത്. സംപൂർണ്ണ സമർപ്പണത്തിൻ മുന്നിൽ അനുസരണത്തിലൂടെ മാത്രമേ അതുല്യമായ അനുഗ്രഹങ്ങൾ ലഭിക്കുകയുള്ളൂ.

മനുഷ്യരായ പിതാക്കന്മാർക്ക് മക്കളുടെ നല്ല ഭാവിക്കായി ധാരാളം പ്രവർത്തിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും പലപ്പോഴും അവരുടെ വിഭവശേഷി പരിമിതമായിരിക്കും. സകല ചരാചരങ്ങളെയും പ്രപഞ്ചത്തെയും സൃഷ്ടിച്ച സർവ്വശക്തനും സർവ്വജ്ഞാനിയും സർവ്വ വ്യാപിയും നിത്യനുമായ ദൈവത്തിന് വിഭവശേഷിയ്ക്ക് യാതൊരു കുറവുമില്ല. അതുകൊണ്ട് തന്നെ പിതാവായ ദൈവത്തെ നൂറു ശതമാനവും വിശ്വസിക്കാം. ഒരായുസ്സിനുവേണ്ടി മനുഷ്യൻ പലതും പ്രതീക്ഷിക്കുമ്പോൾ അവസാനിക്കാത്ത നിത്യതയ്ക്കായിട്ടാണ് ദൈവം കരുതിവച്ചിരിക്കുന്നത്.

ദൈവവചനം പറയുന്നത്, "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് ഒരു കണ്ണു കണ്ടിട്ടില്ല, ഒരു ചെവി കേട്ടിട്ടില്ല, യാതൊരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല" എന്നാണ്. കർത്താവ് പറയുന്നത് ശ്രദ്ധിക്കുകയും അത് അക്ഷരംപ്രതി അനുസരിക്കുകയും ചെയ്താൽ നമ്മുടെ ജീവിതത്തിൽ ചെയ്യേണ്ട പദ്ധതികൾ കർത്താവ് ഭംഗിയായി നിർവ്വഹിക്കും. ദൈവം പറയുന്നത് കേൾക്കാനും അനുസരിക്കാനും നമുക്ക് തയ്യാറാകാം. അശുഭ ചിന്തകളെ കുടഞ്ഞെറിയാം. പുതുവർഷത്തിൽ കർത്താവ് ഒരുക്കിവെച്ചിരിക്കുന്നത്, അല്ലെങ്കിൽ ചെയ്യുവാൻ ഏൽപ്പിക്കുന്നത് എന്തായാലും നമുക്ക് സന്തോഷത്തോടെ ചെയ്യാം. പരാതികളും പരിഭവങ്ങളുമില്ലാത്ത നല്ല ദാസന്മാരായി നമുക്ക് പെരുമാറാം. ലോകത്തിന്റെ കണ്ണിൽ ഭോഷത്വമായ ക്രൂശിന്റെ വചനം അനുസരിക്കുന്ന ദൈവത്തിന്റെ ബുദ്ധിമാൻമാരായ മക്കളായി നമ്മുടെ പിതാവിന്റെ പ്രതീക്ഷ പൂർണ്ണമായി നിറവേറ്റാം. 'ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിലെ പ്രഭപോലെയും പലരെയും നീതിയിലേക്ക് നയിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും ശോഭിക്കും' ദാനിയേൽ 12:3. നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്താൽ സൂര്യനെപ്പോലെ പ്രകാശിക്കും' മത്തായി 13:43.

## ഫ്രാൻസിസ് മാർപാപ്പയ്ക്ക് ..........

1-ാം പേജ് തുടർച്ച

തന്റെ എക്സ് അക്കൗണ്ടിൽ പോസ്റ്റ് ചെയ്ത ഈ ഫോട്ടോയിൽ, പ്രസിഡന്റ് ബൈഡൻ 2025 ജനുവരി 11 ന് ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം സമ്മാനിക്കുന്നത് കാണിച്ചിരിക്കുന്നു.

കാലിഫോർണിയയിലെ കാട്ടുതീയുടെ പശ്ചാത്തലത്തിൽ, അവസാന വിദേശ സന്ദർശനമായി കണക്കാക്കിയ ഇറ്റലിയിലേക്കുള്ള യാത്ര ബൈഡൻ റദ്ദാക്കിയിരുന്നു.

പരിശുദ്ധ സിംഹാസനത്തിലേക്കുള്ള തന്റെ സന്ദർശനം റദ്ദാക്കേണ്ടി വന്നതിൽ ബൈഡൻ ഖേദം പ്രകടിപ്പിച്ചു. വൈറ്റ് ഹൗസ് പറയുന്നതനുസരിച്ച്, 'ദുർബല സമൂഹങ്ങളുടെ ദുരിതം ലഘൂകരിക്കുന്നതിനുള്ള ഫ്രാൻസിസ് മാർപാപ്പയുടെ പ്രവർത്തനങ്ങൾ ഉൾപ്പെടെ, ലോകമെമ്പാടുമുള്ള സമാധാനം മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള ശ്രമങ്ങളെക്കുറിച്ചും ബൈഡനും ഫ്രാൻസിസും ചർച്ച ചെയ്തു.

ദക്ഷിണാർദ്ധഗോളത്തിൽ നിന്നുള്ള ആദ്യത്തെ പോപ്പായ ഫ്രാൻസിസ് മാർപാപ്പ മുമ്പ് വന്ന ആരെയും പോലെയല്ല. എല്ലാറ്റിനു മുപരി, അദ്ദേഹം ജനങ്ങളുടെ പോപ്പാണ്. ലോകമെമ്പാടും പ്രകാശിക്കുന്ന വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും ഒരു പ്രകാശമാണെന്നും വൈറ്റ് ഹൗസ് കൂട്ടിച്ചേർത്തു.

# ഗ്രേറ്റ തൂൺബർഗ്: ഭൂമിയുടെ അവകാശി



എം.കെ. ഹരികുമാർ

കഴിഞ്ഞ ഏതാനും വർഷങ്ങളായി പലരും എന്നോട് ചോദിക്കാറുണ്ട്, ലോക രാഷ്ട്രീയരംഗത്തും ഐക്യരാഷ്ട്രസഭയുടെ രാഷ്ട്രീയ ചർച്ചകളിലും കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെപ്പറ്റി ഭ്രാന്ത് പിടിച്ച ആത്മാർത്ഥതയോടെ പ്രസംഗിക്കുകയും പ്രതികരിക്കുകയും ചെയ്തു ഏവരുടെയും പ്രശംസയ്ക്ക് പാത്രമായ സ്വീഡിഷ് കൗമാരക്കാരി ഗ്രേറ്റ തൂൺബർഗിനെക്കുറിച്ച് എന്താണ് എഴുതാത്തതെന്ന് !വാസ്തവത്തിൽ ഞാനത് ആലോചിക്കാറുണ്ടായിരുന്നെങ്കിലും എഴുതാൻ ശക്തി പോരെന്ന് തോന്നുകയായിരുന്നു .ഗ്രേറ്റ എന്ന ആ കുട്ടി നമ്മുടെ വിശ്വസാഹോദര്യത്തിന്റെ, പ്രകൃതിയുടെ, ലോകസംരക്ഷകഭാവത്തിന്റെ മുഴുവൻ ചേതനയും ഉത്തരവാദിത്തവും ആവാഹിച്ചവളാണ്. അവൾ എത്ര വേദനയോടെ ,ഉള്ളിൽ തട്ടിയാണ് പ്രസംഗിക്കുന്നത്!.പറയുന്ന വാക്കുകൾ ഉള്ളിൽ നിന്ന് കരിങ്കൽ ഭിത്തികൾ ഭേദിച്ച് പുറത്തു വരുന്ന ഉറവ പോലെ ശുദ്ധമാണ്.

വെറും എട്ടു വയസ്സുള്ളപ്പോൾ കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ച് അതിന്റെ ഭവിഷ്യത്തിനെക്കുറിച്ച് അറിഞ്ഞതോടെ അവളുടെ സ്വഭാവത്തിൽ തന്നെ മാറ്റം വന്നുവെന്നാണ് മാതാപിതാക്കൾ പറഞ്ഞത് .ആ കാര്യങ്ങൾ അവളെ നിരാശയിലാഴ്ത്തി.പതിനൊന്ന് വയസ്സായപ്പോഴേക്കും അവൾക്ക് സംസാരിക്കാനും ഭക്ഷണം കഴിക്കാനും താല്പര്യമില്ലാതായി. ഇത് ആസ്പർജർ സിൻഡ്രോം (കുറച്ചു മാത്രം സംസാരിക്കുക ,ഒരു വിഷയത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക) എന്ന രോഗമാണെന്ന് കണ്ടെത്തുന്നതിനിടയാക്കി.

വാക്കുകളുടെ വലിയ ലോകം സംസാരിക്കുമ്പോൾ അവൾക്ക് ബുദ്ധിപരമായി സൂക്ഷ്മതയുണ്ട്. പ്രായത്തേക്കാൾ ഗൗരവമാണ്. വിഷയത്തോടാണ് കൂറ്. അവൾ പറയുന്ന വാക്കുകൾ അവളെക്കാൾ വലിയ ലോകമാണ് സൃഷ്ടിക്കുന്നത്. അവൾ അചഞ്ചലമായ പോരാട്ടവീഥിയിലാണ്. പരിസ്ഥിതി നശീകരണത്തിനെതിരെ അവൾ സ്കൂൾ കാലം മുതൽ പ്രതിഷേധിച്ചിട്ടുണ്ട് .ഓട്ടിസത്തിനു സമാനമായ രോഗാവസ്ഥയുണ്ടായിട്ടും അവൾ അതിനെ സർഗാത്മകമായി പ്രതിരോധിച്ചത് ഒരു ലോകദുരന്തത്തെ ഒഴിവാക്കുന്നതിനുള്ള സമരങ്ങളിൽ പങ്കാളിയായിക്കൊണ്ടാണ്.

'ജനങ്ങളാണ് കഷ്ടപ്പെടുന്നത്. അവരാണ് മരിക്കുന്നത്. നിങ്ങൾ എന്റെ സ്വപ്നങ്ങൾ തകർത്തു. ശൂന്യമായ വാക്കുകൾ കൊണ്ട് പരിസ്ഥിതിവ്യവസ്ഥയെ നിങ്ങൾ നശിപ്പിച്ചു. എന്നിട്ടും നിങ്ങൾ സാമ്പത്തിക വളർച്ചയെക്കുറിച്ച് പറയുന്നു. നിങ്ങൾക്ക് എങ്ങനെ ഇതിനു കഴിയുന്നു ? ഞങ്ങൾ വംശീയമായ നാശത്തിന്റെ വക്കത്താണ്. എന്നിട്ടും നിങ്ങൾ പണത്തെക്കുറിച്ച് പറയുന്നു .മുപ്പത് വർഷമായി ശാസ്ത്രം കൃത്യമായി കാർബൺ ബഹിർഗമനത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് വിവരം നൽകുന്നുണ്ട്. എന്നിട്ടും നിങ്ങൾക്ക് എങ്ങനെ ധൈര്യമുണ്ടായി എല്ലാം ഭദ്രമാണെന്ന് പറയാൻ?'ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥാവ്യതിയാന ഉച്ചകോടിയിൽ രാഷ്ട്രനേതാക്കളെ വിമർശിച്ച് ഗ്രേറ്റ നിർവ്വഹിച്ച വികാരനിർഭരമായ പ്രസംഗത്തിലെ വാക്കുകളാണിത്. ഈ പ്രസംഗത്തിൽ തന്നെ ഗ്രേറ്റ രൂക്ഷമായി ഇങ്ങനെ പ്രതികരിക്കുന്നു: 'നിങ്ങൾ ഞങ്ങളെ പരാജയപ്പെടുത്തുകയാണ്. പക്ഷേ, യുവജനങ്ങൾക്ക് നിങ്ങളുടെ വഞ്ചനയെക്കുറിച്ച് അറിയാം. മുഴുവൻ ഭാവിതലമുറകളുടെയും കണ്ണുകൾ നിങ്ങൾക്ക് മേലുണ്ടെന്ന് ഓർക്കുക. നിങ്ങൾ ഞങ്ങളെ പരാജയപ്പെടുത്താൻ നോക്കിയാൽ ഞങ്ങൾ ഒരിക്കലും മാപ്പ് തരികയില്ല.'

ഇന്ന് ഇരുപത്തിയൊന്ന് വയസ്സുള്ള ഒരു കുട്ടിയാണ് ഗ്രേറ്റ.അവൾ ഈ ഭൂമുഖത്തെ മനുഷ്യർക്ക് വേണ്ടി പോരാടുകയാണെന്ന് ഓർക്കണം. അവൾ ക്ഷോഭിക്കുന്നത് രാഷ്ട്രത്തലവന്മാരോട് മാത്രമല്ല തീരുമാനങ്ങളെടുക്കാൻ ശക്തിയുള്ള മുഴുവൻ ഭരണകർത്താക്കളോടുമാണ്. ഫയലുകളുടെയും നൂലാമാലകളുടെയും കെണിയിൽ നിന്ന് ഉയർന്നു വന്ന് ലോകത്തെ അൽപ്പം ഒന്ന് കാരുണ്യത്തോടെ നോക്കാൻ ഗ്രേറ്റ പറയുന്നു .

**മൃഗങ്ങളെ കൊന്ന് ഒന്നും വേണ്ട**

കാലമാണ് ഗ്രേറ്റയെ സൃഷ്ടിക്കുന്നത്.നാലുവർഷത്തിലേറെയായി അവളെ ലോകരാഷ്ട്രങ്ങൾ ശ്രദ്ധിക്കുന്നു. അവളെ അവർ ഭയപ്പെടുന്നു.തെറ്റായ വികസന സങ്കല്പങ്ങൾ എങ്ങനെ മനുഷ്യവിരുദ്ധമായി നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യത്തെ തുറന്നു കാണിക്കുകയാണ് അവൾ ചെയ്തത്.

അവൾ ലോകജനതയ്ക്ക് മുന്നിൽ ചോദ്യങ്ങളുയർത്തുന്നു .മൃഗങ്ങളെ കൊന്ന് നിർമ്മിക്കുന്ന ഒരു വസ്തുവും താൻ ഉപയോഗിക്കുകയില്ലെന്നും അത് പ്രകൃതിക്ക് എതിരാണെന്നും ഇളം പ്രായത്തിൽ ഒരാദർശമായി വിളിച്ചു പറഞ്ഞ ഈ പെൺകുട്ടി നവീന കാലത്ത് അഹിംസയുടെ തത്ത്വമാണ് വിളംബരം ചെയ്യുന്നത്.

ഗ്രേറ്റയെക്കുറിച്ച്, എന്തുകൊണ്ടോ , മലയാളസാഹിത്യത്തിൽ കാര്യമായി ഒന്നും എഴുതപ്പെട്ടിട്ടില്ല.'ഒരു മാറ്റം കൊണ്ടുവരാൻ ആരുടെയും വലിപ്പക്കുറവ് ഒരു പ്രശ്നമല്ല' എന്ന പുസ്തകം ഗ്രേറ്റയുടെ പ്രസംഗങ്ങളുടെ സമാഹാരമാണ്. ലോകനന്മയ്ക്കായി പൊരുതുന്ന ഗ്രേറ്റയെ ലോകം സമ്മാനങ്ങൾ കൊണ്ട് പൊതിയുകയാണ്. അവളുടെ പ്രഭാഷണങ്ങൾ പുസ്തകമാക്കിയും പ്രചരിപ്പിച്ചും ലോകം ആഘോഷിക്കുന്നു. എത്ര പുരസ്കാരങ്ങളാണ് അവൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. 2019 ൽ ഗ്രേറ്റയ്ക്ക് റേച്ചൽ കാഴ്സൺ (1907 1964) സമ്മാനം ലഭിച്ചു.അമെരിക്കൻ മറൈൻ ബയോളജിസ്റ്റായ റേച്ചൽ കാഴ്സൺ എഴുതിയ 'സൈലന്റ് സ്പ്രിംഗ്' ലോക പരിസ്ഥിതിപ്രേമികളുടെ കൈപ്പുസ്തകമാണ്. അവർ സമുദ്രത്തെക്കുറിച്ച് എഴുതിയ മൂന്ന് പുസ്തകങ്ങൾ അണ്ടർ ദ് സീ വിൻഡ് ,ദ് സി എറൗണ്ട് അസ്, ദ് എഡ്ജ് ഓഫ് ദ് സീ ലോകത്തിന്റെ അപൂർവമായ ഒരു നേട്ടമാണ്.മൂന്നുവർഷമായി ഗ്രേറ്റ നോബൽ സമാധാനസമ്മാനത്തിന് നാമനിർദ്ദേശം ചെയ്യപ്പെടുന്നു. 2019 ൽ ഗ്രേറ്റ സ്വീഡിഷ് വുമൻ ഓഫ് ദ് ഇയർ ആയിരുന്നു. ടൈം പേഴ്സൺ ഓഫ് ദ് ഇയർ (2019), ആംനസ്റ്റി ഇന്റർനാഷണലിന്റെ അംബാസിഡർ ഓഫ് കോൺഷ്യൻസ് അവാർഡ് ,റൈറ്റ് ലൈവിലിഹുഡ് അവാർഡ് ,ഇന്റർനാഷണൽ ചിൽഡ്രൻസ് ഫീസ് പ്രൈസ് തുടങ്ങിയവ ചില ആദരവുകൾ മാത്രം.

**ഗ്രേറ്റ മലയാളകഥയിൽ**

എന്നാൽ മലയാളസാഹിത്യത്തിൽ ഗ്രേറ്റ ഒരു വിഷയമായിരുന്നില്ല. എന്റെ ഈ വഴിക്കുള്ള അന്വേഷണമാണ് കെ.പി. രാമനുണ്ണിയുടെ 'എനക്ക് ഗ്രേറ്റേച്ചിയെ കാണണേയ്'(ദേശാഭിമാനി വാരിക ,ഡിസംബർ 24,2023) എന്ന കഥയിൽ എത്തിച്ചത്. ഞാനിത് വായിച്ചിരുന്നില്ല. ഒരു സുഹൃത്ത് അയച്ചു തരികയായിരുന്നു .ഞാൻ ആർത്തിയോടെ വായിച്ചു. ഒരു സ്വീഡിഷ് പെൺകുട്ടിയെപ്പറ്റി ,ഭൂമിയിലെ ഈ മാലാഖയെപ്പറ്റി ആയിരം നാവുമായി ഒരു കഥാകൃത്ത് എഴുതിയത് കണ്ടപ്പോൾ വികാരവിവശനായി. ഗ്രേറ്റ നമ്മെ നയിക്കും എന്ന് പറയാൻ തോന്നി .പ്രായമായ നമ്മുടെ ലോകത്തിന് ഗ്രേറ്റയുടെ യൗവനം വേണം. ഗ്രേറ്റ ഒരു നക്ഷത്രമാണ്. അവൾക്ക് ശോഭയുണ്ട്.രാമനുണ്ണിയുടെ കഥയിൽ ഗ്രേറ്റയെ ഭൂമിയിലെ ലാവണ്യത്തിന്റെ രോമാഞ്ചമായി അവതരിപ്പിക്കുകയാണ്. അങ്ങനെ തന്നെ വേണം. നമുക്ക് നഷ്ടപ്പെട്ടതെന്തോ തേടിപ്പിടിക്കാൻ നമ്മെ അവൾ പ്രേരിപ്പിക്കുന്നു. വയനാട് കമ്പളക്കാട് പട്ടണത്തിൽ ഗ്രേറ്റയെ പോലെ പരിസ്ഥിതിക്ക് വേണ്ടി പോരാടുന്ന, സ്കൂളിന്റെ മുന്നിൽ നിരാഹാരം അനുഷ്ഠിക്കുന്ന കബനി എന്ന പെൺകുട്ടിയിലൂടെയാണ് കഥാകൃത്ത് ഗ്രേറ്റയിലേക്ക് നമ്മെ കൊണ്ടുപോകുന്നത്.പനിബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുന്ന കബനി ഞെട്ടിയുണർന്ന് ആവശ്യപ്പെടുകയാണ് തനിക്ക് ഗ്രേറ്റയെ കാണണമെന്ന്. അവൾ നിലവിളിക്കുകയാണ്. ഗ്രേറ്റയെ വിവരമറിയിച്ചു. അവൾ പെട്ടെന്ന് തന്നെ കോഴിക്കോട് എത്തുകയാണ്. ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് വാങ്ങി കബനി, ഗ്രേറ്റയോടൊപ്പം, തന്റെ ഗ്രാമത്തിലേക്ക് പോവുകയാണ്. അവർ പോകുന്ന വഴിയെല്ലാം ഭൂമി സ്വർഗമായി മാറുന്നു, മുമ്പൊരിക്കലും അനുഭവിക്കാത്ത വിധം .

**ഈ നാട് എത്ര മനോഹരം**

'പാതയോരം മുഴുക്കെ പുഷ്പിണികളായ പനിനീർച്ചെടികൾ, തലയാട്ടുന്ന സൂര്യകാന്തിപ്പൂക്കൾ, ചിരിക്കുന്ന ചെണ്ടുമല്ലികൾ, ചന്ദ്രമുഖികളായ കുസുമങ്ങൾ, പടർന്നു പന്തലിച്ച ആൽമരങ്ങൾ, ചക്ക നിറഞ്ഞ വരിക്കപ്ലാവുകൾ, മാങ്ങ മുറ്റിയ ആകാശമാവുകൾ, ദൂരെ ദൂരെ പച്ചപിടിച്ച തെയിലക്കാടുകളും കറുത്തിരുണ്ട കാപ്പിത്തോട്ടങ്ങളും. വഴിയിൽ വീണ്ടും ചാടിമറിയുന്ന വാനരന്മാർ, പരസ്പരം പേൻ നോക്കുന്ന അമ്മക്കുരങ്ങന്മാർ, ഹനുമാൻ ധ്യാനം നടത്തുന്ന തന്തക്കുരങ്ങന്മാർ, അങ്ങിങ്ങു നൃത്തം ചവിട്ടുന്ന മയിലുകൾ, പൊന്തക്കാടുകളിൽ പതുങ്ങുന്ന മുയലുകൾ, മരക്കൊമ്പിൽ കാറുന്ന കാക്കകൾ, നിർത്താതെ മൂളുന്ന മൂങ്ങകൾ ,വായുമണ്ഡലത്തിൽ പെയിൻറിംഗ് പരിശീലിക്കുന്ന പൂമ്പാറ്റകൾ...' എത്ര മനോഹരമാണ് നമ്മുടെ നാട് ! അത് ഗ്രേറ്റ നേരിട്ടനുഭവിക്കുകയാണ്.

പ്രമുഖ പോർച്ചുഗീസ് കവി ഫെർനാണ്ടോ പെസ്സോവയുടെ ഒരു കവിതയിൽ പറയുന്നുണ്ട് തന്റെ വീടിനു അടുത്തുണ്ടായിരുന്ന പാറകളും മരങ്ങളും നദിയും ഒരു ദിവസം പെട്ടെന്ന് തന്റെ ദൃഷ്ടിയിൽപ്പെട്ടെന്ന്! അതുവരെ അടുത്ത് കൂടിയാണ് പോയിരുന്നത്. എന്നാൽ അത് മനസിൽ പതിഞ്ഞില്ല. അതിനു ജ്ഞാനദൃഷ്ടി വേണം. നമ്മൾ കാണുന്നത് പല തരത്തിലാണ്. സത്യജിത് റായിയുടെ കാഴ്ചയാണിത്. സൂക്ഷ്മമായ കാഴ്ചയാണ്. രാമനുണ്ണി ആ കാഴ്ചയാണ് ഗ്രേറ്റക്ക് വേണ്ടി ഒരുക്കിയത് .അത് നമ്മുടെ അനുഭവങ്ങളെ മനോഹരമാക്കി. എന്നുപറഞ്ഞാൽ ഗ്രേറ്റ വെറുമൊരു വ്യക്തിയല്ല; അവൾ പ്രകൃതിയുടെ സാന്നിധ്യമാണ്. അവൾ നമ്മളിലേക്ക് കൊണ്ടുവരുന്നത് അവബോധമാണ്, ഭാവിയാണ്, അറിവാണ് അനുഭൂതിയാണ്. നമ്മളിൽ ഉപേക്ഷിക്കപ്പെട്ട നല്ല ചിന്തകളെ, ബോധ്യങ്ങളെ ,കാഴ്ചകളെ ഗ്രേറ്റ വേർതിരിച്ചെടുത്തു തരുന്നു. പ്രകൃതി ഓരോ കാലത്ത് ആവശ്യത്തിനുവേണ്ടി വ്യക്തികളെ സൃഷ്ടിക്കുകയാണെന്ന് തോന്നുന്നു, നന്മയ്ക്ക് വേണ്ടിയും തിന്മയ്ക്ക് വേണ്ടിയും.

# സഭ – സമുദായം – സംഘടന



ഷാജി മണിയാറ്റ്

1901-ൽ ലോസ് ആഞ്ചലസ്സിലെ അസ്സൂസ് തെരുവിലും കാൻസാസിലെ ടൊപോകാ നഗരത്തിലുമായി പിറന്നു വീണ ആധുനീക പെന്തെക്കോസ്തു പ്രസ്ഥാനത്തിന് അന്ന് വിരലിൽ എണ്ണാവുന്ന വിശ്വാസികളെ ഉണ്ടായിരുന്നുള്ളൂ. ചാൾസ് പർഹാം എന്ന പാസ്റ്ററുടെ നേതൃത്വത്തിൽ ആരംഭിച്ച ആദ്യസഭയിൽ വില്യം സീമോർ, അഗ്നസ്സ് ഓസ്മാം എന്നീ വിശ്വാസികൾ മാത്രമായിരുന്നു അംഗങ്ങളായിരുന്നത്. എന്നാൽ കഴിഞ്ഞ 124 വർഷം കൊണ്ട് ഇന്ന് 600 മില്യൺ പെന്തെക്കോസ്ത് വിശ്വാസികൾ ലോകത്തിലുണ്ട്. ലോകചരിത്രത്തിൽ ഇത്രയും നാളിനിടയിൽ ഇതുപോലെ വളർന്ന ഒരു സഭയും ഇന്നുവരെ ഉണ്ടായിട്ടില്ല. ഇതിന്റെ പിന്നിലെ ചാലകശക്തി പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഒന്നു മാത്രമായിരുന്നു. ഇന്നും പെന്തക്കോസ്തിന്റെ വളർച്ച അത്ഭുതപൂർവ്വമായി തുടരുന്നു.

1909-ൽ ജോർജ്ജ് ബെർഗും അതിനുശേഷം റോബർട്ട് കുക്കിന്റെയും സന്ദർശനം മലങ്കരയിൽ പെന്തെക്കോസ്തു പ്രസ്ഥാനങ്ങൾക്ക് ബീജാവാപം നടത്തി. പരിശുദ്ധാത്മാവിന്റെ പൂർണ്ണനിയന്ത്രണത്തിൽ ആരംഭിച്ച പ്രസ്ഥാനം കേരളക്കരയെ പിടിച്ചു കുലുക്കി. സഭയായി ആരംഭിച്ച പെന്തെക്കോസ്തു പ്രസ്ഥാനം സഭ കഴിഞ്ഞ്, സമുദായവും കഴിഞ്ഞ്, സംഘടന എന്ന നിലയിൽ എത്തിച്ചേർന്നിരിക്കുന്നു. ഒരിക്കൽ അതായത് 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വേർപാടും വിശുദ്ധിയും കൈമുതലാക്കിയ പെന്തെക്കോസ്തർ ആഭരണവും നാമദേയ ക്രൈസ്തവ ആചാരങ്ങളും സഭയിൽ നിന്നും പുറത്താക്കിയിരുന്നു. ജീവിത വിശുദ്ധി അവരുടെ മാനദണ്ഡം ആയിരുന്നു. കാലം കടന്നുപോയതോടുകൂടി നാമധേയ ക്രൈസ്തവ ആചാരങ്ങൾ എല്ലാംതന്നെ പെന്തക്കോസ്തുകാർ പ്രാർത്ഥിച്ച് തിരിച്ച് എടുത്തുകൊണ്ടിരിക്കുന്നു. ഇന്ന് പെന്തക്കോസ്തരും ഇതര ക്രൈസ്തവ വിഭാഗങ്ങളും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലാതായിരിക്കുന്നു. ചില വർഷങ്ങൾ മുൻപുവരെ പെന്തക്കോസ്തുകാർ ക്രിസ്തുമസ് ആഘോഷിക്കുകയോ കരോൾ സംഘങ്ങളായി വീടുകളിൽ പോവുകയോ ചെയ്തില്ലായിരുന്നു. ഈ വർഷം ഡാളസ് പട്ടണത്തിലെ പല പെന്തക്കോസ്ത് സഭകളും കരോൾ സംഘമായി ചേർന്ന് ആഘോഷം പൊലിപ്പിച്ചു. അവർക്ക് യേശു തമ്പുരാൻ ഇന്നും ഉണ്ണിയേശു തന്നെ.

ക്രിസ്തുമസ് ആഘോഷിക്കുന്നതിൽ തെറ്റുണ്ടോ? ഒരു തെറ്റുമില്ല. കർത്താവിന്റെ ജന്മദിനമാണ് ഡിസംബർ 25 എങ്കിൽ ആഘോഷിക്കുന്നതിൽ എന്താണ് തെറ്റ്? എന്നാൽ ഡിസംബർ 25 ആണ് കർത്താവിന്റെ തിരുപിറവി ദിനം എന്നത് സങ്കല്പം തന്നെ അല്ലേ? കർത്താവ് ജനിച്ചത് ബി.സി. 4-ൽ ആണെന്ന് വിശ്വസിക്കപ്പെടുന്നു. ജൂലിയസ് സീസറിന്റെ അനന്തരവനായിരുന്ന ഒഗസ്റ്റസ്സ് സീസർ റോമൻ ചക്രവർത്തിയായിരുന്ന സമയത്ത് നമ്മുടെ കർത്താവിന്റെ ജനനം എന്ന് തിരുവചനം പഠിപ്പിക്കുന്നു, അദ്ദേഹത്തിന്റെ ജീവിതകാലം 63 ബി.സി. മുതൽ 14 എ.ഡി. വരെയായിരുന്നു. അന്നത്തെ ഗവർണറായിരുന്ന കുറേന്യസ് സിറിയായിൽ ഭരണം നടത്തിയിരുന്നത് 51 ബിസി മുതൽ എഡി 21 വരെയും എന്ന് ചരിത്രവും രേഖപ്പെടുത്തുന്നത് തിരുവചനം ശരിയെന്ന് തന്നെ തെളിയിക്കുന്നു. അതുകൊണ്ട് കർത്താവിന്റെ ജനനം ബിസി 4 ഉം ക്രൂശീകരണം എഡി 29 ലും എന്ന് കണക്കാക്കുന്നു. കർത്താവിന്റെ ജനനസമയത്ത് ജോസഫും മറിയയും നസ്രത്തിൽ നിന്നും 65 മൈൽ താണ്ടി ബേത്‌ലഹേമിൽ എത്തിച്ചേർന്നു. അവർ കുറഞ്ഞത് 4 ദിവസമെങ്കിലും എടുത്തു കാണും ഇത്രയും വഴി താണ്ടുവാൻ. ക്രിസ്തുവിന്റെ ജനനസമയത്ത് ഇടയന്മാർ പുറത്ത് ആടുകളെ മേയിച്ചിരുന്നു. ഇത് തണുപ്പ് സമയമായ ഡിസംബറിൽ ആയിരിക്കാൻ സാധ്യമല്ല. തന്നെയുമല്ല. ജനപ്രീയ കാര്യങ്ങൾ നടത്തിയിരുന്ന ഓഗസ്റ്റ് സീസൺ തണുപ്പ് സമയത്ത് സെൻസസ്സ് എടുക്കുവാൻ ഒരു കാരണവശാലും കല്പന പുറപ്പെടുവിക്കയില്ല. പിന്നെ എങ്ങനെ ഡിസംബർ 25 ക്രിസ്മസ് ദിനമായി തീർന്നു.

കോൺസ്റ്റന്റീൻ ചക്രവർത്തി റോമിന്റെ ഭരണം നടത്തിയിരുന്ന 4-ാം നൂറ്റാണ്ടിൽ സൂര്യദേവന്റെ ദിവസമായ ഡിസംബർ 25 ക്രിസ്മസ് ദിനമായി മാറ്റി ആഘോഷിക്കുകയായിരുന്നു. പ്രാചീന പേർഷ്യൻ ആഘോഷമായ സൂര്യദേവ നമസ്ക്കാരം കോൺസ്റ്റന്റൈൻ ചക്രവർത്തി പേർഷ്യയെ തോല്പിച്ച് കീഴടക്കിയതോടുകൂടി അവരുടെ ആചാരങ്ങളും റോമൻ ഭരണത്തിന്റെ ഭാഗമായി തീർന്നു. അങ്ങനെ ഡിസംബർ 25 ഔദ്യോഗീകമായി ക്രിസ്മസ് ദിനമായി തീർന്നു. ഒന്നാം നൂറ്റാണ്ടിലോ രണ്ടാം നൂറ്റാണ്ടിലോ, മൂന്നാം നൂറ്റാണ്ടിലോ ക്രിസ്മസ് ആഘോഷിച്ചിരുന്നില്ല.

ആദിമ നൂറ്റാണ്ടിലെ അപ്പോസ്തോലന്മാരോ ദൈവസഭയോ ഇത് ആഘോഷിച്ചിട്ടില്ല. കരോൾ സംഘപരിപാടികളും മറ്റ് ആചാരങ്ങളും സമുദായത്തിന്റെ ആണെന്ന് പഠിപ്പിച്ചിരുന്ന നമ്മുടെ പിതാക്കന്മാരുടെ ജീവിത വിശുദ്ധിയും ജീവിതവുമായിരുന്നു പെന്തക്കോസ്തിന്റെ മുഖമുദ്ര. ഇന്ന് ഇതെല്ലാം നാം തിരിച്ചെടുക്കുന്നു. പെന്തക്കോസ്തു സഭ ഇന്ന് സഭയും കടന്ന്, സമുദായവും കടന്ന് സംഘടനയിൽ എത്തിച്ചേർന്നിരിക്കുന്നു.

# ഇമ്മാനുവേൽ നമ്മോട് കൂടെത്തന്നെ!



**ഡോ. മാത്യു ജോയിസ്**
**ലാസ് വേഗാസ്**



ക്രിസ്മസിന്റെ കാലം ഒരുമയുടെയും നന്ദിയുടെയും നിസ്വാർത്ഥതയുടെയും സമയമാണ്. യേശുവിന്റെ സ്നേഹത്തെയും സുവിശേഷത്തെയും പ്രതിഫലിപ്പിക്കാനും രക്ഷയുടെ ദാനത്തിന് നന്ദി പറയാനുമുള്ള സമയമാണിത്. സ്നേഹം, ഔദാര്യം, സേവനം എന്നിവയിലൂടെ നമ്മുടെ വിശ്വാസം സാക്ഷീകരിക്കേണ്ട ഒരു സമയം കൂടിയാണ് ക്രിസ്മസ്.

ക്രിസ്തുമസ് ലോകമാസകലം സന്തോഷത്തോടെ കൊണ്ടാടുന്ന ഒരു ആഘോഷമാണെന്നതിൽ തെല്ലും സംശയമില്ല, പക്ഷേ അതൊരു അനുഭവവും ദൈവീക പദ്ധതിയുമായി മാറുന്നത്, ബൈബിളിന്റെ പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും ആദ്യ പേജുകളിലേക്കു ഒരെത്തിനോട്ടം നടത്തുമ്പോഴായിരിക്കും.

നമ്മൾ ചിന്തിക്കുന്ന ക്രിസ്തുമസ്, ബേത്‌ലഹേമിൽ പുൽക്കൂടിനു മുകളിലെ ജ്വലിക്കുന്ന നക്ഷത്രത്തിൽ നിന്നായിരിക്കാം തുടങ്ങുന്നത്. ഒരു പക്ഷേ, ഇതിന്റെ പിൻ ചരിത്രം ഉല്പത്തിയുടെ ആദ്യ അധ്യായങ്ങളിൽ ഏദൻ തോട്ടത്തിൽ തന്നെ തുടങ്ങുന്നു. ആദാമിനെയും ഹവ്വായെയും, ദൈവത്തിന്റെ ശത്രുവായ സാത്താൻ തന്നിൽ വിശ്വാസം അർപ്പിക്കുന്നതിനും ദൈവത്തെ സംശയിക്കാനും പ്രലോഭിപ്പിച്ചു. സ്രഷ്ടാവായ ദൈവത്തെക്കാൾ, ചതിയനായ പിശാചിന്റെ തന്ത്രങ്ങളിൽ വിശ്വസിച്ചുകൊണ്ട് അവനെ അനുസരിക്കയാൽ, മനുഷ്യൻ അകന്നു പോയെങ്കിലും, ദൈവം അവന്റെ അടുത്ത് തന്നെ ഉണ്ടായിരുന്നു. അന്നേ ദൈവം തീരുമാനിച്ചുറച്ചു.

ഹവ്വയുടെ സന്തതി സാത്താന്റെ തല തകർക്കുമെന്ന ദൈവീക വാഗ്ദാനം പിന്നാലെ സംഭവിക്കുമെന്ന് സൂചിപ്പിച്ചിരുന്നു. അതാണ് രക്ഷയുടെയും വീണ്ടെടുപ്പിന്റെയും പ്രത്യാശയുടെയും ദൈവത്തിന്റെ ആദ്യ വാഗ്ദാനം.

വർഷങ്ങൾ കടന്നുപോയി. മനുഷ്യന്റെ അനുസരണക്കേടിന്റെ പാപഫലങ്ങൾ അവന്റെ സന്തതി പരമ്പരകൾ അനുഭവിച്ചുകൊണ്ടിരുന്നു. നോഹയുടെ കാലത്തെ പ്രളയമോ, മരുഭൂപ്രയാണമോ ന്യായപ്രമാണങ്ങളോ, സോദോം ഗൊമോറയിലെ അഗ്നിജ്വാലകള്ക്കോ മനുഷ്യന്റെ ആത്യന്തിക വീണ്ടെടുപ്പ് പ്രാവർത്തികമായില്ലെന്ന് അനുമാനിക്കാം.

ഇതിനോടൊപ്പം നൂറ്റാണ്ടുകൾക്കു ശേഷം, ദൈവീക പദ്ധതിയിൽ, പരിശുദ്ധാല്മ പ്രേരിതനായി ദീര്ഘദര്ശിയായ യെശയ്യാ പ്രവാചകൻ നമ്മുടെ വീണ്ടെടുപ്പുകാരൻ വരുന്നത് മുന്നമേ കണ്ടു.

നാം ഇന്ന് പറയുന്ന ക്രിസ്തുമസ് കഥയുടെ മൂല കാരണവും വരാനിരിക്കുന്ന മഹത്സംഭവത്തിന്റെ ബന്ധവും അദ്ദേഹം ദർശിച്ചല്ലോ 'കന്യക ഗർഭം ധരിക്കും', ആത്മാവിനാൽ നിർവ്വഹിക്കപ്പെട്ട ഒരു അത്ഭുത പ്രവൃത്തി. ദൈവത്തിന്റെ അത്ഭുതകരമായ രൂപകല്പനയാൽ അവൾ 'ഒരു മകനെ പ്രസവിക്കും'. അവന്റെ പേരോ 'ദൈവം നമ്മോടുകൂടെ' എന്നർഥമുള്ള 'ഇമ്മാനുവൽ'.

**പുതിയനിയമത്തിന്റെ ആദ്യ പേജുകളിലേക്കു വരുമ്പോൾ**

അവിശ്വസനീയമായ ഉദ്ദേശ്യത്തിനായി ദൈവം മറിയത്തെ തിരഞ്ഞെടുത്തു. ശരിക്കും ലോകം ഇതുവരെ അറിഞ്ഞിട്ടില്ലാത്ത ഏറ്റവും വലിയ ദൗത്യം. യോസേഫ് ഈ ശ്രദ്ധേയമായ സത്യം സ്വീകരിക്കുകയും ദൈവമുമ്പാകെ വിശ്വാസത്തിൽ നടക്കാൻ തീരുമാനിക്കുകയും ചെയ്തു. അവൻ നമുക്ക് ഒരു അത്ഭുതകരമായ മാതൃകയാണ്.

ഈ ഇമ്മാനുവേൽ കാലത്തികവിൽ ജയാഘോഷത്തോടെ 'മരണമേ നിന്റെ വിഷമുള്ള് എവിടെ? എൻ യേശു മരണത്തെ ജയിച്ചു. തനിക്കു സ്തുതി ഹല്ലേലൂയാ' പാടി വരാനുള്ള ആ ദൈവപുത്രനാണ് രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ബെത്‌ലഹേമിൽ ഭൂജാതനായത് .

അവന് പൈശാചിക ശക്തികളെ കീഴടക്കി, മരണത്തെ തോൽപ്പിച്ചു, മൂന്നാം ദിവസ്സം ഉയർത്തെഴുന്നേറ്റു, സ്വർഗ്ഗീയ പിതാവോടൊപ്പം നമ്മളെ സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നു.

അവനിൽ വിശ്വസിക്കുന്നവർക്ക് പാപമോചനവും നിത്യജീവനും നൽകുമെന്ന് ദൈവം വീണ്ടും വാഗ്ദാനം ചെയ്തിരിക്കുന്നു. അങ്ങനെ ആദ്യത്തെ ആദാമിനാൽ ലോകത്തിൽ കടന്നു കൂടിയ പാപവും മരണവും, രണ്ടാമത്തെ ആദാമായ യേശുക്രിസ്തുവിനാൽ തുടച്ചു നീക്കുന്ന മഹാ പ്രക്രിയയുടെ പൂർത്തീകരണം ക്രിസ്തുമസ് എന്ന ഇന്നത്തെ ആഘോഷത്തിൽ വന്നു നിൽക്കുന്നു.

ക്രിസ്മസ് ഒരു ആഘോഷമാണ്, കൊടുക്കാനുള്ള സമയമാണ്, നമ്മൾ സമ്മാനങ്ങൾ കൈമാറുന്ന ഒരു ദിവസം മാത്രമല്ല. ക്രിസ്തുമസിന്റെ ചൈതന്യം 'ഒരുമ'യിലാണ്, അത് നമ്മൾ മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കുന്ന സ്നേഹവികാരത്തിൽ തുടങ്ങണം, ഇത് നിസ്വാർത്ഥമായ സമയമാണ്, അവിടെ നമ്മൾ അന്യോന്യം ക്ഷമിക്കുകയും, ഒരു പുതുസൃഷ്ടിയുടെ സ്വഭാവഗുണങ്ങൾ പ്രദർശിപ്പിക്കാനും ശ്രമിക്കുക.

ഈ ഉത്സവ സീസണിൽ നമുക്ക് മറ്റൊരാൾക്കു സഹായം വാഗ്ദാനം ചെയ്തു ആവശ്യമുള്ള മാറ്റം നമ്മിലും അവരിലും വരുത്താം. മറ്റുള്ളവരുടെ ആവശ്യം തിരിച്ചറിയുക, പണം മാത്രമല്ല, അവരുടെ ഷോപ്പിംഗ് നടത്താൻ അവരെ സഹായിക്കുക, അവരോട് സംസാരിക്കാൻ സമയമെടുക്കുക, അവരുടെ കുടുംബത്തെ സന്ദർശിക്കാൻ കൊണ്ടുപോകുക, അവർക്ക് പാചകം ചെയ്യുക അല്ലെങ്കിൽ ഒരു ഉത്സവ വിരുന്നിന് ക്ഷണിക്കുക,സന്നദ്ധ സേവനം നടത്തി പ്രായമായവരെ സന്ദർശിക്കുക, ഭവനരഹിതരെ അല്ലെങ്കിൽ വീടിനടുത്തുള്ളവരെ സഹായിക്കുക, നിങ്ങൾ വളരെക്കാലമായി കാണാത്ത കുടുംബത്തെ സന്ദർശിക്കുക ഇങ്ങനെ എത്രയോ കാര്യങ്ങളിലൂടെ നമുക്ക് ക്രിസ്തുമസിന്റെ സ്നേഹം പങ്കിടാൻ അവസരം ഉണ്ടാക്കാം.

വിശുദ്ധ ബൈബിളിൽ റോമർ 8:28 ഇൽ പറയുന്നതുപോലേ, സ്വർഗ്ഗസ്ഥനായ പിതാവ് നമ്മുടെ ജീവിതത്തിലെ എല്ലാ സന്തോഷങ്ങളും വെല്ലുവിളികളും ഏറ്റെടുക്കുകയും നമ്മുടെ നന്മയ്ക്കും അവന്റെ മഹത്വത്തിനും വേണ്ടി ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. കൂടാതെ, ജീവിതത്തിന്റെ എല്ലാ മേഖലകളിലും ദൈവത്തിനും കുടുംബത്തിനും മുൻഗണന നൽകുക!

ഒരുവൻ ക്രിസ്തുവിലായാൽ, അവൻ ഒരു പുതുസൃഷ്ടിയാണ്, അങ്ങനെയെങ്കിൽ ക്രിസ്തുമസിൽ മാത്രമല്ല, എന്നും എപ്പോഴും ഇമ്മാനുവേൽ എന്ന ദൈവം നമ്മോട് കൂടെത്തന്നെ.

## ..ഇവിടെ പറുദീസ.. വിടരും പറുദീസ... സുരഭില പറുദീസ

▸▸ *3-ാം പേജ് തുടർച്ച*

സാന്ദ്രമാവുന്നു.

സൗഹൃദത്തിന്റെ കാര്യത്തിൽ ഏറ്റവും സമ്പന്നനായ വ്യക്തിയാണ് ഞാൻ എന്ന് തുറന്ന് സമ്മതിക്കുന്നു. നാനാ തരത്തിൽ, വിവിധ തലങ്ങളിൽ ലോകത്തിന്റെ പല കോണുകളിൽ സ്നേഹം എന്ന ഒറ്റ വികാരത്തിന്റെ കീഴിൽ മറ്റ് അതിർവരമ്പുകൾ ഇല്ലാത്ത ബന്ധം നിലനിർത്തി പോരുന്നതിന്റെ സുഖംഅനുഭവിച്ചറിയുക തന്നെ വേണം. അതുകൊണ്ട് തന്നെ വിവിധതരത്തിൽ ഉള്ള ആശയവിനിമയും സാധ്യമാവുന്നു. അറിവുകളും അനുഭവങ്ങളും പങ്ക് വെക്കപ്പെടുന്നു.

കഴിഞ്ഞ ദിവസം ഞാൻ എന്റെ അടുത്ത സുഹൃത്തുമായി സംസാരിക്കുന്നതിന്റെ ഇടയിൽ ഒരു സാധാരണക്കാരൻ കോടീശ്വരൻ ആയതും അയാളുടെ വളർച്ച സന്തോഷത്തോടെ നോക്കി കണ്ടതും ഒരു സെയിൽസ്മാൻ വ്യവസായി ആയതും സാമ്രാജ്യങ്ങൾ വെട്ടി പിടിച്ചതും എന്നാൽ ഇന്ന് അയാൾ നേടിയതും അതിനപ്പുറവും തകർന്നടിഞ്ഞതും കടക്കെണിയിൽ ആയതും അവസാന സഹായം എന്നപോലെ എന്റെ സുഹൃത്തിനെ സമീപിച്ചതും... ചെവികൊണ്ട് കേട്ടു എങ്കിലും ഞാൻ അതെല്ലാം ഭാവനയിൽ കാണുകയായിരുന്നു. ഒടുവിൽ താൻ സമീപകാലത്തു ഉണ്ടാക്കിയ സാമ്പത്തികനേട്ടങ്ങൾ ഇദ്ദേഹത്തിന് കൊടുക്കാൻ വേണ്ടി ആയിരുന്നിരിക്കാം ഒരു കൂട്ട ആത്മഹത്യ ഒഴിവാക്കാൻ വേണ്ടി ആയിരുന്നിരിക്കാം എന്ന് സ്വയം ഏറ്റു പറഞ്ഞപ്പോൾ എന്റെ സുഹൃത്ത് ഒരു കുടുംബത്തിന്റെ ജീവന് കാവൽ നിൽക്കുന്ന നല്ല ശമരിയക്കാരൻ ആണെന്ന് ഞാൻ അഭിമാനത്തോടെ ഓർക്കുകയായിരുന്നു.

തന്റെ പണം തന്റേത് മാത്രം എന്ന് ചിന്തിക്കുന്ന ആളുകൾക്കിടയിൽ ഇങ്ങനെ ഉള്ളവരും ഉണ്ടെന്നത് ഈ ലോകത്തിന്റെ നന്മ മരിക്കുന്നില്ല എന്നതിന്റെ അടയാളമാണ്.

ഇനിയും സമയം അതിക്രമിച്ചിട്ടില്ല.. നേടിയതെല്ലാം ഇവിടെ ഉപേക്ഷിച്ചു പോയവരാണ് എല്ലാരും. ആരും ഒന്നും കൊണ്ടുവന്നില്ല. കൊണ്ടുപോയതുമില്ല. ജീവിതം ആസ്വദിക്കാതെ പിശുക്കു കാണിച്ചു ജീവിക്കുന്നവരും ധാരാളം. എന്നിട്ടോ ആറടി മണ്ണോ അല്ലെങ്കിൽ പുകച്ചുരുളിൽ അലിയാൻ ഇത്തിരി വിറകു കൊള്ളിയും ഇത്തിരി ഇടവും. പിന്നെ എന്തിന് പിശുക്കണം. എന്നാൽ ധാരാളി ആവണം എന്നല്ല ഇതിനർത്ഥം.

എല്ലാവരും പങ്കുവെച്ചും പരസ്നേഹത്തിൽ ജീവിച്ചാൽ എത്ര മനോഹരമീ ലോകം സമത്വ സുന്ദരമീ ലോകം.. ഇവിടെ പറുദീസ.. വിടരും പറുദീസ... സുരഭില പറുദീസ.

## പിസിനാക്കിന്റെ പ്രഥമ നാഷണൽ കമ്മിറ്റി ചിക്കാഗോയിൽ നടന്നു



**ചിക്കാഗോ :** നാല്പതാമത് പിസിനാക്കിന്റെ പ്രഥമ നാഷണൽ കമ്മിറ്റി ഡിസംബർ ഏഴിന് ചിക്കാഗോയിൽ നടന്നു. സെലിബ്രേഷൻ ചർച്ചിൽ രാവിലെ ആരംഭിച്ച സമ്മേളനത്തിൽ നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൺ അധ്യക്ഷത വഹിച്ചു. സെക്രട്ടറി സാം മാത്യു, ട്രഷറർ പ്രസാദ് ജോർജ് സി പി എ, ഇംഗ്ലീഷ് സെഷൻ കോർഡിനേറ്റർ ഡോക്ടർ ജോനാഥൻ ജോർജ്, നാഷണൽ ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ ജീന വിൽസൺ എന്നിവർ പ്രവർത്തന പദ്ധതികൾ അവതരിപ്പിച്ചു. കോൺഫറൻസിന്റെ തീം ജനറേഷൻ ടു ജനറേഷൻ (സങ്കീർത്തനം 78:4) നാഷണൽ കൺവീനർ അവതരിപ്പിച്ചു. തുടർന്ന് വിവിധ സബ് കമ്മറ്റികളിലേക്ക് നാഷണൽ കമ്മിറ്റി അംഗങ്ങളെ നോമിനേറ്റ് ചെയ്തു. നിലവിലുള്ള സബ് കമ്മറ്റികൾ വിപുലീകരിക്കുവാനും കൂടുതൽ സബ് കമ്മിറ്റികൾ രൂപീകരിക്കുവാനും നാഷണൽ ലോക്കൽ എക്സിക്യൂട്ടീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. പെന്തെക്കോസ്ത് ഉപദേശത്തിന് മുൻതൂക്കം നൽകുന്ന വചനപ്രഘോഷകർക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രസംഗകരായിരിക്കും വചന ശുശ്രൂഷ നടത്തുന്നത് എന്ന് നാഷണൽ ഭാരവാഹികൾ അറിയിച്ചു. നാഷണൽ ട്രഷറർ പ്രസാദ് ജോർജ് സിപിഎ ബഡ്ജറ്റ് അവതരിപ്പിച്ചു. ലോക്കൽ എക്സിക്യൂട്ടീവ് കമ്മറ്റി ഭാരവാഹികളായ ഡോ. ടൈറ്റസ് ഈപ്പൻ, പാസ്റ്റർ ജിജു ഉമ്മൻ, ഡോ ബിജു ചെറിയാൻ, ജോൺ മത്തായി, കെ ഓ ജോസ് സി പി എ, വർഗീസ് സാമുവൽ എന്നിവർ ഇതുവരെയുള്ള പ്രാദേശിക പ്രവർത്തന പദ്ധതികൾ വിവരിച്ചു. 2026 ൽ നടക്കുന്ന നാല്പതാമത് പിസിനാക് കോൺഫറൻസിന് പ്രാദേശിക തലത്തിൽ ശക്തമായ സഹകരണമാണ് ലഭിക്കുന്നതെന്നു നാഷണൽ ഭാരവാഹികൾ വിലയിരുത്തി. ഇതുവരെയുള്ള പ്രവർത്തനങ്ങൾ നാഷണൽ കമ്മിറ്റി അവലോകനം ചെയ്തു. ലോക്കൽ കമ്മിറ്റിയുമായി ചേർന്ന് സമ്മേളനം നടക്കുന്ന ഷാംബർഗ് കൺവെൻഷൻ സെന്ററും മറ്റ് താമസ സൗകര്യങ്ങളും ദേശീയ ഭാരവാഹികൾ സന്ദർശിച്ചു വിലയിരുത്തി.

ലോകോത്തര നിലവാരമുള്ള കൺവെൻഷൻ സെന്ററും അനുബന്ധ സൗകര്യങ്ങളും കോൺഫറൻസിൽ പങ്കെടുക്കുന്നവർക്ക് ഗുണകരമാകുമെന്ന് കമ്മിറ്റി വിലയിരുത്തി. ഒഹയ എയർപോർട്ടിൽ നിന്ന് പതിനഞ്ച് മിനിറ്റിനുള്ളിൽ എത്തിച്ചേരാവുന്ന കൺവെൻഷൻ സെന്ററിൽ 1500 ഓളം സൗജന്യ പാർക്കിംഗ് ലഭ്യമാണ്.

# ജീവിതത്തിന്റെ ധന്യത കണ്ടെത്തുന്ന വർഷമാകട്ടെ 2025



പി.പി. ചെറിയാൻ

രണ്ടായിരത്തി ഇരുപത്തിനാല് മനുഷ്യമനഃസാക്ഷിയെ മരവിപ്പിക്കുന്ന എത്രയോ അതി ഭയങ്കര ദുരന്തങ്ങൾക്കു നാം സാക്ഷിയാകേണ്ടി വന്നു. പശ്ചിമേഷ്യയിലും യുക്രൈനിലും ദീർഘ നാളുകളായി തുടരുന്ന യുദ്ധങ്ങൾ ആഭ്യന്തര, വംശീയ കലാപങ്ങൾ, തീവ്രവാദി പോരാട്ടങ്ങൾ, ഗൺ വയലൻസ് പ്രക്രതി ദുരന്തങ്ങൾ എന്നിവ നിറഞ്ഞു നിൽക്കുന്ന ഒരുകാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്.

പിന്നിട്ട ഓരോ വർഷവും ചരിത്രത്തിന്റെ ഭാഗമായി മാറുമ്പോൾ അന്ധകാരശക്തികളുടെ സ്വാധീന വലയത്തിൽ അകപ്പെട്ടു അന്ധത ബാധിച്ചവർ പ്രയോഗിക്കുന്ന കുടില തന്ത്രങ്ങളുടെ ഭീകര കഥകൾ പുതു വർഷത്തിലും ചരിത്ര താളുകളിൽ നൂതന അദ്ധ്യായങ്ങൾ എഴുതിച്ചേർക്കുമെന്നതിൽ സംശയമില്ല. ഇതോടൊപ്പം 2024ൽ ഫ്രാൻസിലെ പാരീസ് സമ്മർ ഒളിമ്പിക്സ്, ദേശീയ രാഷ്ട്രീയത്തിലും ആഗോള രാഷ്ട്രീയത്തിലും കാര്യമായ സ്വാധീനം ചെലുത്തിയ യുണൈറ്റഡ് സ്റ്റേറ്റ്സ് പ്രസിഡൻറ്റ് തിരഞ്ഞെടുപ്പ ഫലം, സാങ്കേതികവിദ്യയിൽ നിരവധി വലിയ മുന്നേറ്റങ്ങൾ, പ്രത്യേകിച്ച് കൃത്രിമബുദ്ധി, ബഹിരാകാശ പര്യവേക്ഷണം, പുനരുപയോഗിക്കാവുന്ന ഊർജ്ജം,കാലാവസ്ഥാ വ്യതിയാനം, രാഷ്ട്രീയ സംഘട്ടനങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ തുടങ്ങിയ തുടർച്ചയായ വെല്ലുവിളികൾ ലോകം അഭിമുഖീകരിച്ചു. ഇതെല്ലം പിന്നിട്ട വർഷത്തിന്റെ ഗതി രൂപപ്പെടുത്തുന്നതിൽ മുഖ്യ പങ്ക് വഹിച്ചു.

അധികാരം നിലനിർത്തുന്നതിനും പിടിച്ചെടുക്കുന്നതിനും സ്ഥാനമോഹികൾ പാടുപെടുന്നത് കാണുമ്പോൾ അവരുടെ അല്പത്വത്തിൽ സഹതപിക്കുകയല്ലാതെ വേറെ എന്താണ് കരണീയമായിട്ടുള്ളത്. അധികാരവും അവകാശങ്ങളും ദൈവിക ദാനമാണെന്നു വിശ്വസിക്കുന്നവരുടെ എണ്ണം ഇന്ന് അംഗുലീപരിമിതമായിരിക്കുന്നു.

പുതു വർഷത്തിലേക്കു നാം പ്രവേശിക്കുമ്പോൾ അധികാരവും അവകാശങ്ങളും എന്ന വിഷയത്തെ കുറിച്ച് ക്രിസ്തീയ കാഴ്ചപ്പാടിൽ ചിന്തിക്കുന്നത് അവസരോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. അധികാരവും അവകാശങ്ങളും ദൈവീക ദാനമാണ്. ഇതിന് നിയോഗിക്കപ്പെടുന്നവർ ദൈവത്തിന്റെ പ്രതിനിധികളും, നന്മയുടെ പ്രതീകവുമായി മാറണം . ഇത് സംഭവിക്കുന്നില്ലെങ്കിൽ സ്നേഹമെന്ന ആ മൂർത്തഭാവം അവരിൽ നിന്നും അപ്രത്യക്ഷമായിരിക്കുന്നുവെന്നു മാത്രമല്ല. അവർ തിന്മയുടെ സ്വാധീനത്തിൽ പകയുടേയും വിദ്വേഷത്തിന്റേയും വക്താക്കളായി മാറുന്നവെന്നുവേണമെന്ന് കരുതാൻ.

നീ കോപിക്കുന്നതെന്തിന്, നിന്റെ മുഖം വാടുന്നത് എന്ത്? നീ നന്മ ചെയ്യുന്നുവെങ്കിൽ പ്രസാദം ഉണ്ടാകയില്ലയോ ? നീ നന്മചെയ്യുന്നില്ലെങ്കിലോ പാപം വാതുക്കൽ കിടക്കുന്നു (ഉല്പത്തി :4 6,7) ഹാബേലിന്റെ യാഗത്തിൽ പ്രസാദിക്കുകയും കയീനിലും അവന്റെ വഴിപാടിലും പ്രസാദിക്കാതിരിക്കുകയും ചെയ്ത ദൈവത്തിന്റെ പ്രവർത്തിയിൽ കോപിഷ്ഠനായ കയീനോട് ദൈവം അരുളി ചെയ്ത വാക്കുകളാണ് മേലുദ്ധരിച്ചത്. നന്മ ചെയ്യുവാൻ സ്നേഹത്തിന്റെ പ്രചോദനം കൊണ്ട് മാത്രമേ കഴിയൂ ഇല്ലെങ്കിൽ കോപിഷ്ഠനായി നാശത്തിന്റെ വിഷവിത്തു വിതയ്ക്കുന്നവരായി തീരുമെന്നാണ് ഈ സംഭവം വിളിച്ചോതുന്നത്.

മനുഷ്യർ തങ്ങൾക്കു ലഭിക്കുന്ന അധികാരങ്ങളും അവസരങ്ങളും സ്വന്തം സുഖത്തിനുവേണ്ടി മാത്രം വിനിയോഗിക്കുമ്പോൾ നിഷേധിക്കപ്പെടുന്നത് മറ്റുള്ളവരുടെ സുഖവും, നീതിയും സ്വാതന്ത്ര്യവുമാണ്. . ഇത്തരത്തിൽ മനുഷ്യാവകാശങ്ങൾ ചവിട്ടിമെതിക്കപ്പെടുമ്പോൾ ഇതിനെതിരെ പ്രതികരിക്കുന്നവർ ഒരുപക്ഷേ പ്രതികാരത്തിന്റേയും പകയുടേയും ഭാവങ്ങൾ സ്വീകരിച്ചാൽ അതിലവരെ കുറ്റപ്പെടുത്താനാവില്ല. ആയിരക്കണക്കിന് മനുഷ്യ ജീവനുകളെയാണ് തിന്മയുടെ പൈശാചിക ശക്തികൾ അപഹരിച്ചു കൊണ്ടിരിക്കുന്നത്. സ്വന്തശക്തിയിൽ അമിതമായി ഊറ്റം കൊള്ളുകയും അധികാരം നില നിർത്തുന്നതിന് എന്ത് ഹീനമാർഗ്ഗവും സ്വീകരിക്കുന്ന ചിലരുടെയെങ്കിലും കറുത്ത കൈകളാണ് ഇതിനെയെല്ലാം നിയന്ത്രിക്കുന്നത്. ആധുനികരെന്ന് അഭിമാനിക്കുന്ന മനുഷ്യൻ പാപത്തിലാണ് ഇന്ന് ആനന്ദം കണ്ടെത്തുന്നത്.

മനുഷ്യൻ ചെയ്യുവാൻ നിരൂപിക്കുന്നതൊന്നും അവർക്ക് അസാധ്യമായി തീരുകയില്ല. (ഉല്പത്തി 11 6) എന്ന ദൈവ വചനത്തിലെ മുന്നറിയിപ്പ് അനുദിനം വഷളായി കൊണ്ടിരിക്കുന്നു. ആകാശത്തോളം എത്തുന്ന ഒരു ഗോപുരം പണിയുവാൻ അത്യദ്ധ്വാനം ചെയ്യുന്ന മനുഷ്യന്റെപ്രയത്നത്തെ നോക്കി ദൈവം അരുളി ചെയ്ത വചനമാണിത്. മനുഷ്യന്റെ സമ്പത്തും പ്രതാപവും ദൈവത്തെ വെല്ലുവിളിക്കുന്ന തലത്തിലേക്ക്ഉയരുമ്പോൾ ഗോപുരം പണിയുവാൻ ശ്രമിച്ചവർക്കുണ്ടായ അനുഭവം മനുഷ്യൻ വിസ്മരിക്കരുത്.

സൊദോം ഗോമോറയെപ്പോലും ലജ്ജിപ്പിക്കുന്ന മ്ലേച്ഛതകൾ ലോകത്തിൽ അതിവേഗമാണ് വർദ്ധിച്ചുവരുന്നത്. ദൈവിക അടിസ്ഥാനപ്രമാണങ്ങൾക്കുപോലും വെല്ലുവിളി ഉയർത്തികൊണ്ടു സ്വവർഗ്ഗാനുരാഗം, മദ്യത്തിന്റേയും മയക്കു മരുന്നിന്റേയും അമിതസ്വാധീനം, വിവാഹബന്ധങ്ങളുടെ വ്യാപകമായ തകർച്ച പുനർവിവാഹത്തിനുള്ള വ്യഗ്രത തുടങ്ങിയവയ്ക്കെതിരെ ശക്തമായി പ്രതികരിക്കുന്നതിന് ലോക പ്രകാരം അധികാരവും അവകാശങ്ങളും പ്രയോജനപ്പെടുത്തുവാൻ നിയോഗിക്കപ്പെട്ടവർ പരാജയപ്പെടുന്നു. മാത്രമല്ല ഒരു പരിധിവരെ ഇതിനെല്ലാം മൗനാനുവാദം നൽകുന്നതിനും ഇക്കൂട്ടർ തയ്യാറാക്കുന്നു എന്നുള്ളതാണ് ദുഃഖകരമായ വസ്തുത.

ഇവിടെയാണ് സാധാരണ ജനങ്ങൾ കല്ലുകൾ ആയിട്ടാണെങ്കിലും ഉണർന്നെഴുന്നേലേക്കണ്ടത്. ജെറുസലേം ദേവാലയത്തിലേക്കുള്ള ക്രിസ്തു ദേവന്റെ രാജകീയ എഴുന്നളളത്തിൽ കൂടെ സഞ്ചരിച്ചിരുന്നവർ ഹോശന്നാ എന്ന് ആർപ്പ് വിളിക്കുന്നത് തടയുവാൻ ശ്രമിച്ച മഹാപുരോഹിതന്മാരോടും ശാസ്ത്രിമാരോടും പരീശന്മാരോടും ക്രിസ്തു പറഞ്ഞത് ഇപ്രകാരമായിരുന്നു.ഇവർ മിണ്ടാതിരുന്നാൽ ഈ കല്ലുകൾ ആർത്തു വിളിക്കും.ക്രിസ്തീയ ശുശ്രൂഷ നിർവ്വഹിക്കപ്പെടുവാൻ അധികാരവും, അവകാശവും ലഭിച്ചവർ ക്രിസ്തുവിനെ നിയന്ത്രിക്കുവാൻ ശ്രമിക്കുന്നത് അന്നത്തെ പോലെ ഇന്നും അഭംഗുരം തുടങ്ങുന്നു.

അധികാരവും അവകാശങ്ങളും ലഭിച്ചിരിക്കുന്നത് ചില പ്രത്യേക വിഭാഗത്തിൽ പെട്ടവർകാണെന്നുള്ള ധാരണ ചിലരിലെങ്കിലും രൂഢമൂലമായിട്ടുണ്ട്. ഇതു തിരുത്തപ്പെടേണ്ടതാണ്. മെത്രാച്ചനെയോ, പട്ടക്കാരനെയോ അത്മായനെയോ ഒരു വേർതിരിവും ദൈവമുമ്പാകെ ഇല്ല തന്നെ !! സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിക്കുന്ന ഏവരും പിതാവെന്ന ദൈവത്തിന്റെ മക്കളും അവകാശികളുമാണ്. ഈ ദൈവിക വാഗ്ദത്തം ഓരോരുത്തരിലുമുള്ള ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നു

ഹൃദ്യമായി ഒന്നു ചിരിക്കുവാൻ പോലും കഴിയാതെ ബന്ധങ്ങൾ തകർന്നു കൊണ്ടിരിക്കുമ്പോൾ ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ എന്ന പരസ്പര സ്നേഹത്തിന്റെ സന്ദേശം പ്രായോഗീക തലത്തിൽ എത്തിക്കുവാനുള്ള ധാർമ്മിക ഉത്തരവാദിത്വമാണ് നമ്മിൽ അർപ്പിതമായിട്ടുള്ളത്. ബന്ധങ്ങളെ ബന്ധനങ്ങളായി വ്യാഖ്യാനിക്കുവാനുള്ള പ്രവണത നാം ഉപേക്ഷിക്കണം. മറ്റുള്ളവരെ ആദരിക്കുന്നതിനും, കരുതുന്നതിനും ഉതകുന്ന ഒരു സാംസ്കാരിക ബോധം നാം വളർത്തിയെടുക്കണം.

ഒരു ഗോതമ്പു ചെടി ഫലവത്തായി തീരും തോറും തങ്കനിറത്തിലുള്ള അതിന്റെ പുഷ്ടിയുള്ള മണികളുടെ ഭാരം കൊണ്ട് കുനിഞ്ഞുപോകുന്നു. എന്നാൽ തഴച്ചു വളരുന്ന ഭാവം കാണിക്കുന്ന കളയാകട്ടെ അത്. അതിന്റെ തല ഉയർത്തി പിടിക്കുന്നു. കൊയ്തുവരുമ്പോൾ അവ വെറും കള മാത്രമാണെന്ന് തെളിയിക്കുകയും ചെയ്യും. കളയാകട്ടെ യജമാനൻ വെട്ടി തീയിലിട്ട് ദഹിപ്പിക്കുന്നു. അധികാരങ്ങളും അവകാശങ്ങളും ദൈവീക ദാനമാണെന്ന് വിശ്വസിക്കുന്നവർ പുഷ്ടിയുള്ള ഗോതമ്പു മണി വിളയിക്കുന്ന ചെടിയുടെ അവസ്ഥയിലേക്ക് മാറുമ്പോൾ മാത്രമാണ് ജീവിതത്തിന്റെ ധന്യത കണ്ടെത്തുന്നത്. ശേഷിക്കുന്ന മനുഷ്യായുസിന്റെ ഓരോനിമിഷവും ഒരു വെല്ലുവിളിയായി സ്വീകരിക്കുന്നുവെന്ന് പുതുവർഷത്തിൽ പ്രതിജ്ഞ ഏറ്റെടുക്കാം, വരദാതാവിൽ പൂർണ്ണമായി ജീവിതം സമർപ്പിക്കുകയും ചെയ്യാം.സമ്പൽ സമൃദ്ധമായ പുതുവത്സര ആശംസകൾ നേരുന്നു.

## വൈറ്റ്ഹൗസിലെ വിസ്മയക്കാഴ്ചകൾ

1-ാം പേജ് തുടർച്ച

ഹൗസിനെ മികച്ച ഫർണിഷിംഗും ഗാർഡനും മറ്റുമൊരുക്കി മനോഹരമാക്കിയത്.

**പ്രസ് റൂം**

ഒന്നാം നിലയിൽ ഏറ്റവും അറ്റത്താണ് ജെയിംസ് എസ് ബ്രാഡി പ്രസ് ബ്രീഫിംഗ് റൂം. 1981ൽ അന്നത്തെ പ്രസിഡന്റ് റൊണാൾഡ് റീഗനെ വാഷിംഗ്ടൺ ഹിൽട്ടൺ ഹോട്ടലിൽവച്ച് വെടിവച്ചപ്പോൾ കൂടെയുണ്ടായിരുന്ന പ്രസ് സെക്രട്ടറി ജെയിംസ് എസ് ബ്രാഡിക്ക് ഗുരുതരമായ പരിക്കേറ്റു. ദീർഘകാലം വീൽ ചെയറിൽ കഴിഞ്ഞശേഷം 2014ൽ മരണമടഞ്ഞു. ആദരസൂചകമായി വൈറ്റ്ഹൗസിലെ പ്രസ് ബ്രീഫിംഗ് മുറിക്ക് അദ്ദേഹത്തിന്റെ പേരാണ് നല്കിയത്.

കേവലം 49 സീറ്റുകൾ മാത്രമാണ് മുറിയിലുള്ളത്. പ്രമുഖ മാധ്യമങ്ങളുടെ പേരുകൾ സീറ്റിൽ എഴുതിവച്ചിട്ടുണ്ട്. ഇവർക്ക് സ്ഥിരമായും ബാക്കിയുള്ളവർക്ക് ഊഴമനുസരിച്ചും പത്രസമ്മേളനത്തിൽ പങ്കെടുക്കാം. 500 അംഗങ്ങളുള്ള വൈറ്റ്ഹൗസ് കറസ്പോണ്ടൻസ് അസോസിയേഷനാണ് ഇതിന്റെ നിയന്ത്രണം. കരീൻ ഷോംപിയായിരുന്നു ബൈഡന്റ് പ്രസ് സെക്രട്ടറി. പ്രസ് സെക്രട്ടറിയാകുന്ന ആദ്യത്തെ കറുത്ത വംശജ, ആദ്യത്തെ ട്രാൻസ് ജെണ്ടർ തുടങ്ങിയ പ്രത്യേകതകൾ കരീനുണ്ട്. ഹെയ്തിയിൽനിന്നുള്ള ഈ കുടിയേറ്റക്കാരി കമല ഹാരിസിനോടൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. വെറും 27 വയസുള്ള കരോളിൻ ലെവിറ്റ് ആണ് ട്രംപിന്റെ പ്രസ് സെക്രട്ടറി. 2017ൽ ട്രംപിന്റെ അസിസ്റ്റന്റ് പ്രസ് സെക്രട്ടറിയായിരുന്നു. 2024ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പ് വേളിയൽ ട്രംപിന്റെ നാഷണൽ പ്രസ് സെക്രട്ടറിയായി പ്രവർത്തിച്ചു.

വൈറ്റ് ഹൗസ് എന്ന് ആലേഖനം ചെയ്തിട്ടുള്ള പോഡിയത്തിനു പിറകിൽ ഓവൽ മാതൃകയിൽ വൈറ്റ് ഹൗസ് എംബ്ലം. 50 നക്ഷത്രങ്ങളും ഇടവിട്ട് ചുവപ്പും വെള്ളയും വരകളുള്ള അമേരിക്കൻ പതാക തൊട്ടടുത്ത്. ഏറ്റവും പിറകിൽ ചാനൽ ക്യാമറകൾ. പ്രസിഡന്റ് റൂസ് വെൽറ്റിന് ഫിസിയോ തെറാപ്പി ചെയ്യാൻ 1933ൽ നിർമിച്ച നീന്തൽ കുളത്തിനു മുകളിലാണ് 1970ൽ പ്രസിഡന്റ് നിക്സൺ പ്രസ് റൂം നിർമിച്ചത്.

**ഈസ്റ്റ് വിംഗ്**

പ്രസിഡന്റിന്റെ പത്നിയുടെ വസതിയാണ് ഇവിടത്തെ മുഖ്യആകർഷണം. ചെറിയൊരു മൂവി തിയേറ്ററിന്റെ മുൻനിര പ്രസിഡന്റിന്റെ കുടുംബത്തിനാണ്. വിവിധ നിറങ്ങളിൽ കുളിച്ചുനില്ക്കുന്ന മുറികളാണ് ഇവിടെ ഏറെ ശ്രദ്ധിക്കപ്പെടുന്നത്. മെറൂൺ നിറത്തിൽ കുളിച്ചുനില്ക്കുന്ന വെർമൽ മുറി, ചുവപ്പിൽ ചൈനാ റൂമും റെഡ് റൂമും, പച്ചയിൽ ഗ്രീൻ റൂം, നീലയിൽ ബ്ലൂ റൂം. വെർമൽ മുറിയിൽ 1500ലധികം അപൂർവ ആർട്ട് ശേഖരമുണ്ട്. 20ാം നൂറ്റാണ്ടിലെ പ്രസിഡന്റുമാരുടെ ഭാര്യമാരുടെ ഛായചിത്രങ്ങളും ശ്രദ്ധേയം. വൈറ്റ് ഹൗസിൽ ആകെ 60000ലധികം ആർട്ട് ശേഖരമുണ്ട്. അമേരിക്കൻ പ്രസിഡന്റ് റോണൾഡ് റീഗനും പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും കൂടി നില്ക്കുന്ന മനോഹരമായ ഫോട്ടോ ശ്രദ്ധേയം.

അമേരിക്കയുടെ പ്രഥമ പ്രസിഡന്റ് ജോർജ് വാഷിംഗ്ടണ്ണിന്റെ പെയിന്റിംഗാണ് വൈറ്റ് ഹൗസ് ആദ്യം സ്വന്തമാക്കിയ ആർട്ട് വർക്ക്. 1814ൽ ബ്രിട്ടീഷ് പട്ടാളം വൈറ്റ് ഹൗസിനു തീയിട്ടപ്പോൾ അന്നത്തെ പ്രഥമ വനിത ഡോളി മാഡിസൻ ഈ പെയിന്റിംഗ് സുരക്ഷതമായി പുറത്തുകൊണ്ടുപോയി സംരക്ഷിച്ച ചരിത്രവുമുണ്ട്. ഏറ്റവും വലിപ്പമുള്ള ഈസ്റ്റ് റൂമിലാണ് അന്തരിച്ച പസിഡന്റിന് അന്തിമോപചാരം അർപ്പിക്കുന്നത്. രണ്ടാമത്തെ വലിപ്പമുള്ള മുറി ഡൈനിംഗ് റൂമാണ്. ഔദ്യോഗിക ഡിന്നർ ഇവിടെയാണ് നല്കപ്പെടുന്നത്.

1800ൽ പ്രസിഡന്റ് ജോൺ ആദംആണ് വൈറ്റ്ഹൗസിൽനിന്ന് ഭരണം തുടങ്ങിയ ആദ്യത്തെ പ്രസിഡന്റ്. അദ്ദേഹം അമേരിക്കയുടെ രണ്ടാമത്തെ പ്രസിഡന്റായിരുന്നു. ആദ്യത്തെ പ്രസിഡന്റ് ജോർജ് വാഷിംഗ്ടൺ ആണ് വൈറ്റ് ഹൗസിന്റെ നിർമാണം തുടങ്ങിയത്. 1814ൽ ബ്രിട്ടീഷ് പട്ടാളം വൈറ്റ് ഹൗസ് തീയിട്ട് പൂർണമായി നശിപ്പിച്ചു. എന്നാൽ നാലു വർഷം കൊണ്ട് പുനർനിർമിച്ചു.

**സാമ്രാജ്യത്വം**

47-ാം പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് എത്തുമ്പോൾ വൈറ്റ് ഹൗസിൽ അദ്ദേഹത്തെ കാത്തിരിക്കുന്നത് എത്രയോ പ്രോജ്ജ്വലമായ ചരിത്രം കൂടിയാണ്. അതിൽ അദ്ദേഹം കൂടുതലായി എന്തെങ്കിലും എഴുതിച്ചേർക്കുമോ എന്നു കാത്തിരുന്നു കാണാം. 'ദൈവമേ, അവിടത്തെ അനുഗ്രഹങ്ങൾ ഈ വീടിനുമേലും ഇതിൽ അധിവസിക്കുന്നവരുടെ മേലും ചൊരിയണമേ.. സത്യസന്ധരും വിവേകമതികളുമായ വ്യക്തികൾ ഈ മേൽക്കൂരയുടെ കീഴിലിരുന്നു ഭരിക്കാൻ അനുവദിക്കണമേ...' മുൻ പ്രസിഡന്റ് ജോൺ ആദംസിന്റെ വാക്കുകൾ വൈറ്റ് ഹൗസിലെ ഡൈനിംഗ് റൂമിൽ ഉദ്ധരിച്ചിരിക്കുന്നു.

നമുക്കും പ്രാർത്ഥിക്കാം!

## ചിക്കാഗോ ലേഡീസ് ഫെലോഷിപ്പിന് പുതിയ നേതൃത്വം





**ചിക്കാഗോ :** ചിക്കാഗോ ലേഡീസ് ഫെലോഷിപ്പിന്റെ രണ്ടു വർഷത്തെ കോർഡിനേറ്ററായി സിസ്റ്റർ മോളി എബ്രഹാമിനെയും ജോയിന്റ് കോർഡിനേറ്ററായി സിസ്റ്റർ ഗ്രേസി തോമസിനെയും തിരഞ്ഞെടുത്തു.സിസ്റ്റർ മിനി ജോൺസന്റെയും സിസ്റ്റർ റോസമ്മ തോമസിന്റെയും പ്രവർത്തന കാലാവധി പൂർത്തിയായതിനെ തുടർന്നാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്. ഫെലോഷിപ്പ് ഓഫ് പെന്തെക്കോസ്തൽ ചർച്ച്സ് ഇൻ ചിക്കാഗോയുടെ കൺവീനർ ഡോ.വില്ലി എബ്രഹാമിന്റെ ഭാര്യയാണ് കോർഡിനേറ്റർ ആയി തിരഞ്ഞെടുക്കപ്പെട്ട മോളി എബ്രഹാം. ഗുഡ് ഷെപ്പേർഡ് ഫെലോഷിപ്പ് ചർച്ചിലെ അംഗമാണ്. ജോയിന്റ് കോർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ട ഗ്രേസി തോമസ് ഗിൽഗാൽ പെന്തെക്കോസ്തൽ അസംബ്ലിയിലെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ സാം തോമസിന്റെ ഭാര്യയാണ്.

# 'ഡി മലയാളി'ഓൺലൈൻ ദിന പത്ര പ്രകാശന കർമം ജനു:26നു ബിനോയി സെബാസ്റ്റ്യൻ നിർവഹിച്ചു






**ബിനോയ് സെബാസ്റ്റ്യൻ**




ഡാളസ്:ഡാലസിൽ നിന്നും പുറത്തിറക്കുന്ന 'ഡി മലയാളി' ഓൺലൈൻ ദിന പത്രത്തിന്റെ സ്വിച്ച് ഓൺ കർമ്മം അമേരിക്കയിലെ മുതിർന്ന മാധ്യമപ്രവർത്തകൻ ബിനോയി സെബാസ്റ്റ്യൻ നിർവഹിച്ചു.

ജനുവരി 26 ഞായറാഴ്ച വൈകിട്ട് 5 മണിക്ക് ഡാലസ് കേരള അസോസിയേഷൻ ഓഫീസിൽ നടക്കുന്ന ഇന്ത്യപ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സസ് അവാർഡ് വിതരണ ചടങ്ങിലാണ് പ്രകാശന കർമം ബിനോയി സെബാസ്റ്റ്യൻ നിർവഹിച്ചത്. ദൃശ്യ, പ്രിന്റ്, ഓൺലൈൻ മാധ്യമ രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന ഡാലസിലെ യുവ പത്രപ്രവർത്തകരാണ് 'ഡി മലയാളി' ഓൺലൈൻ ദിന പത്രത്തിന്റെ വിജയത്തിനായി രംഗത്തിറങ്ങിയിരിക്കുന്നത്. സാമൂഹികസാംസ്കാരിക പ്രദേശിക വിഷയങ്ങളെക്കുറിച്ചുള്ള അറിയിപ്പുകൾ പ്രതിഫലേച്ഛ കൂടാതെ ജനങ്ങളിലെത്തിക്കുക, അതോടൊപ്പം തന്നെ അമേരിക്കയിലെ മലയാളികൾ അറിഞ്ഞിരിക്കേണ്ട സുപ്രധാന വിഷയങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക എന്നതാണ് 'ഡി മലയാളി' ദിനപത്രം ലക്ഷ്യമിടുന്നത്.

സണ്ണി മാളിയേക്കൽ, ബിജിലി ജോർജ്, റ്റി സി ചാക്കോ, ബെന്നി ജോൺ അനശ്വർ മാമ്പിള്ളി, സാം മാത്യു, രാജു തരകൻ, ലാലി ജോസഫ്, സിജു വി ജോർജ്, തോമസ് ചിറമേൽ, പ്രസാദ് തിയോടിക്കൽ, ഡോ: അഞ്ജു ബിജിലി എന്നിവർ ഉൾപ്പെടുന്ന വിപുലമായ പത്രാധിപ സമതിയാണ് ഡി മലയാളി ദിന പത്രത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.മാർച്ച് ഒന്നു മുതൽ പൂർണമായി ഓൺലൈൻ 'ഡി മലയാളി' ദിനപത്രം സൗജന്യമായി എല്ലാവരുടെയും കൈകളിൽ എത്തിക്കുന്നതിനുള്ള ശ്രമമാണ് അണിയറയിൽ നടന്നുവരുന്നത്.

# ലോസ് ഏഞ്ചൽസിൽ അപ്പോക്കലിപ്റ്റിക് കാട്ടുതീ നാശം വിതച്ചതായി പാസ്റ്റർമാർ

## പി പി ചെറിയാൻ

ലോസ് ഏഞ്ചൽസിൽ കാട്ടുതീ പടരുമ്പോൾ, ചിലർ ഈ സാഹചര്യത്തെ 'അപ്പോക്കലിപ്റ്റിക്' എന്ന് വിശേഷിപ്പിക്കുന്നു. അഞ്ച് പേർ ഇതിനകം മരിച്ചു, പതിനായിരക്കണക്കിന് ആളുകൾ വീടുകൾ വിട്ട് പലായനം ചെയ്യാൻ നിർബന്ധിതരായി. ഹൃദയാഘാതത്തിനിടയിൽ പ്രതീക്ഷ പകരാൻ പ്രാദേശിക പാസ്റ്റർമാർ മുന്നിട്ടിറങ്ങുന്നു.

ഇതുവരെ, 25,000 ഏക്കറിലധികം കത്തിനശിച്ചു, 2,000ലധികം ഘടനകൾ നശിപ്പിക്കപ്പെട്ടു.താഴ്ന്ന ജലസമ്മർദ്ദവും ഡസൻ കണക്കിന് 'വരണ്ട' ഹൈഡ്രന്റുകളും തീപിടുത്ത ശ്രമങ്ങളെ സങ്കീർണ്ണമാക്കുന്നു.

ഹോളിവുഡ് ചലച്ചിത്ര നിർമ്മാതാവായ കാരാ ചാഫിൻ ആ അസാമാന്യ രംഗം വിവരിച്ചു: 'സൂര്യൻ ഉദിച്ചുയരുമ്പോൾ, എന്താണ് സംഭവിക്കുന്നതെന്ന് കാണാൻ ഞാൻ എന്റെ ഡെക്കിൽ കയറി, എന്റെ ആദ്യ ചിന്ത, ഓ എന്റെ ദൈവമേ, ഇത് അപ്പോക്കലിപ്സ് ആണ്. ഇത് ഒരു യുദ്ധമേഖല പോലെ തോന്നുന്നു.' മറ്റ് പലരെയും പോലെ കാരയും, തീജ്വാലകൾ അവളുടെ സമൂഹത്തിലേക്ക് പടരുമ്പോൾ ഒഴിപ്പിക്കൽ ഉത്തരവുകൾക്കായി കാത്തിരിക്കുന്നു.

ആരോൺ സാംസണും 83 വയസ്സുള്ള അദ്ദേഹത്തിന്റെ അമ്മായിയപ്പനും കുടിയിറക്കപ്പെട്ടവരിൽ ഉണ്ടായിരുന്നു. 'ഈ നല്ല സമരിയാക്കാരന്റെ കാറിൽ നിന്ന് ഞങ്ങളെ ഇപ്പോൾ ഒഴിപ്പിച്ചു. ഇത് ഭ്രാന്താണ്. ഞങ്ങളുടെ കാറിന് പുറത്ത് ഒരു തീപിടുത്തമുണ്ട്,' സാംസൺ പറഞ്ഞു, കുഴപ്പങ്ങൾ ഒരു വേദനാജനകമായ വീഡിയോയിൽ പകർത്തി.

അതേസമയം, സോയി ചർച്ചിലെ പാസ്റ്റർ ചാഡ് വിച്ച് ആത്മീയ മാർഗനിർദേശം നൽകുന്നതിനിടയിൽ തന്റെ സമൂഹത്തോടൊപ്പം ദുഃഖിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 'ദൈവം ഇപ്പോഴും നിയന്ത്രണത്തിലാണെന്ന് അറിയുക എന്നതാണ്,' വിച്ച് പറഞ്ഞു. 'ആ നിമിഷം മറികടന്ന് ഒരു തിരുവെഴുത്ത് അതിലേക്ക് എറിയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങൾ പ്രത്യാശയുടെ ദൂതന്മാരാണ്, ഭയപ്പെടുന്നവർക്കും വീട് നഷ്ടപ്പെട്ടവർക്കും കഴിയുന്നത്ര സെൻസിറ്റീവായും ഉചിതമായും ഇത് നയിക്കുക.'

തീജ്വാലകളിൽ നിന്ന് വെറും അഞ്ച് മൈൽ അകലെ സ്ഥിതി ചെയ്യുന്ന സോ ചർച്ച്, ലോസ് ഏഞ്ചൽസ് ഡ്രീം സെന്റർ പോലുള്ള സംഘടനകളുമായി സഹകരിച്ച് ഇരകൾക്ക് അടിയന്തര സാധനങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുന്നു. സോ ചർച്ചിന്റെ അഗ്നിശമന പ്രവർത്തനങ്ങളിലൂടെ അവരുടെ ശ്രമങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കണ്ടെത്താൻ കഴിയും. ഡ്രീം സെന്ററിന് നേതൃത്വം നൽകുന്ന പാസ്റ്റർ മാത്യു ബാർനെറ്റ്, ആവശ്യമുള്ളവർക്ക് സുപ്രധാന വിഭവങ്ങൾ നൽകുന്നു.

ഹാർവെസ്റ്റ് ചർച്ചിലെ പാസ്റ്റർ ഗ്രെഗ് ലോറി, മഴയ്ക്കും വേണ്ടി പ്രാർത്ഥിക്കാൻ ക്രിസ്ത്യാനികളെ പ്രോത്സാഹിപ്പിക്കുന്നു. 'ഈ ഘട്ടത്തിൽ, നിയന്ത്രണമില്ല. നമുക്ക് ചില ദിവ്യ ഇടപെടൽ ആവശ്യമാണ്,' ലോറി പറഞ്ഞു. ദുരിതാശ്വാസ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനായി അദ്ദേഹം തന്റെ പള്ളിയിലൂടെ ഒരു സംഭാവന ഫണ്ടും സ്ഥാപിച്ചിട്ടുണ്ട്. 'കർത്താവേ, നമുക്ക് കാറ്റ് നിർത്തേണ്ടതുണ്ട്. മഴയും വന്നാൽ കുറച്ചുകൂടി നന്നായിരിക്കും,' അദ്ദേഹം പ്രാർത്ഥിച്ചു.

ഇരകൾക്കുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പ്രാദേശിക മന്ത്രാലയങ്ങളുമായി ചേർന്ന് സിബിഎന്നിന്റെ ഓപ്പറേഷൻ ബ്ലെസ്സിംഗും പ്രവർത്തനക്ഷമമാണ്. തീ പടരുന്നത് തുടരുന്നതിനാൽ, ലോസ് ഏഞ്ചൽസ് സമൂഹത്തിന്റെ പ്രതിരോധശേഷിയും വിശ്വാസവും ഈ പ്രയാസകരമായ സമയങ്ങളിൽ പ്രതീക്ഷയുടെ ഒരു ദീപസ്തംഭമായി തുടരുന്നു. സുരക്ഷിതരായിരിക്കാനും ദുരിതാശ്വാസ പ്രവർത്തനങ്ങളെ പിന്തുണയ്ക്കാനും ദുരിതബാധിതരെ അവരുടെ പ്രാർത്ഥനകളിൽ നിലനിർത്താനും താമസക്കാരോട് അഭ്യർത്ഥിക്കുന്നു.

# അമേരിക്കൻ സൈന്യം സിറിയയിൽ തുടരണമെന്ന് യു.എസ് പ്രതിരോധ സെക്രട്ടറി

തീവ്രവാദ ഗ്രൂപ്പുകൾ ഭീഷണിയായിത്തീരുന്ന സാഹചര്യത്തിൽ അമേരിക്കൻ സൈന്യം സിറിയയിൽ തുടരണമെന്നാണ് യു.എസ്. പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിൻ അസോസിയേറ്റ് പ്രസ്സ് നടത്തിയ അഭിമുഖത്തിൽ അഭിപ്രായപ്പെട്ടത്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് സിറിയയിൽ നിന്ന് സൈന്യത്തെ പിൻവലിക്കുന്ന സാഹചര്യം ഉണ്ടായാൽ തീവ്രവാദികൾ മറ്റുള്ള രാജ്യങ്ങൾക്കും ഭീഷണിയായിത്തീരുമെന്നാണ് ലോയ്ഡ് ഓസ്റ്റിൻ വിശ്വസിക്കുന്നത്. "ഖിലാഫത്ത്" എന്ന ഒരു സംഘടന 2010-ൽ ഇറാഖിന്റെയും സിറിയയുടെയും പ്രാന്തപ്രദേശങ്ങളിൽ തുടക്കം കുറിച്ചതുമൂലം ഇതുവരെയും ഈ ഗ്രൂപ്പിനെ വേണ്ടവിധം പ്രതിരോധിക്കുവാൻ സാധിച്ചില്ലെന്നതും യാഥാർത്ഥ്യമാണ്. പതിനായിരം ഇസ്ലാമിക ഭീകരരെ പാർപ്പിച്ചിരിക്കുന്ന സെല്ലുകൾ വളരെ ജാഗ്രതയോടെ സൂക്ഷിക്കേണ്ട കടമ സൈന്യത്തിനാണ്. കർദിഷ് നേതൃത്വത്തിലുള്ള സിറിയിൻ ഡെമോക്രാറ്റിക് ഫോഴ്സുമായി അമേരിക്കൻ സൈന്യം സഹകരിച്ചാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. സിറിയയിൽ നിലവിലുള്ള യു.എസ് സൈനിക സാന്നിദ്ധ്യത്തിന്റെ സുരക്ഷ ഉറപ്പാക്കാൻ യു.എസ്. സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

# കുട്ടികളുടെ വിശപ്പകറ്റാനുള്ള പരിപാടിയിൽ 'നമ്മൾ' കൂട്ടായ്മ

## ജോയിച്ചൻ പുതുകുളം



ചിക്കാഗോ: ജനുവരി 18, ശനിയാഴ്ച ഫീഡ് മൈ സ്റ്റാർവിങ് ചിൽഡ്രൻ (FMSC) അവരുടെ അറോറ ഇല്ലിനോയ് ഫെസിലിറ്റിയിൽ നടത്തിയ മീൽസ് പാക്കിംഗ് പരിപാടിയിൽ 'നമ്മൾ' കൂട്ടായ്മയിലെ 40 കുടുംബങ്ങളിൽ നിന്നായി 116 പേർ പങ്കെടുത്തു.

പ്രസ്തുത പരിപാടിയിലെ ഒരൊറ്റ സെഷനിൽ 18,144 മീൽസ് പാക്ക് ചെയ്തു. ഇതിൽ 'നമ്മൾ' കൂട്ടായ്മയിലെ വോളന്റീർമാർ ഏകദേശം 12,992 മീൽസ് പാക്ക് ചെയ്തതായി എങ്ങടഇ അധികൃതർ അറിയിച്ചു. ഈ പരിശ്രമം ●5200 മൂല്യമുള്ള പോഷകാഹാരം ലോകത്തിന്റെ പല ഭാഗങ്ങളിലെ വിശന്നിരിക്കുന്ന കുട്ടികൾക്ക് ലഭ്യമാകും.

FMSC ഒരു നോൺ പ്രോഫിറ്റ് സംഘടന ആണ്. പട്ടിണി ഈ ഭൂമിയിൽ നിന്നും തുടച്ചുമാറ്റാൻ പരിശ്രമിക്കുന്ന FMSC ലോകമെമ്പാടുമുള്ള വിശന്നിരിക്കുന്ന കുട്ടികൾക്ക് പോഷക സമൃദ്ധമായ ഭക്ഷണ പാക്കറ്റുകൾ വിതരണം ചെയ്തുവരുന്നു. വോളന്റീർമാർ പാക്ക് ചെയ്ത ഭക്ഷണ പൊതികൾ സന്നദ്ധ സംഘടകൾ വഴി അർഹിക്കുന്ന കൈകളിൽ എത്തിച്ചേരുന്നതിനായി FMSC പരിശ്രമിക്കുന്നു. FMSC യുടെ സുതാര്യതയും വിശ്വാസവും അടിസ്ഥാനമാക്കി തുടർച്ചയായി 19 വർഷം അവർക്ക് ചാരിറ്റി നാവിഗേറ്റർ 4 സ്റ്റാർ റേറ്റിംഗ് കൊടുത്തുവരുന്നു.

ചിക്കാഗോയുടെ സമീപത്തുള്ള അറോറ, നേപ്പർവിൽ, ലൈൽ, ഒസ്വീഗോ പ്രദേശകളിലായി, 2023ൽ ആരോഗ്യപരിപാലനത്തിനായും സാമൂഹ്യപരിരക്ഷക്കായും തുടങ്ങിയ കൂട്ടായ്മയാണ് 'നമ്മൾ'. തിരഞ്ഞെടുത്ത 6 കോർഡിനേറ്റർസ് ആണ് 'നമ്മൾ' കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് നയിക്കുന്നത്.

സമൂഹത്തിനെ മുന്നോട്ട് നയിക്കുന്നതിൽ സ്ത്രീകൾകുള്ള പങ്കും, സാമൂഹ്യ നവീകരണവും ശക്തീകരണവും കാണിക്കുന്നതാണ് 'നമ്മൾ' ലോഗോ കെവിൻ ഗോമസ് ആണ് ഈ ലോഗോ ഡിസൈൻ ചെയ്തത്. കഴിഞ്ഞ നവംബർ ഒന്നിന് കേരള പിറവി ദിനത്തിൽ നമ്മൾ കൂട്ടായ്മ ഒന്നാം വാർഷികം ആചരിക്കുക ഉണ്ടായി.

ഫുഡ് ഡ്രൈവ്, കമ്മ്യൂണിറ്റി സർവീസ് ഇവന്റസ് പോലുള്ള സന്നദ്ധ പ്രവർത്തനങ്ങളോടൊപ്പം ഊർജ്ജസ്വാലരായ നമ്മളിലെ മെംബേർസ് ആവിസ്മരണീയമായ നേട്ടങ്ങളും കൈവരിക്കയുണ്ടായി.

മുന്നോട്ടുള്ള യാത്രയിൽ കുട്ടികളെയും മുതിർന്നവരെയും ഒരുമിച്ച് കൊണ്ടുള്ള പ്രവർത്തനമാണ് ലക്ഷ്യം വക്കുന്നത്. ഇവിന്റെറിലെ ശ്രദ്ധേയമായ ഒരു ചുവടുവെപ്പാണ് സ്കൂൾ കുട്ടികൾക്കായുള്ള '60 ഡേ കിഡ്സ് ചാലഞ്ച്. കുട്ടികൾ വിന്ററിൽ ആക്റ്റീവ് ആയി ഇരിക്കുന്നത് ലക്ഷ്യമാക്കിയിട്ടുള്ള ഒരു ചലഞ്ച് ആണിത്. 'നമ്മളി'നെ വ്യത്യസ്തമാകുന്നത് സാമൂഹ്യ പ്രതിബദ്ധതയും, ആരോഗ്യ പരിപാലനം മുൻനിർത്തിയുള്ള പ്രവർത്തികളും, ചാരിറ്റി പ്രവർത്തികളുമാണ്. FMSC സെഷൻ ഇതിനുള്ള ഒരു ഉദാഹരണം ആണ്.

# ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സസ് 2024 അവാർഡ് ദാനചടങ്ങ് വർണാഭമായി

**പി പി ചെറിയാൻ**


















ഗാർലാൻഡ്(ഡാളസ്):ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സസ് 2024 അവാർഡ് ധന ചടങ്ങ് വർണാഭമായി

ജനുവരി 26 ഞായറാഴ്ച വൈകീട്ട് 5 മണിക് കേരള അസോസിയേഷൻ ഓഫ് ഡാളസ് കോൺഫ്രൻസ് ഓഡിറ്റോറിയത്തിൽ (ഐ പി സി എൻ ടി സ്ഥാപക പ്രസിഡന്റ് ശ്രീ എബ്രഹാം തെക്കേമുറി ഹാളിൽ) പ്രസിഡന്റ് സണ്ണി മാളിയേക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സസ് 2024 പ്രവർത്തന സമാപന സമ്മേളനത്തിലാണ് അവാർഡ് ചടങ്ങു സംഘടിപ്പിച്ചത്.

അമേരിക്കയിലെ മികച്ച മധ്യമ പ്രവർത്തകർ , മികച്ച മലയാളി സംഘടനാ പ്രവർത്തകൻ, ആതുര സേവന പ്രവർത്തകൻ എന്നിവരെ കണ്ടെത്തുന്നതിന് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സസിനു ലഭിച്ച നാമനിർദേശങ്ങളിൽ നിന്നും അർഹരെന്നു കണ്ടെത്തിയ ജോയിച്ചൻ പുതുകുളം, ജോസ് കണിയാലി(മികച്ച മധ്യമ പ്രവർത്തകർ),ഐ വർഗീസ്(മികച്ച മലയാളി സംഘടനാ പ്രവർത്തകൻ) ഏലിയാമ്മ ഇടിക്കുള (മികച്ച ആതുര ശുശ്രുഷ സേവക ) എന്നിവർക്കാണ് ക്യാഷ് അവാർഡും പ്രശസ്തി ഫലകവും സമ്മാനിച്ചത് .ഡോ ഹരി നമ്പൂതിരി,ഡോ.സ്റ്റീവൻ പോട്ടൂർ,എബ്രഹാം മാത്യൂസ് (കൊച്ചുമോൻ ), ലാലി ജോസഫ്:എന്നിവർ ഉൾപ്പെടുന്ന നാലംഗ അവാർഡ് കമ്മിറ്റിയാണ് ജേതാക്കളെ കണ്ടെത്തിയത്.

ബിജിലി ജോർജ്, സെക്രട്ടറി ഐപിസിഎൻടി സ്വാഗതമാശംസിച്ചു. തുടർന്ന് ഡയാൻ നായർ, ലിയ നെബു, സൂരജ് ആലപ്പാടൻ, ആൽസ്റ്റർ മാമ്പള്ളിൽ എന്നിവർ ചേർന്ന് ഇന്ത്യൻ അമേരിക്കൻ ദേശീയഗാനം ആലപിച്ചു. അമേരിക്കയിലെ മലയാളി മാധ്യമ പ്രവർത്തർക്കർക്ക് ക്യാഷ് അവാർഡ് പ്രഖ്യാപിക്കുന്ന ആദ്യമാധ്യമ സംഘടനയാണ് ഐ പി സി എൻ റ്റി.ഡിസംബർ 31 വരെ ലഭിച്ച നിരവധി നോമിനേഷനുകൾ അവാർഡ് കമ്മിറ്റി വിശദമായി വിലയിരുത്തിയതിനു ശേഷമാണ് ജേതാക്കളെ കണ്ടെത്തിയതെന്ന് ആമുഖ പ്രസംഗത്തിൽ സാം മാത്യു മാത്യു പറഞ്ഞു

മാധ്യമ രംഗത്തെ മികച്ച വ്യക്തികളെ ആദരിക്കുക എന്നത് തങ്ങളുടെ കടമയായി കരുതുന്നുവെന്നു ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സസ് സണ്ണി മാളിയേക്കൽ (പ്രസിഡന്റ് ) അധ്യക്ഷപ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.

ജോയിച്ചൻ പുതുകുളം , ജോസ് കണിയാലി എന്നിവർ പത്രപ്രവർത്തനമേഖലയിലും ഏലിയാമ്മ ഇടിക്കുള ആതുര ശുശ്രുഷ രംഗത്തും നടത്തിയ സ്തുത്യർഹ സേവനങ്ങളെ കുറിച്ചും , പി പി ചെറിയാൻ , രാജു തരകൻ ലാലി ജോസഫ് എന്നിവർ സദസിനെ പരിചയപ്പെടുത്തുകയും .തുടർന് അവരുടെ അസ്സാന്നിധ്യത്തിൽ അവർ അയച്ചു തന്ന ആശംസാസന്ദേശം അടങ്ങിയ വീഡിയോ പ്രദർശിപ്പികുകയും ചെയ്തു

.അനശ്വർ മാംമ്പിള്ളി ,സിജുവി ജോർജ് എന്നിവർ ഐ വർഗീസിനെ സദസ്സിന് പരിചയപ്പെടുത്തി ..മലയാളികളിലെ നന്മയും കാരുണ്യവും എടുത്തു കാട്ടി സ്വന്തം കാര്യവുമായി വീട്ടിൽ ഒതുങ്ങി പോകാതെ സമൂഹത്തിനായി പ്രവർത്തന നിരതരായി ഒട്ടേറെ പേർ അമേരിക്കയിലെ മലയാളി സമൂഹത്തിലുണ്ട്.അതിൽ സുപ്രധാന പങ്കു വഹിച്ച വ്യക്തിയാണ് ഐ വർഗീസെന്നും അദ്ദേഹത്തെ ആദരിക്കുവാൻ തയാറായ ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സസ് മലയാളി സമൂഹത്തിന് അഭിമാനം പകരുന്നതായി ഡോ.സ്റ്റീവൻ പോട്ടൂർ പറഞ്ഞു

ഡാലസിൽ നിന്നും പുറത്തിറക്കുന്ന 'ഡി മലയാളി' ഓൺലൈൻ ദിന പത്രത്തിൻറെ സ്വിച്ച് ഓൺ കർമ്മം അമേരിക്കയിലെ മുതിർന്ന മാധ്യമപ്രവർത്തകൻ ബിനോയി സെബാസ്റ്റ്യൻ നിർവഹിച്ചു .ദ്രശ്യ,പ്രിൻറ് ,ഓൺലൈൻ മാധ്യമ രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന ഡാലസിലെ യുവ പത്രപ്രവർത്തകരെ ബിനോയി സെബാസ്റ്റ്യൻ അഭിനന്ദിച്ചു .സാമൂഹികസാംസ്കാരിക പ്രദേശിക വിഷയങ്ങളെക്കുറിച്ചുള്ള അറിയിപ്പുകൾ പ്രതിഫലേച്ഛ കൂടാതെ ജനങ്ങളിലെത്തിക്കുക ,അതോടൊപ്പം തന്നെ അമേരിക്കയിലെ മലയാളികൾ അറിഞ്ഞിരിക്കേണ്ട സുപ്രധാന വിഷയങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക എന്നതായിരിക്കണം 'ഡി മലയാളി' ദിന പത്രം ലക്ഷ്യമായിരിക്കേണ്ടതെന്നു ബിനോയി സെബാസ്റ്റ്യൻ ചൂണ്ടിക്കാട്ടി

ടി.സി.ചാക്കോ,പ്രദീപ് നാഗലൂൾ, കേരള അസോസിയേഷൻ ഓഫ് ഡാളസ് പ്രസിഡന്റ്,റോയ് കൊടുവത് ഇന്ത്യകൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്റർ പ്രസിഡന്റ്, ശ്രീ. ഹരിദാസ് തങ്കപ്പൻ, കെഎൽഎസ്, ലാന എന്നിവർ ആശംസകൾ അറിയിച്ചു. സ്റ്റാൻലി ജോർജ് ടിന്റു ധോർ ചാർലി ജോർജ്, എന്നിവർ ആലപിച്ച ഗാനങ്ങൾ ആലപിച്ചു. പ്രസാദ് തിയോടിക്കൽ നന്ദി പറഞ്ഞു. പിസി മാത്യു, ഗാർലാൻഡ് സിറ്റി മേയറോൾ സ്ഥാനാർഥി, ജോസ് ഓച്ചാലിൽ ,അലക്സ് അലക്സാണ്ടർ ജെയ്സി ജോർജ് . രാജൻ ഐസക് ,പി ടി സെബാസ്റ്യൻ,ദീപക് നായർ, നെബു കുര്യാക്കോസ് എന്നിവർ ഉൾപെട നിരവധി പേർ ചടങ്ങിൽ പങ്കെടുത്തു ഡിന്നറോടു കൂടി അവാർഡ് ധാന ചടങ്ങു സമാപിച്ചു.

ജനുവരി 31 ലെ മാധ്യമ സമ്മേളനം വിജയപ്രദമാകുന്നതിനു ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സസ് , ജനറൽ സെക്രട്ടറി ബിജിലി ജോർജ് , ട്രഷറർ ബെന്നി ജോൺ സംഘടനാ ഭാരവാഹികളായടി സി ചാക്കോ, സാം മാത്യു ,പ്രസാദ് തിയോടിക്കൽ , തോമസ് ചിറമേൽ , അനശ്വർ മാംമ്പിള്ളി ,സിജുവി ജോർജ്, രാജു തരകൻ ലാലി ജോസഫ് എന്നിവർ ഉൾപ്പെടുന്ന കമ്മറ്റിയാണ് പ്രവർത്തിച്ചത്.



# സൈലന്റ് വാലി, കണ്ണൂർ, നെല്ലിയാമ്പതി ദീർഘ ദൂര യാത്രകളുമായി കെ.എസ്.ആർ.ടി.സി




സൈലന്റ് വാലി, കണ്ണൂർ, നെല്ലിയാമ്പതി, മൂന്നാർ, ദീർഘ ദൂര ഉല്ലാസ കേന്ദ്രങ്ങളും കപ്പൽ യാത്രകളും ഉൾപ്പെടുത്തി ഉല്ലാസയാത്രകളുമായി കെ.എസ്.ആർ.ടി.സി. ഫെബ്രുവരി ഒന്നിന് രാവിലെ 4.30 നു കന്യാകുമാരി യാത്രയോടെ ആരംഭിക്കുന്ന കലണ്ടറിൽ 25 യാത്രകൾ ഉൾപ്പെടും. ഫെബ്രുവരി 2ന് വാഗമൺ യാത്ര രാവിലെ അഞ്ചിന് ആരംഭിക്കും. 1020 രൂപയാണ് നിരക്ക്. എട്ടിന് കപ്പൽ യാത്ര, (4240) മൂന്നാർ, (2380) ഇല്ലിക്കൽകല്ല് (820) യാത്രകളും ഒമ്പതിന് ലോകത്തിലെ ഏറ്റവും വലിയ അഗ്രോ തീം പാർക്കായ മംഗോ മെഡോസ്, (1790), പൊന്മുടി ((770) യാത്രകളും ചാർട്ട് ചെയ്തിട്ടുണ്ട്. 12 നും 28 നും ഗവിയാത്രയും ഉണ്ടാകും. 1750 രൂപ ആണ് നിരക്ക്.

ഫെബ്രുവരി 12ന് രാത്രി 9 മണിക്ക് സൈലന്റ് വാലി യാത്ര ആരംഭിക്കും. സൈലന്റ് വാലി, കാഞ്ഞിരപ്പുഴ ഡാം എന്നിവ ആദ്യ ദിവസവും പാലക്കാട് കോട്ട, വരിക്കാശ്ശേരി മന, ഭാരതപ്പുഴ, കുഞ്ചൻ നമ്പ്യാർ സ്മാരകം എന്നിവിടങ്ങളിൽ രണ്ടാം ദിവസവും ആകും സന്ദർശിക്കുക.

# അധികാരമേറ്റ ഏറ്റവും പ്രായം കൂടിയ പ്രസിഡന്റെന്ന റെക്കാർഡ് ട്രംപിന് സ്വന്തം

## പി പി ചെറിയാൻ

വാഷിംഗ്ടൺ: അമേരിക്കയുടെ 47മത് പ്രസിഡന്റായി ഡൊണാൾഡ് ജെ ട്രംപ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ജോൺ റോബർട്ട്സ് സത്യവാചകം ചൊല്ലിക്കൊടുത്തു. അമേരിക്കയിൽ അധികാരമേറ്റ ഏറ്റവും പ്രായം കൂടിയ പ്രസിഡന്റെന്ന റെക്കാഡാണ് ട്രംപ് സ്വന്തമാക്കിയപ്പോൾ വാൻസ് ഏറ്റവും പ്രായം കുറഞ്ഞ മൂന്നാമത്തെ വൈസ് പ്രസിഡന്റുമായി.

ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ, അർജന്റീന പ്രസിഡന്റ് ഹാവിയർ മിലെ, ചൈനീസ് വൈസ് പ്രസിഡന്റ് ഹാൻ ഷെംഗ് എന്നിവർ ഉൾപ്പെടെ ചടങ്ങിന് സാക്ഷിയായി. 'അമേരിക്കയുടെ സുവർണ്ണകാലം' ആരംഭിക്കുകയാണെന്നും താൻ എപ്പോഴും 'അമേരിക്കയെ ഒന്നാമതെത്തിക്കുമെന്നും' യുഎസ് പ്രസിഡന്റ് ട്രംപ് ക്യാപിറ്റോളിൽ നടത്തിയ പ്രസംഗത്തിൽ പറഞ്ഞു.'നമ്മൾ പഴയതുപോലെ മഹത്തായ രാഷ്ട്രമായി മാറും. ലോകം മുഴുവനും നമ്മളോട് അസൂയപ്പെടും. എല്ലാ അമേരിക്കക്കാർക്കും ഞാൻ ഉറപ്പുനൽകുന്നു, ഞാൻ എപ്പോഴും അമേരിക്കയെ ഒന്നാമതെത്തിക്കുമെന്ന് അ ധികാരം ഏറ്റെടുത്തതിനുശേഷം ട്രംപ് നടത്തിയ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.

ഇന്ന് മുതൽ, ആഗോളതലത്തിൽ അമേരിക്കയുടെ തകർച്ച അവസാനിച്ചു. നമ്മുടെ റിപ്പബ്ലിക് വീണ്ടെടുക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ, നമ്മുടെ രാജ്യത്തിന്റെ 250 വർഷത്തെ ചരിത്രത്തിൽ മറ്റേതൊരു യുഎസ് പ്രസിഡന്റിനേക്കാളും കൂടുതൽ തവണ എന്നെ ലക്ഷ്യം വച്ചിട്ടുണ്ട്' ട്രംപ് പറഞ്ഞു. തനിക്കെതിരായി നടന്ന വധശ്രമത്തെയും ട്രംപ് ആയുധമാക്കി. തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ, തന്റെ ചെവിയിലൂടെ ഒരു വെടിയുണ്ട തുളച്ചുകയറിയെന്നും വധശ്രമുണ്ടായെന്നും പറഞ്ഞ ട്രംപ് പക്ഷേ ദൈവം തന്നെ രക്ഷിച്ചുവെന്നും കാരണം എന്റെ ലക്ഷ്യം 'അമേരിക്കയെ വീണ്ടും മഹത്തരമാക്കുക' എന്നതാണെന്നും പ്രസംഗിച്ചു. നമ്മുടെ രാജ്യത്തെയും ഭരണഘടനയെയും നമ്മുടെ ദൈവത്തെയും നമ്മൾ മറക്കില്ലെന്നും 2025 ജനുവരി 20 എല്ലാ അമേരിക്കക്കാരും വിമോചന ദിനമായി എന്നെന്നേക്കുമായി ഓർക്കുമെന്നും ട്രംപ് കൂട്ടിച്ചേർത്തു. പ്രസംഗത്തിനിടെ, പനാമ കനാലിന്റെ നിയന്ത്രണം പനാമ രാജ്യത്തിന് വിട്ടുകൊടുക്കുന്നത് ഒരു 'മഹത്തരമായ സമ്മാനം' ആണെന്ന് ട്രംപ് പറഞ്ഞുവെച്ചു. മാത്രമല്ല, അമേരിക്കയ്ക്കുവേണ്ടി പനാമ കനാലിന്റെ നിയന്ത്രണം തിരികെ എടുക്കുമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. മെക്സിക്കോ ഉൾക്കടലിന്റെ പേര് ഇന്ന് ഗൾഫ് ഓഫ് അമേരിക്ക എന്നാക്കി മാറ്റുമെന്നും ട്രംപ് വ്യക്തമാക്കി.

# ദി ടെർമിനൽ യാഥാർഥ്യമാവുകയാണോ?

## ഏബ്രഹാം തോമസ്

വാഷിംഗ്ടൺ : ബോക്സ് ഓഫീസിൽ 219 മില്യൺ ഡോളറിൽ അധികം കളക്ട് ചെയ്ത 2004 ലെ ഹോളിവുഡ് ചിത്രം, 'ദി ടെർമിനൽ' യഥാർത്ഥ ജീവിതത്തിൽ ആവർത്തിക്കുകയാണോ? ചിത്രത്തിലെ നായകൻ, ടോം ഹാങ്ക്സ്, ന്യൂ യോർക്ക് എയർപോർട്ടിൽ കുടുങ്ങുന്നു. പുറത്തിറങ്ങാൻ കഴിയാത്തതിന് കാരണം നായകന്റെ രാജ്യത്തു സംഭവിച്ച ഭരണമാറ്റമാണ്. യു എസിൽ ഇപ്പോൾ പ്രസിഡന്റ് ട്രംപ് വീണ്ടും അധികാരം ഏറ്റെടുത്തപ്പോൾ പുറപ്പെടുവിച്ച റൂൾസ് ആക്ട് പ്രകാരം രണ്ടായിരത്തോളം അഫ്ഘാൻ കുടിയേറ്റക്കാരുടെ വാഷിംഗ്ടൺ യാത്ര അഭയാർത്ഥി കേസ് വിചാരണയുടെ കാത്തിരുപ്പു കേന്ദ്രത്തിലേക്കായി. ട്രംപിന്റെ എക്സിക്യൂട്ടീവ് ഓർഡറുകളുടെ വിലയിരുത്തലുകൾ ഇന്ത്യ ഉൾപ്പടെയുള്ള വിദേശ രാജ്യങ്ങളിലെ കുടുംബ സദസുകളുടെ പ്രധാന അജണ്ട ഇനമായി മാറിയിക്കുകയാണ്.

അമേരിക്കയിൽ ജനിച്ചവർ പോലും തിരിച്ചു വരേണ്ടി വരുമെന്ന് ചിലർ വീറോടെ വാദിക്കുന്നു. എന്നാൽ നിയമ വിരുദ്ധ കുടിയേറ്റക്കാരായ ഇന്ത്യക്കാരെ തിരിച്ചയക്കുന്നതിനെ ഇന്ത്യ ഗവൺമെൻറ് എതിർക്കുകയില്ല എന്ന ഇന്ത്യൻ പ്രധാനമന്ത്രിയുടെ പ്രസ്താവന ഈ വാദങ്ങൾ ഖണ്ഡിക്കുന്നു.

എക്സിക്യൂട്ടീവ് ഓർഡറുകൾ നിയമ വെല്ലുവിളികൾക്കു മുന്നിലേക്ക് നീങ്ങും എന്നതാണ് കാത്തിരുന്നു കാണേണ്ടത്. സെനറ്റിലെയും കോൺഗ്രസ്സിലെയും എതിർപ്പുകളും അതിജീവിക്കേണ്ടിവരും. മിക്കവാറും എല്ലാ ഓർഡറുകൾക്കും ഇത് ബാധകമാണ്. എന്നാൽ ഇവ ഓരോന്നായി പരിശോധിച്ചാൽ ഒരു രാജ്യത്തിന്റെ നില നില്പിനും പുരോഗതിക്കും ഈ നടപടികൾ ആവശ്യമായിരുന്നു എന്ന് സമ്മതിക്കേണ്ടി വരും. എല്ലാവർക്കും തുല്യ നീതി എന്ന മുദ്രാവാക്യം നടപ്പാക്കി എന്ന് വരുത്തി തീർക്കാൻ നടപ്പാക്കിയിരുന്ന നയങ്ങൾക്ക് നൽകി കൊണ്ടിരുന്ന വില ഖജനാവിന് താങ്ങാനാവുന്നതിനു അപ്പുറം ആയിരുന്നു. മാത്രമല്ല ഇത് അന്യായമായി മിലിയോണുകൾ ചൂഷണം ചെയ്യുകയും അർഹരായ മിലിയോണുകൾ വഞ്ചിക്കപ്പെടുന്ന അവസ്ഥയും സംജാതമാക്കി.

ട്രാൻസ്!ജിൻഡറുകൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ കവർന്നെടുക്കാൻ ആവശ്യമില്ലാത്ത ആയിരമായിരം സർജറികൾ രാജ്യത്തു നടക്കുന്നതായി ആരോപണങ്ങൾ ഉയർന്നു. ഈ സർജറികളുടെ പേരിൽ ഖജനാവിന് മിലിയോണുകൾ നഷ്ടമാവുന്നതായി ആരോപണങ്ങൾ ഉണ്ടായി. തുറന്നിട്ട അതിർത്തികളിലൂടെ അനധികൃതമായി മിലിയോണുകൾ യു എസിലേക്ക് കടന്നു കൊണ്ടിരിക്കുന്നതായി ആരോപണങ്ങൾ ഉണ്ടായി. ഇങ്ങനെ കടന്നു വന്ന പലർക്കും അർഹതയില്ലാത്ത പദവികളും സാമ്പത്തിക ആനുകൂല്യങ്ങളും നൽകുന്നതായും പരാതികൾ ഉണ്ടായിക്കൊണ്ടിരുന്നു. ഇത് മൂലം അർഹരായ ധാരാളം ജനങ്ങൾ വഞ്ചിക്കപ്പെട്ടു.

മാധ്യമങ്ങൾ ചില പ്രത്യേക താൽപര്യങ്ങൾക്കു പല സന്ദർഭങ്ങളിലും ഉപയോഗിക്കുന്നതായി വ്യാപകമായി ആരോപിക്കപ്പെട്ടു.

ഒരു പ്രമുഖ മലയാളം ചാനൽ വളരെ പ്രാധാന്യത്തോടെ നൽകിയ തലക്കെട്ട് 'ട്രംപിന് തിരിച്ചടി' എന്നായിരുന്നു.

പൂർണമായ വാർത്തയിൽ ഒരു സിയാറ്റിൽ ഫെഡറൽ കോടതി യു എസ് നിയമത്തിൽ ജന്മനാ നൽകുന്ന പൗരത്വം റദ്ദാക്കാനുള്ള ട്രംപിന്റെ എക്സിക്യൂട്ടീവ് ഓർഡർ സ്റ്റേ ചെയ്തതായുള്ള റിപ്പോർട്ടാണ് ഉണ്ടായിരുന്നത്. ഈ കോടതി വിധിക്കു അപ്പീൽ ഉണ്ടാവും.

സെനറ്റിലും കോൺഗ്രസിലും വിഷയം ചർച്ച ചെയ്യപ്പെടും. അന്തിമമായി യു എസ് സുപ്രീം കോടതിയുടെ വിധി ഉണ്ടാവും. അതിനു മുൻപ് തന്നെ പ്രസിഡന്റിന് തിരിച്ചടി ഉണ്ടായി എന്ന പ്രഖ്യാപനം എന്ത് അടിസ്ഥാനത്തിലാണെന്ന് മനസിലാവുന്നില്ല. പ്രേക്ഷകരിൽ ചിന്താ കുഴപ്പം മാത്രമേ തലക്കെട്ട് സൃഷ്ടിക്കുകയുള്ളു.

# പത്തു കൽപ്പനകളുടെ ശിലാഫലകത്തിന് ലേലത്തിൽ ലഭിച്ചത് 50 ലക്ഷം ഡോളർ



**ന്യൂയോർക്ക്:** ബൈബിളിലെ പത്തു കല്പനകൾ രേഖപ്പെടുത്തിയ ചരിത്രത്തിലെ ഏറ്റവും പുരാതനമായ ശിലാഫലകത്തിനു ലേലത്തിൽ ലഭിച്ചത് 50 ലക്ഷം ഡോളർ. ബൈബിളിലെ കൽപ്പനകൾ രേഖപ്പെടുത്തിയ, അറിയപ്പെടുന്നതും ഏറ്റവും പഴക്കമുള്ളതുമായ ശിലാഫലകമാണിത്. ഏകദേശം 20 ലക്ഷം ഡോളറാണ് പ്രതീക്ഷിച്ചിരിന്നത്. എന്നാൽ ഇരട്ടിയിലധികം തുകയ്ക്കാണ് ഫലകം വിറ്റുപോയതെന്ന് ലേല സ്ഥാപനമായ സോത്തെബി വ്യക്തമാക്കി.

എ.ഡി 300-800ന് ഇടയിൽ റോമൻ ബൈസന്റൈൻ കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ട ഈ ശിലാഫലകം റെയിൽപാതയുടെ നിർമ്മാണത്തിനിടെ 1913ൽ ഇസ്രയേലിൽ നിന്നുമാണ് കണ്ടെത്തിയത്. പാലിയോ ഹീബ്രു ഭാഷയിലാണ് ഫലകത്തിൽ ദൈവകൽപ്പനകൾ ആലേഖനം ചെയ്തിരിക്കുന്നത്. പുരാതന സിനഗോഗുകളുടെയും, ദേവാലയങ്ങളുടെയും പേരിൽ പ്രസിദ്ധമാണ് ഈ ശിലാഫലകം കണ്ടെത്തിയ സ്ഥലം.

ഫലകം പുരാവസ്തുവിന്റെ സമാനതകളില്ലാത്ത പ്രാധാന്യത്തെ പ്രതിഫലിപ്പിക്കുകയാണെന്നും അതിനാലാണ് ഇത്രയും തുക ലഭിച്ചതെന്നും സോത്തെബിയുടെ പുസ്തകങ്ങളുടെയും കൈയെഴുത്തു പ്രതികളുടെയും തലവനായ റിച്ചാർഡ് ഓസ്റ്റിൻ പ്രസ്താവിച്ചു. 400നും 600നും ഇടയിൽ റോമൻ അധിനിവേശക്കാലത്തോ, പതിനൊന്നാം നൂറ്റാണ്ടിൽ കുരിശുയുദ്ധക്കാലത്തോ ഈ സ്ഥലം മൺമറഞ്ഞുപോയിരിക്കാം എന്നാണ് അനുമാനം. ക്രിസ്ത്യൻ യഹൂദ പാരമ്പര്യങ്ങൾക്ക് സമാനമായ രീതിയിൽ 20 വരികളിലായിട്ടാണ് ഇതിൽ കൽപ്പനകൾ ആലേഖനം ചെയ്തിരിക്കുന്നത്.

# വിജയത്തിന്റെ കുതിപ്പിൽ അമേരിക്ക

**വാഷിംഗ്ടൺ :** അമേരിക്കയുടെ 47-ാമതു പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് അധികാരത്തിലെത്തുമ്പോൾ അത് അമേരിക്കയ്ക്ക് പുതുയുഗപ്പിറവിയാകുന്നു. ജനുവരി 20ന് ഡോ. മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ ഡേ ആയ ദേശീയ സേവന ദിനത്തിലാണ് സത്യപ്രതിജ്ഞ.

സത്യപ്രതിജ്ഞയ്ക്കു ശേഷം സൈനിക ബാൻഡുകളുടെയും പൗരസംഘടനകളുടെയും പരേഡ് പെൻസിൽവാനിയ അവന്യൂവിൽ നടക്കും. ട്രംപിന്റെ നിലപാടുകളുടെ പ്രഖ്യാപനത്തിൽ ഏറെ പ്രതീക്ഷ അർപ്പിക്കുകയാണ് അമേരിക്കൻ ജനത.



ട്രംപ് തന്റെ വിശ്വാസനിലപാട് പ്രഖ്യാപിച്ചതാണ് ഏറെ ശ്രദ്ധേയം. അമേരിക്കൻ ജനതയെ ഞെട്ടിച്ചുകൊണ്ട് തന്റെ മാതൃസഭയായ പ്രസ്ബിറ്റേറിയൻ സഭയുടെ അംഗത്വം ഉപേക്ഷിക്കുന്നതായി ട്രംപ് പ്രഖ്യാപിച്ചു. ട്രംപിന്റെ മതവിശ്വാസത്തിൽ അനിശ്ചിതത്വം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ താൻ ഒരു 'നോൺ-ഡിനോമിനേഷണൽ ക്രിസ്ത്യൻ' ആണെന്ന് ട്രംപ് വെളിപ്പെടുത്തി.

കോവിഡ് കാലത്ത് നിരവധി വെർച്വൽ സഭാ സർവ്വീസുകളിൽ പങ്കെടുത്ത ട്രംപ് ദൈവവചനത്തിനും പ്രാർത്ഥനയ്ക്കും വളരെ പ്രാധാന്യം കൊടുത്തു. പരമ്പരാഗത പ്രൊട്ടസ്റ്റന്റ് സഭകളുടെ തകർച്ചയോടെ പുതുതലമുറ സഭകളുടെ വളർച്ചയാണ് അമേരിക്കയിൽ സംഭവിക്കുന്നത്. പ്രസ്ബിറ്റേറിയൻ സഭയുടെ ദൈവശസ്ത്രനിലപാടുകളും ട്രംപിനെ സഭ വിടുവാൻ പ്രേരിപ്പിച്ചു. ഇവാഞ്ചലിക്കൽ, പെന്തെക്കോസ്തു സഭാ വിഭാഗങ്ങളുമായി അടുത്തിടപെടുന്ന ട്രംപിന്റെ ആത്മിക ഉപദേഷ്ടാവായ പാസ്റ്റർ പൗള വൈറ്റിന്റെയും ഫ്രാങ്ക്ളിൻ ഗ്രഹാമിനെപ്പോലുള്ള ഇവാഞ്ചലിക്കൽ നേതാക്കളുടെയും സ്വാധീനം ട്രംപിന്റെ തീരുമാനത്തിനു പിന്നിലുണ്ട്. ട്രംപിന്റെ ദൈവവചനാടിസ്ഥാനമുള്ള വിശ്വാസ ബോധ്യങ്ങൾ അമേരിക്കയുടെ ധാർമികതയെ പുതുക്കിപ്പണിയുമെന്നാണ് പ്രതീക്ഷ.

യു.എസിൽ ട്രാൻസ് ജെൻഡർ ഭ്രാന്ത് അവസാനിപ്പിക്കുമെന്ന് നിയുക്ത പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നിലപാടെടുത്തു. ആണും പെണ്ണും എന്ന രണ്ട് ജെൻഡറുകൾ മാത്രമെ ഇനി യുഎസിൽ ഉണ്ടാവുകയുള്ളുവെന്നും ഫിനിക്സിൽ നടന്ന പരിപാടിക്കിടെ യുവാക്കളെ അഭിസംബോധന ചെയ്ത് ട്രംപ് വ്യക്തമാക്കി.

ട്രാൻസ് ജെൻഡറുകളെ സൈന്യം, സ്കൂൾ എന്നിവിടങ്ങളിൽ നിന്ന് പുറത്താക്കാനുമുള്ള ഉത്തരവുകളിൽ ഒപ്പിടുമെന്നും ട്രംപ് പറഞ്ഞു. അമേരിക്കയിൽ ഇനി ആണും പെണ്ണുമെന്ന രണ്ട് ജെൻഡറുകൾ മാത്രമേയുണ്ടാവുകയുള്ളു. സ്ത്രീകളുടെ കായിക ഇനങ്ങളിൽ നിന്ന് പുരുഷന്മാരെ പുറത്താക്കുമെന്നും ട്രംപ് കൂട്ടിച്ചേർത്തു. അതു പോലെ കുട്ടികളെ ലൈംഗികമായി ആക്രമിക്കുന്നത് അവസാനിപ്പിക്കാനുള്ള ഉത്തരവിൽ ഒപ്പിടുമെന്നും ട്രംപ് പറഞ്ഞു. ഡമോക്രാറ്റ്, റിപ്പബ്ലിക്കൻ പാർട്ടികൾ ട്രാൻസ്ജെൻഡർ രാഷ്ട്രീയത്തിൽ വൈരുദ്ധ്യാത്മക നിലപാടുകളാണ് സ്വീകരിക്കുന്നത്, അതിനാൽ തന്നെ ട്രംപ് നിലപാട് യുഎസ് രാഷ്ട്രീയത്തിൽ വലിയ ചർച്ചാ വിഷയമായിരിക്കുകയാണ്.

രണ്ടാം ട്രംപ് സർക്കാരിന്റെ പദ്ധതികളും ലക്ഷ്യങ്ങളും ട്രംപ് വിശദീകരിച്ചു. കുടിയേറ്റ കുറ്റകൃത്യങ്ങൾ നേരിടുമെന്നും മയക്കുമരുന്ന് സംഘത്തെ തീവ്രവാദ സംഘടനകളായി പ്രഖ്യാപിക്കുമെന്നും ട്രംപ് പറഞ്ഞു. ഉക്രെയ്നിലെ യുദ്ധം അവസാനിപ്പിക്കുമെന്നും മിഡിൽ ഈസ്റ്റിലെ അരാജകത്വം അവസാനിപ്പിക്കുമെന്നും മൂന്നാം ലോക മഹായുദ്ധം തടയുമെന്നും അദ്ദേഹം പറഞ്ഞു. അമേരിക്കൻ മണ്ണിൽ പ്രവർത്തിക്കുന്ന ഈ ക്രിമിനൽ ശൃംഖല തകർക്കുകയും നാടുകടത്തുകയും നശിപ്പിക്കുകയും ചെയ്യുമെന്നും ട്രംപ് പറഞ്ഞു. ട്രംപിന്റെ തിരിച്ചുവരവോടെ അമേരിക്കയുടെ സാമൂഹികവും ആത്മികവും സാമ്പത്തികവുമായ രംഗങ്ങളിൽ സമൂലമാറ്റം ഉണ്ടാകും എന്നാണ് രാജ്യത്തിന്റെ പ്രതീക്ഷ.


